Licence No. 331 dated 15th October 1935.

# THE UNION CHRISTIAN COLLEGE MAGAZINE

ALWAYE

MARCH 1955

## CONTENTS


| | | Page |
|---|---|---|
| 1. | Editorial ... ... ... | i |
| 2. | Gerard Manley Hopkins : A Poet in Modern Idiom – J. S. | 1 |
| 3. | The Beacon Light—Saramma Luke, M. A. ... ... | 14 |
| 4. | The Land Problem—K. R. K. Moorthy, Class II, Group I | 15 |
| 5. | Probability—Thankamma Matthew, M. A. ... | 18 |
| 6. | Heredity and Environment—O. M. Mathen, M. SC. ... | 21 |
| 7. | Mother Earth – A. C. John, IV B. SC. (Physics) ... | 25 |
| 8. | The Birthday Present—K. Jacob, M. A. ... ... | 30 |
| 9. | Useless Information about Science and Scientists ... | 34 |
| 10. | Professor Aravamuda Ayyanger—A. Tribute—Dr. K. C. Joseph | 38 |
| 11. | Professor Aravamuda Ayyangar—A. Tribute —V. M. Ittyerah, M. A., B. Litt. (Oxon) | 39 |
| 12. | Professor Aravamuda Ayyangar bids Farewell to the College | 41 |
| 13. | Man—Victor or Vanquished ?—C. M. Kuruvilla, M. A., B. L. | 43 |
| 14. | College Societies ... ... | 47 |
| 15. | College Notes ... ... ... | 51 |

---

| | | |
|---|---|---|
| 1. | [illegible], ക്ലാസ്സ് ii, ഗ്രൂപ്പ് iii | 1 |
| 2. | [illegible], ക്ലാസ്സ് iv ... | 1 |
| 3. | [illegible], ക്ലാസ്സ് ii ... | 6 |
| 4. | [illegible], ക്ലാസ്സ് i, ഗ്രൂപ്പ് i | 8 |
| 5. | [illegible], ക്ലാസ്സ് ii ... | 10 |
| 6. | [illegible], ക്ലാസ്സ് iii ... | 13 |
| 7. | [illegible], ക്ലാസ്സ് ii, ഗ്രൂപ്പ് ii ... | 13 |
| 8. | [illegible], ക്ലാസ്സ് i, ഗ്രൂപ്പ് iii | 17 |
| 9. | [illegible], ക്ലാസ്സ് ii, ഗ്രൂപ്പ് i | 18 |
| 10. | [illegible] | 21 |
| 11. | [illegible] | 22 |
| 12. | [illegible], ക്ലാസ്സ് iv ... ... | 23 |
| 13. | [illegible] ... | 28 |
| 14. | [illegible], ക്ലാസ്സ് ii, ഗ്രൂപ്പ് ii ... ... | 31 |
| 15. | [illegible], ക്ലാസ്സ് i, ഗ്രൂപ്പ് i | 31 |
| 16. | [illegible] ... | 34 |
| 17. | [illegible], ക്ലാസ്സ് iv ... ... ... | 39 |

---

| | | | |
|---|---|---|---|
| 1. | शादी के बाद | Viswanath. | 1 |
| 2. | इंटरव्यू | M. A. Philip, III U. C. | 4 |
| 3. | सच्चा प्रेम | R. Rajappan Unni, Class III, B. SC. | 6 |
| 4. | भारत का कर्तव्य | K. E. Chandy, Class III, Eco. | 7 |
| 5. | सभ्य कौन है ? | M. A. Philip, Class III, Physics. | 8 |

OUR RETIRING EDITOR



Professor Aravamuda Ayyangar.

# EDITORIAL

**Our Educational Structure.**

The reconstruction of our educational structure is one of the major tasks of renascent India. Though no finality has yet been reached, it may be taken as practically settled that the new set up will comprehend seven or eight years of basic education, four years of secondary education and a three year degree course. The Academic Council and the Senate of the Madras University at their meetings in October 1954 adopted the following proposals :—

(1) That the first Degree Course in the Faculties of Arts, Science, Oriental Learning and Commerce be of three years' duration.

(2) That those who have completed the Higher Secondary Course and reach the standard fit for University studies be eligible to join the first year of the three year Degree Course.

(3) That as a transitional measure those who have qualified for admission to University Courses of Study under the present School Leaving Certificate system be required to attend a Pre-University Course of one year before joining the three year Degree Course.

(4) That the Honours Course be of four years' duration subsequent to the Pre-University Course.

(5) That candidates who wish to join the professional courses in the Faculties of Medicine, Engineering, Veterinary Science, Agriculture, etc. be required to undergo a pre-professional course of one year subsequent to the Pre-University Course.

(6) That this pre-professional course should be such as would lead in an integrated manner to the professional studies required for the particular branch.

It may be presumed that the above scheme of reorganization will be adopted by all Universities, as it derives its inspiration from the Government of India and its initiative from the Inter-Universities Board. There is no doubt much to be said in favour of a three year degree course. As the Secondary Education Commission observe in their Report, "At present, both in the Junior Intermediate Class and in the Junior B. A. Class, much time is lost in trying to adjust and re-orient the students to the new institution and the new courses taken by them as well as to the change in the methods of study. The abolition of a separate Intermediate stage and of

the Intermediate examination and the institution of a three year degree course would undoubtedly lead to a considerable saving of time and a better planning of educational programmes and activities during the three year degree period. The Intermediate examination is also a handicap because it breaks up the continuity of the College Course and makes a proper planning for the Degree Course difficult." The abolition of the Intermediate is, however, fraught with serious potentialities. The Intermediate is a milch cow, and few colleges can survive its exit. But finance is not the only stumbling block. The Intermediate may be neither fish nor flesh but it has served more or less efficiently as a preparation for the University. An additional year in the High School can never adequately fulfil this purpose unless there is a miraculous transformation in our High Schools in regard to personnel and equipment. We are afraid that unless the Pre-University class is allowed to be run permanently under the auspices of colleges the material entering the university will be of poor quality. But such an arrangement would militate against the objective of making secondary education complete in itself and sufficient for employment. So whereas in the past the University dominated the school, the whirligig of time has brought in its revenges, and the interests of University education are evidently going to be subordinated to those of Secondary education.

**Examinations.**

It is gratifying to note that our Universities are becoming alive to the need for a complete overhaul of our present examination system, recognized as one of the worst features of our educational organization. "An unsound examination system," says the Radhakrishnan Commission Report, "continues to dominate instruction to the detriment of a quickly expanding system of education. In our visits to the universities we heard from teachers and students alike the endless tale of how examinations have become the aim and end of education, how all instruction is subordinated to them, how they kill all initiative in the teacher and the student, how capricious, invalid, unreliable and inadequate they are, and how they tend to corrupt the moral standards of University life.....We are convinced that if we are to suggest one single reform in University education it should be that of the examinations." It is generally agreed that the tyranny of a single examination with all its caprices and vagaries should go and in declaring a student a pass or a failure due account must be taken not merely of his performance at the final examination but of his general record. At a symposium in Hyderabad on the subject it was pointed out that the present system should be gradually replaced by a system which brought out "the integrated personality of the student." The Vice-Chancellor Dr. Bhagavantam stated that a major defect in the present system was that it put a premium on crammed work, it encouraged reliance on guide books, and it was merely a test of the ability of a student to retain a certain amount of knowledge for a specific period. One of the



suggestions put forward was that the practice of assigning marks should be given up and candidates should be classified under broad grades. Another was the effective implementation of the tutorial system. The main criterion, according to one of the speakers, was not that the student should be able to disgorge memorised information but that he should be able to deliver the goods when he entered life.

**Living conditions of Students.**

A sample survey of the living conditions of undergraduates in Calcutta undertaken by a team of experts has revealed appalling conditions. It has brought to light that out of a student population of 43,000 as many as 18,500 are undernourished, 14,600 reach a level of nutrition which is moderate, and only 9,900 achieve a satisfactory level. 13,000 students came from families where the *per capita* income is less than Rs. 30 per month, and 14,000 from families where the income ranged from Rs. 30 to Rs. 50 a month. The former class live below the subsistence level and the latter on the margin. Only 43 per cent of the students were able to buy books; the majority of the others borrowed, but even this was beyond the reach of 12 per cent. It is no wonder that 12,900 students expressed their willingness to give up their studies in favour of jobs. The Vice-Chancellor has demanded a conference of representatives of Government and the University to draw up a plan to mitigate these conditions. In his view, West Bengal immediately needs eight new colleges, and he urges that Government should contribute Rs. 100 per student to a college which agrees to reduce its admission and improve teaching arrangements in accordance with the plan to be approved by Government and the University.

# OUR PRIME MINISTER



By M. P. Joseph
(Class II, Group II)

## സ്വാഗതം

ബി. ഗോപാലകൃഷ്ണൻ നായർ,
ക്ലാസ്സ് ii, ഗ്രൂപ്പ് iii,
(മൈനാകത്തിൻ......രീതി)

ആഗതമായീപ്പൊന്നുഷസ്സിനു
സ്വാഗതം നമ്മളോതുക.
ശോകകലുഷതിമിരപൂരിത-
ഭീകരയായ യാമിനി.
പോകുവാൻ വെമ്പി നില്പൂ ; പുതുകാന്തി-
ക്രീഡിക്കുന്ന മനോജ്ഞമായ്.
പാദപങ്ങളിൽ പക്ഷികൾ പാട്ടു-
പാടീടുന്നത്ര കൗതുകം.

വാടിയിൽ സുമരാജിവണ്ടിനെ-
മാടിമാടി വിളിക്കുന്നു.
എത്തുമിപ്പോൾ കിഴക്കൻമാമല-
മസ്തകത്തിൽ പകലവൻ.
നിദ്രവിട്ടെഴുന്നേല്പിൻ വേഗ-
മുദസംനിറഞ്ഞവരേവരും ;
ആഗതമായിപ്പൊന്നുഷസ്സിനു-
സ്വാഗതം നല്കിടേണ്ടയോ!

---

## ഷേക്സ്പിയർ നാടകങ്ങളിലൂടെ

— എം. ഫ്രാൻസിസ്, —

*(Class iv, Philosophy)*

ഭാരതീയസാഹിത്യത്തിൽ കാളിദാസനുള്ള സ്ഥാനമോ അതിലുപരിയോ ആണ് ഇംഗ്ലീഷുസാഹിത്യത്തിൽ ഷേക്സ്പിയറിനുള്ളത്. ലോകം ഇന്നുവരെ കണ്ടിട്ടുള്ളതിൽ വെച്ചു ഏറ്റവും പ്രഗത്ഭനായ നാടകകൃത്താണ് അദ്ദേഹം. അദ്ദേഹത്തിന്റെ നാടകങ്ങളോളം പ്രസിദ്ധി ആർജിച്ച കൃതികൾ വിശ്വസാഹിത്യം മുഴുവൻ തിരഞ്ഞാലും വിരളമായേ കണ്ടെത്തുകയുള്ളൂ. അദ്ദേഹത്തിന്റെ ഏതെങ്കിലും ഒരു നാടകം വായിക്കാനെടുത്താൽ നാം അറിയാതെതന്നെ അതിൽ ആണ്ടു മുഴുകിപ്പോകും. അത്രമാത്രം ആകർഷണശക്തിയാണ് അവ ഉൾക്കൊള്ളുന്നത്. ആ നാടകാന്തരീക്ഷത്തിലേക്ക് നാം ചിലപ്പോൾ മെല്ലെ മെല്ലെ ആയിരിക്കും വഴുതിവീഴുന്നത്. പലപ്പോഴും വായന തുടങ്ങുമ്പോഴേക്കും നാം അറിയാതെ അതിൽ മുഴുകിക്കഴിയും. ഏതായാലും ഒരു കാര്യം പരമാർത്ഥമാണ്, വായന തുടങ്ങിയാൽ അതു തീർക്കാതെ നമുക്കു പുസ്തകം അടച്ചുവെയ്ക്കാൻ തോന്നുകയില്ല. വായനക്കാരനെയും എഴുത്തുകാരനുള്ള ഒരാളും ഉണ്ടല്ലോ, അതാണ് ഷേക്സ്പിയർ നാടകങ്ങൾ ചെയ്യുന്നത്. അദ്ദേഹം നമ്മെ ഓരോ അത്ഭുതലോകത്തിലായിരിക്കും ഓരോ നാടകത്തിലും കൊണ്ടെനിറുത്തുക. നാം ആ അത്ഭുതലോകത്തിലെത്തുന്നതുവരെ നമുക്കതിനെപ്പറ്റി യാതൊരു ഊഹവും ഉണ്ടായിരിക്കയില്ല. എന്നിട്ട് അതിലെ വിശേഷതകൾ ഓരോന്നും വ്യക്തമായി നമ്മെ കാട്ടിത്തരുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. അവയെല്ലാം യഥാർത്ഥമായി നമുക്ക് അനുഭവപ്പെടുകയില്ലെങ്കിലും ആ അവസരത്തിൽ അതേപ്പറ്റി മിണ്ടാൻപോലും നാം ധൈര്യപ്പെടുകയില്ല. അത്രമാത്രം യഥാർത്ഥ്യപ്രതീതിയോടെയായിരിക്കും അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും ഒരു പ്രത്യക്ഷത്തിൽ അദ്ദേഹം മറ നീക്കിക്കാണിക്കുന്ന സത്യം ആ അവസരത്തിലേ ഏറ്റവും പൂർണ്ണവും

കഥാതന്തുവിനെ കൈകാര്യം ചെയ്തിരിക്കുന്നത്. ഇങ്ങനെ ചരിത്രവസ്തുതകളെ ഉപജീവിച്ച് അദ്ദേഹം എഴുതിയ നാടകങ്ങളിൽ ഒരു വൈവിദ്ധ്യം കാണാനുണ്ട്. ചില ചരിത്ര നാടകങ്ങൾ ട്രാജഡികളും ചിലത് കോമഡികളും ആണ്. പലതിലും ട്രാജഡിയുടേയും കോമഡിയുടേയും സങ്കലിത ഭാവം പ്രകടമാണ്. അതിനാൽ അവ ഏതിനത്തിൽ പെടുന്നു എന്ന വ്യക്തമായി പറയുക എളുപ്പമല്ല. ഒരു തികഞ്ഞ കോമഡിയായ Love's Labours Lost, ഒരു റൊമാന്റിക് കോമഡിയായ The Two Gentlemen of Verona, The Comedy of Errors, Taming of the Shrew മുതലായവ എഴുതിക്കിട്ടിയ അനുഭവപാഠത്തിൽ നിന്നും ഉയിർക്കൊണ്ട ഒരൊന്നാന്തരം കോമഡിയാണ് A Midsummer Night's Dream. ഷേക്സ്പിയറുടെ ഏറ്റവും മികച്ച കോമഡി അതുതന്നെയെന്നും അഭിപ്രായമുണ്ട്. അതിലെ റൊമാന്റിക് ഉള്ളടക്കവും കെട്ടുകഥാസ്വഭാവവും എല്ലാംകൂടി വിശ്വസാഹിത്യത്തിലെ ഏറ്റവും മികച്ച കോമിക് നാടകങ്ങളിൽ ഒന്നായി അതിനെ ഉയർത്തുന്നുവെന്ന നിസ്സംശയം പറയാവുന്നതാണ്. അതുപോലെ മറ്റൊന്ന് അദ്ദേഹം എഴുതിയിട്ടില്ല. കാരണം അതുപോലെ മറ്റൊന്ന് സാദ്ധ്യമല്ല. അതിൽ, അതിന്റെ പൂർണ്ണതയിൽ തന്നെ അദ്ദേഹം എത്തിയിട്ടുണ്ട്. ആ നാടകത്തോടൊപ്പം റൊമാന്റിക് കോമഡിയെപ്പറ്റി കൂടുതൽ വിപുലമായ സങ്കല്പങ്ങൾ അദ്ദേഹത്തിനുണ്ടായതിന്റെ ഫലമാണ് Much Ado About Nothing, As you like it, Twelfth Night എന്നീ പ്രഖ്യാത നാടകങ്ങൾ. അവയിൽ ചില പുതിയ നാടക സംവിധാന രീതികൾ അവതരിപ്പിച്ചു എന്നതിൽ മാത്രമല്ല നല്ല മിഴിവുള്ള ചില കഥാപാത്രങ്ങളെ നമുക്കു നൽകി എന്നതിലാണ് ഷേക്സ്പിയർ നമ്മുടെ ആദരവു തട്ടിയെടുക്കുന്നത്. കരുണരസം അവിടവിടെ മെല്ലെ തലപൊക്കുന്ന As you like it നമ്മെ ഏറെ ആകർഷിക്കുവാൻ പോന്നതാണ്. ബെനഡിക്കിന്റെയും ബിയാട്രീസിന്റെയും നർമ്മോക്തികളില്ലായിരുന്നെങ്കിൽ Much Ado About Nothing കുറെ ഏറെ കാലുഷ്യഗൗരവമിയലുന്ന നാടകം എന്ന നിലയിൽ തരം താഴുമായിരുന്നു. റൊമാന്റിക് കോമഡിയുടെ സദ്ഗുണങ്ങളും തികഞ്ഞ ഒരൊന്നാംതരം നാടകമാണ് Twelfth Night. അതിന്റെ ഭംഗി പറഞ്ഞറിയിക്കുവാൻ പ്രയാസം. ആ ഭാവതാരള്യത്തിന്റെയും പൊട്ടിച്ചിരിയുടേയും ഇടയിൽ ഉയർന്നു നിൽക്കുന്ന മാൽവോളിയോ എന്ന ആ കഥാപാത്രത്തെ ഷേക്സ്പിയറുടെ പ്രതിഭയ്ക്കല്ലാതെ മറ്റാർക്കും സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. The Merchant of Venice ന്റെ ആകർഷകത്വം—അതൊന്ന വേറെ തന്നെയാണ്. All's Well That Ends Well; Measure for Measure, എന്നീ റൊമാന്റിക് കോമഡികൾ ഷേക്സ്പിയറുടെ പ്രസിദ്ധിപെറ്റ മറ്റു രണ്ടു നാടകങ്ങളാണ്. The Winter's Tale-ലെ നാട്ടിൻപുറരംഗങ്ങൾ അതീവ ഹൃദയഹാരിയാണ്. എല്ലാംകൊണ്ടും പുതുമ തുളുമ്പുന്ന ഒരു നാടകമാണ് 'The Tempest'. അതിലെ പ്രോസ്പെറോയുടെ അത്ഭുതശക്തികളും മന്ത്രവാദങ്ങളും നമ്മെ അത്ഭുതപ്പെടുത്തുമ്പോൾ മിറാണ്ടയുടെയും ഫെർഡിനാൻഡിന്റെയും പരസ്പരപ്രണയം അനവദ്യസുന്ദരം ചമയ്ക്കുന്ന ഒരത്ഭുതലോകത്തിലേയ്ക്കു നമ്മെ ഉയർത്തിക്കൊണ്ടു പോകും. 'മന്മഥ കഥാഗന്ധം ഗ്രഹിക്കാത്ത ബാല'യ ശകുന്തളയ്ക്കു പ്രഥമ വീക്ഷണത്തിൽ ദുഷ്യന്തനിൽ ഉണ്ടാകുന്ന അനുരാഗത്തെ എത്രമാത്രം ഹൃദ്യതയോടെയാണോ കാളിദാസൻ ചിത്രീകരിച്ചിരിക്കുന്നത്, അതിനേക്കാൾ എത്രയോ മടങ്ങു ആസ്വാദ്യമായാണ് അന്നോളം തന്റെ അച്ഛനെയല്ലാതെ മറ്റൊരു പുരുഷനേയും കണ്ടിട്ടില്ലായിരുന്ന 'പ്രകൃതിയുടെ പൈതലായ' മിറാണ്ടയ്ക്കു ഫെർഡിനാണ്ടിൽ ഉണ്ടായ സ്നേഹവികാരത്തെ ഷേക്സ്പിയർ ചിത്രീകരിച്ചിരിക്കുന്നത്. അവിടെ കാളിദാസൻ ഷേക്സ്പിയറുടെ അടുത്തെങ്ങും എത്തുന്നില്ലെന്ന വേണം പറയുവാൻ.

ചരിത്രനാടകങ്ങളായ Richard II, III എന്നിവയിൽ കണ്ട ഷേക്സ്പിയറുടെ ട്രാജഡി എഴുതുന്നതിലുള്ള വൈഭവം വിജയമകുടം ചൂടിയതു അദ്ദേഹം തന്റെ അന്ത്യകാലത്തോടടുപ്പിച്ചെഴുതിയ Hamlet, Othello, Macbeth, King Lear, Antony and Cleopatra എന്നീ അഞ്ചു



ഉച്ചപ്രശസ്തമായ ദുരന്ത നാടകങ്ങളിലാണ്. അദ്ദേഹത്തിന്റെ ഈ മികച്ച ദുരന്തനാടകങ്ങൾക്കെല്ലാം പൊതുവായി ചില പ്രത്യേകസ്വഭാവങ്ങളുണ്ട്. എല്ലാ നാടകങ്ങളിലും തന്നെ അല്പസ്വല്പം വൈകല്യങ്ങൾ ഉള്ള പുണ്യാത്മാക്കളെയാണദ്ദേഹമവതരിപ്പിക്കുന്നത്. അവരെപ്പോഴും തന്നെ ശരിക്കല്ലെങ്കിൽ മറ്റാരിലൂടെ അപകടങ്ങളിൽ വന്നുവീഴുന്നുണ്ട്. അവരുടെ പ്രവൃത്തികൾ അവരുടെ തന്നെ ഭാഗധേയം കുറിക്കുന്നു. എന്നതിനപ്പുറം ഒരു രാജ്യത്തിന്റെ തന്നെ ഗതിയെ മാറ്റി മറിക്കുന്നു. പ്രധാന കഥാതന്തുവിനെ ഈ നിലയിൽ നിറുത്തിയിട്ട്, കലാസ്വാദനത്തിൽ ഏതു പടിയിൽ നിൽക്കുന്നവനും രസിക്കുവാൻ പറ്റിയവിധത്തിലാണ് അതിനെ വൈവിദ്ധ്യപൂർണ്ണമായ വിവിധ സംഭവങ്ങളിലൂടെ അദ്ദേഹം വികസിപ്പിച്ചെടുക്കുന്നത്. മെലോഡ്രാമ ഇഷ്ടപ്പെടുന്നവർക്കു ഹാംലെറ്റിലെ കൊലപാതകവും, ആത്മഹത്യയും, ഭൂതവും മറ്റും കൂടിച്ചേർന്ന കഥാതന്തു നന്നേ രസിക്കും. എന്നാൽ മറ്റുള്ളവരെ തികച്ചും ആകർഷിക്കുവാൻ പോന്നവയാണ് അതിലെ സ്വഭാവ ചിത്രണങ്ങൾ. സദാസമയവും വിഷാദമൂകനായി ആത്മാവിലേയ്ക്കു തലയും തിരുകി നടക്കുന്ന, തികച്ചും ബുദ്ധിമാനായ ആ ഡെന്മാർക്കിലെ രാജകുമാരന്റെ സ്വഭാവ ചിത്രണത്തിലൂടെ മനുഷ്യമനസ്സിന്റെ ചിന്താപരതയും കർമ്മ സ്വഭാവവും ഉൾക്കൊള്ളുന്ന വൈരുദ്ധ്യഭാവത്തെ എത്ര വ്യക്തമായാണ് ഷേക്സ്പിയർ നമുക്കു കാണിച്ചുതരുന്നത്! ഹാംലെറ്റിനെ ആദ്യമായിട്ടും അവസാനമായിട്ടും അതിന്റെ എല്ലാ പൂർണ്ണതയോടെയും അദ്ദേഹം ചിത്രപ്പെടുത്തിക്കഴിഞ്ഞു. അനുകരണം പരാജയത്തിലവസാനിക്കുന്ന ഒരു പാത്ര സൃഷ്ടിയാണത്. ഷേക്സ്പിയർക്കല്ലാതെ അങ്ങനെ ഒന്ന് സൃഷ്ടിക്കുവാനും സാദ്ധ്യമല്ല. ഹാംലെറ്റിനെപ്പോലെ തന്നെ ഇയാഗോ ഒന്ന മാത്രമേ ഉണ്ടായിട്ടുള്ളൂ. അതു ഷേക്സ്പിയറുടെ 'ഒഥല്ലോ'യിലാണ്. ഒഥല്ലോ ഒന്നു വായിച്ചിട്ടുള്ളവർക്ക് എന്നെന്നും ഒരു പേടിസ്വപ്നമായിരിക്കും ഇയാഗോ. എല്ലാ ഹീനകൃത്യങ്ങളുടേയും മൂർത്തീകരിച്ച രൂപമായ ലേഡി മാക്ബത്തിനെ, "മാക്ബത്ത്" ഒന്നു വായിച്ചിട്ടുള്ളവർ എളുപ്പം മറക്കുവാൻ സാദ്ധ്യമല്ല. എങ്കിലും ഹാംലെറ്റിനോളം മികച്ച ഒരു ട്രാജഡിയല്ല 'മാക്ബത്ത്' എന്നു സമ്മതിക്കണം. ദുരന്തനാടകങ്ങളിലെ ഇതിഹാസം എന്നു പലരും അഭിപ്രായപ്പെടുന്ന 'കിംഗ് ലിയർ' ഹാംലെറ്റിനോടൊപ്പം പ്രസിദ്ധിയാർജ്ജിച്ച മറ്റൊരു നാടകമാണ്. നാടകം അഭിനയിച്ചു കാണുന്നതിനേക്കാൾ തീർച്ചയായും ഏറെ ഹൃദയഹാരിയായിരിക്കും അതൊന്നു വായിക്കുക. ഈ ദുരന്ത നാടകങ്ങളിൽനിന്നും ഒറ്റപ്പെട്ടു നില്ക്കുന്ന ഒന്നാണ് 'Antony and Cleopatra'. സ്ത്രീപുരുഷ പ്രണയത്തിനും ഈ നാടകത്തിലല്ലാതെ മറ്റൊന്നിലും അത്രയും സ്ഥാനവും പ്രാധാന്യവും ഷേക്സ്പിയർ നൽകിയിട്ടില്ല. Romeo and Juliet ഒരൊന്നാന്തരം റൊമാന്റിക് ട്രാജഡിയാണ്. റോമാ ചരിത്രവും ബ്രൂട്ടസിന്റെ സ്വഭാവ ചിത്രണവും ഇത്ര പ്രാധാന്യത്തോടെ വെട്ടിത്തിളങ്ങുന്ന ഒരൊന്നാന്തരം നാടകമാണ് "Julius Caesar"

ഇത്രമാത്രം വിഖ്യാതങ്ങളായ നാടകങ്ങൾ എഴുതിയെങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലത്തു അവ പ്രസിദ്ധീകരിക്കുവാൻ അധികാരികൾ അനുവദിച്ചിരുന്നില്ലെന്നറിയുമ്പോൾ അത്ഭുതം തോന്നുന്നില്ലേ? അദ്ദേഹം മരിച്ചു ഏഴു വർഷം കഴിഞ്ഞു 1623-ലാണ് അദ്ദേഹത്തിന്റെ രണ്ടു സുഹൃത്തുക്കൾ ആ നാടകങ്ങളെല്ലാം ചേർത്ത് പ്രസിദ്ധീകരിച്ചത്. 1564-ലാണ് അദ്ദേഹത്തിന്റെ ജനനം. അതിനുശേഷം ഏതാണ്ട് നാലു നൂറ്റാണ്ടുകൾ തന്നെ കഴിഞ്ഞിട്ടും മറ്റൊരു ഷേക്സ്പിയറെ ലോകം കണ്ടിട്ടില്ല. അല്ലെങ്കിൽ, ഒന്നാംകിട കലാകാരന്മാർ ജനിക്കുകയല്ലാതെ സൃഷ്ടിക്കപ്പെടാറില്ലല്ലോ!

# അടന്ന് വീണ ഒരു പൂവ്

ചെറുകഥ

(സി. ജി. സൌദാമിനി,
ക്ലാസ്സ് ii, ഗ്രൂപ്പ് ii)

അന്നു പതിവിലും വൈകിയാണ് ഞാൻ വീട്ടിൽനിന്നും ഇറങ്ങിയതു്. വൈകിയതിനു പ്രത്യേക കാരണമൊന്നുമില്ലായിരുന്നു. 'കൂട്ടുകാരെല്ലാം സ്കൂളിലെത്തിക്കാണുമായിരിക്കും,' ഞാൻ വിചാരിച്ചു. ഞാൻ വേഗം നടന്നു; അല്ല ഓടി.

"ഈ പൂ പിച്ചു്തരാമോ?" ഒരു കൊച്ചു ശബ്ദം. ഞാനാ ഭാഗത്തേക്കു നോക്കി. അതാ! ഭംഗിയുള്ള ഒരു പൂ ആ കൊച്ചു കുടിലിന്റെ നിസ്സഹായതയെ പരിഹസിച്ചുകൊണ്ടു നില്ക്കുന്നു; ഉയർത്തിയ കൈകളുമായി ഒരോമനക്കുട്ടൻ പൂവട്ടിലും. നേരം വൈകി. ഞാനെന്തു ചെയ്യേണ്ടു! ഒരു പിഞ്ചു പൈതലിന്റെ അപേക്ഷയെ അങ്ങനെ തള്ളിക്കളയുമോ? ഞാൻ കൈ ഉയർത്തിനോക്കി. എനിക്കെത്തിയില്ല. തലയാട്ടി ആ പൂവെന്നെ പരിഹസിച്ചു. ഞാൻ കുട കൊണ്ടു പിടിക്കാമോ എന്നു നോക്കി. കഷ്ടം! ആ ലേഡീസ് അംബ്രല്ലാ—അബലയുടെ നിസ്സഹായതയുടെ പ്രത്യക്ഷചിഹ്നം—അതുകൊണ്ടെങ്ങിനെ പൂ പറിക്കും. എന്റെ ബലഹീനതയിൽ എനിക്കുതന്നെ ലജ്ജതോന്നി. അതോടുകൂടി ആ പൂ പറിച്ചേ അടങ്ങൂ എന്നൊരു വാശിയും. ആ വേലിയിൽനിന്നും നീളമുള്ള ഒരു മുള്ളെടുത്തു; ആരെങ്കിലും എന്റെ പ്രവൃത്തി കണ്ടോ എന്നു നോക്കി. ഭാഗ്യം! ആരുമില്ല!

അതാ! ആ പൂ എന്റെ കൈയിൽ! വിജയഭാവത്തോടെ ഞാൻ ആ പൂ ആ പിഞ്ചു കൈകളിൽ വച്ചു. "മോനേ! കുഞ്ഞുമോനേ!" ഒരമ്മയുടെ വിളി. "ചേച്ചീ ഞാൻ പോട്ടെ. അമ്മ വിളിക്കുന്നു" തലയൊന്നു വെട്ടിച്ചു ഇളക്കിക്കൊണ്ടു ആ കൊച്ചുമിടുക്കൻ പോയി.

ആ നിഷ്കളങ്കമായ കൊച്ചോമനമുഖം എന്റെ കൺമുമ്പിൽ നൃത്തംവച്ചു. ആ പിഞ്ചു പൈതലിന്റെ ആഹ്ലാദം എനിക്കു എന്തെന്നില്ലാത്ത ഒരാനന്ദവും സംതൃപ്തിയും നല്കി. ആ സംതൃപ്തിക്കും ആനന്ദത്തിനും അടിമപ്പെട്ടു ഞാനല്പനേരം അവിടെത്തന്നെ നിന്നുപോയി.

"നേരം വൈകുന്നു" ആ വിചാരം എന്നെ ഉണർത്തി.

അന്നു വൈകുന്നേരം ഞങ്ങൾ—ഞാനും എന്റെ കൂട്ടുകാരികളും—സ്കൂൾ വിട്ടു വരികയായിരുന്നു. തമാശയിലും ചിരിയിലും മുങ്ങിയിരിക്കുകയായിരുന്നു ഞങ്ങൾ. "ചേച്ചീ" ഒരു കൊച്ചു ശബ്ദം. ഞാൻ തിരിഞ്ഞുനോക്കി. അതാ! ആ ഓമനക്കുട്ടൻ അവിടെ ചിരിച്ചുകൊണ്ടു നില്ക്കുന്നു.

പിറ്റേന്നും അവൻ അവിടെത്തന്നെ ഉണ്ടായിരുന്നു; എന്നെയും കാത്തു്. "ചേച്ചീ" അവൻ വിളിച്ചു. "നിന്റെ പേരെന്താ?" ആ പിഞ്ചു കൈകളെ തലോടിക്കൊണ്ടു ഞാൻ ചോദിച്ചു. "ജോണി" തെല്ലൊരഭിമാനത്തോടുകൂടി അവൻ പറഞ്ഞു. "ഇതാണോ നിന്റെ വീടു്" തകർന്നു വീഴുവാൻ ഭാവിക്കുന്ന കെട്ടിമേയാത്ത ആ വീടിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ ചോദിച്ചു. അതേ; അവൻ പറഞ്ഞു "ചേച്ചി തന്ന ആ പൂ ഞാനമ്മയ്ക്കു കൊടുത്തു" അവൻ തുടങ്ങി. "മണീ, വരൂ. നേരം വൈകി" സതിയും വിമലയും തിടുക്കം കൂട്ടി. "പോട്ടെ! ജോണീ, വൈകുന്നേരം വരാം" ഉം— അവൻ മൂളി. ഞങ്ങൾ നടന്നകന്നു. അവൻ എന്നും ഞങ്ങളെ കാത്തുനില്ക്കും. എന്റെ കൂട്ടുകാരികൾക്കും അവനെ ഇഷ്ടമായി; പ്രത്യേകിച്ചു്, സതിക്കു്.

വൈകുന്നേരം അവനെക്കൊണ്ടു ഞങ്ങൾ പാട്ടുകൾ പാടിക്കും.

"പാടച്ചു പണിചെയ്യും ഞങ്ങക്കു പട്ടിളം—
പുല്ലാണേ പുല്ലാണേ ചമ്പാവേ........"

ഇതാണു് അവന്റെ പ്രധാന പാട്ടു്. ആ ഈണത്തോടുകൂടി പാട്ടു കേൾക്കാൻ ഒരു പ്രത്യേക സുഖമുണ്ടു്.

ഇലക്ഷൻ സമയം. "ചേച്ചീ, ഇന്നു ഞാനൊരു നല്ല പാട്ടു പാടാം" അവൻ പറഞ്ഞു. "പാടു മിടുക്കാ," ഞാനവനെ പ്രോത്സാഹിപ്പിച്ചു. "തെങ്ങോലെ വാലേൽ കാളെ സഹായിച്ചു·" "ആരാ പഠിപ്പിച്ചതാണ്" എന്നെ കെട്ടി......ടെന്നവൻ ചോദിച്ചു. ഞാൻ മറുപടി പറഞ്ഞു, "ജോണി." അവനു ദേഷ്യവും സങ്കടവും വന്നു. ആ പൂമുഖം വാടി. ആ കുഞ്ഞിക്കണ്ണുകൾ നിറഞ്ഞു. "അല്ലാ! എന്റെ കുഞ്ഞനിയൻ കരയാൻ പോകയാണോ? ചേച്ചി തമാശ പറഞ്ഞതല്ലേ!" അവനു സന്തോഷമായി. 'പിന്നാരാ ചേച്ചി പറ' സഹജമായ ആ തലവെട്ടിക്കലോടെ അവൻ ചോദിച്ചു. 'എനിക്കറിയാമോ?' ഞാൻ പറഞ്ഞു. 'എന്തിനാ ചേച്ചി ഇംഗ്ലീഷു പഠിയ്ക്കണേ' അവൻ ഒരു കുസൃതിച്ചിരിയോടെ ചോദിച്ചു. 'എന്നാ നീ പറ മിടുക്കാ!' ഞാൻ പറഞ്ഞു. 'കോൺഗ്രസ്' വിജയഭാവത്തോടെ അവൻ പൊട്ടിച്ചിരിച്ചു.

ജോണിയുടെ അമ്മയും അമ്മൂമ്മയുമായി ഞാൻ പരിചയപ്പെട്ടു. അവന്റെ അപ്പൻ മരിച്ചിട്ടു കൊല്ലം ഒന്നു കഴിഞ്ഞിരുന്നു. ജോണിയായിരുന്നു അവരുടെ ആശകളും പ്രതീക്ഷകളും.

കാലം പറന്നുപോയി. വാർഷികപ്പരീക്ഷ അടുത്തു. അപ്പോഴും അവനോടു വർത്തമാനം പറഞ്ഞിട്ടേ ഞാൻ സ്കൂളിലേക്കും വീട്ടിലേക്കും പോകാറുള്ളു.

പരീക്ഷയുടെ അവസാനദിവസം ഹൃദയസ്പർശിയായ ഒന്നാണ്. അദ്ധ്യാപികാദ്ധ്യാപകന്മാരുടെ സ്നേഹവാത്സല്യങ്ങൾ പൂർണ്ണമായി വിദ്യാർത്ഥിനീവിദ്യാർത്ഥികൾ നുകരുന്ന ദിവസമാണന്നു്. അന്നു പതിവിലും വളരെ വൈകിയേ ഞങ്ങൾ വീട്ടിലെത്താറുള്ളു. 'സ്റ്റോറി'ലെ മിഠായി മുഴുവൻ തീരുന്ന ദിവസമാണന്നു്. മിക്ക അദ്ധ്യാപകരും അന്നു ഞങ്ങൾക്കു മിഠായി തരാറുണ്ടു്. കുട്ടികൾ അവർക്കും കൊടുക്കും. ഒരു രണ്ടു മണിക്കൂറെങ്കിലും ഞങ്ങൾ അദ്ധ്യാപകരുടെ അടുത്തു കഴിക്കും. വളരെ സ്വാതന്ത്ര്യത്തോടുകൂടിയാണു് ഞങ്ങൾ അന്നു അവരോടു പെരുമാറുന്നതു്. അന്നു ഞങ്ങൾക്കു അവരെ ഭയമേയില്ല; സ്നേഹത്തിനും ബഹുമാനത്തിനും മാത്രമേ അന്നു ഞങ്ങളുടെ മനസ്സിൽ സ്ഥാനമുള്ളു.

ഏകദേശം അഞ്ചുമണിയായി ഞങ്ങൾ അന്നു സ്കൂളിൽനിന്നും ഇറങ്ങിയപ്പോൾ. അന്നും അവൻ ആ പടിക്കൽ നില്പുണ്ടായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ ആ കൊച്ചുകണ്ണുകൾ സന്തോഷത്താൽ വെട്ടിത്തിളങ്ങി. "ഇന്നാ മിഠായി" കയ്യിലിരുന്ന മിഠായി നീട്ടിക്കൊണ്ടു ഞാൻ പറഞ്ഞു. സന്തോഷത്തോടുകൂടി അവനതു തട്ടിപ്പറിച്ചു. "രണ്ടു മാസം കഴിഞ്ഞേ ചേച്ചിമാരിനി വരികയുള്ളു" ഞാൻ പറഞ്ഞു. "എന്താ ചേച്ചി അതു്?" അവന്റെ തൊണ്ടയിടറി. "ഞങ്ങൾക്കൊഴിവാണു്" ഞാൻ പറഞ്ഞു. 'ചേച്ചി നൊണ പറയാ' അല്ല! ഞാൻ പറഞ്ഞു. "നാളെ ചേച്ചി വന്നില്ലെങ്കിൽ ഞാൻ ചത്തുപോകും." "അതു്" ഞാനവന്റെ വാ പൊത്തി. "ജോണി, ചേച്ചി ഇനി വരും" ഞാൻ പറഞ്ഞു. "ചേച്ചി, പോണ്ട. എന്റെ വീട്ടിൽ താമസിച്ചോ" അവൻ കരഞ്ഞുതുടങ്ങി. "പോവാണ്ടി", മിഠായി വലിച്ചെറിയാൻ ഭാവിച്ചുകൊണ്ടു് അവൻ പറഞ്ഞു: വരും, ചേച്ചി എന്നും വരാം" ഞാൻ സാന്ത്വനപ്പെടുത്തി. "വരോ" അവൻ ഉത്സാഹത്തോടുകൂടി ചോദിച്ചു. "ഉം" ഞാനുറപ്പിച്ചുപറഞ്ഞു. "ചേച്ചി പോട്ടെ" ഞാൻ ചോദിച്ചു. "ഉം" അവൻ മൂളി. ഞങ്ങൾ നടന്നകന്നു. ആ കൊച്ചുകണ്ണുകൾ എന്നെ പിൻതുടർന്നു, ഞാൻ മറയുന്നതുവരെ.

സ്കൂൾ തുറന്നു. എനിക്കു തിടുക്കമായി സ്കൂളിൽ പോകാൻ. 'ജോണി' ആ വാടിയ മുഖവും നിറഞ്ഞ കണ്ണുകളും. പാവം! എന്നെ കാണാഞ്ഞപ്പോൾ അവൻ എന്തുമാത്രം കരഞ്ഞിരിക്കും. ആ പാവപ്പെട്ട അമ്മ അവനെ എങ്ങനെയാണു സമാധാനപ്പെടുത്തിയതു്. വഴി പിന്നിട്ടതു അറിഞ്ഞില്ല.

ഇതാ ഞാൻ പടിക്കലെത്തി. എവിടെ ജോണി. അവനു വല്ല സുഖക്കേടുമായിരിക്കുമോ? കൊച്ചുകുട്ടിയല്ലേ! അവനെന്നെ മറന്നുകാണും. ഏതായാലും ആ വീട്ടിലേക്കു പോകാൻ ഞാൻ നിശ്ചയിച്ചു.

മുറ്റത്തു ചെന്നു. ആരെയും കാണുന്നില്ല. "ജോണിക്കു വല്ലതും—" എന്റെ ഹൃദയം ശക്തിയായി തുടിച്ചു. ഞാൻ ഇറയ

ത്തു കയറി. "ജോണിയെവിടെ?" ഞാൻ വിളിച്ചുചോദിച്ചു.

ഒരസ്ഥിക്കൂടം പുറത്തേക്കു വന്നു. ജോണിയുടെ അമ്മൂമ്മ! ഞാൻ സ്തംഭിച്ചുപോയി. സ്വതേ ക്ഷീണിച്ചതായിരുന്നു അവർ, പക്ഷെ! അവർ എത്രമാത്രം മാറിയിരിക്കുന്നു! അവരെന്നെ തുറിച്ചു നോക്കി. ഒരു നിമിഷത്തേക്കു മാത്രം. പെട്ടെന്നു അവരുടെ കണ്ണുകൾ നിറഞ്ഞു മോളെ! ദയനീയമായ ഒരു വിളിയോടെ അവർ മറിഞ്ഞുവീണു. പെട്ടെന്നു ഞാനവരെ താങ്ങിക്കിടത്തി.

കുറച്ചു കഴിഞ്ഞപ്പോൾ അവർക്കു ബോധം വീണു. "മോളെ" അവർ ഞരങ്ങി. കുറച്ചു വെള്ളം ഞാനവരുടെ മുഖത്തു തളിച്ചു. കുറച്ചു വെള്ളം അവർ കുടിച്ചു "ആ നശിച്ച കോളം, മോളെ!, അവരു പോയി" അവർ പൊട്ടിക്കരഞ്ഞു. "കർത്താവേ, എന്നെ കൂടി കൊണ്ടുപോയില്ലല്ലോ!" അവർ ദയനീയമായി വിലപിച്ചു. "അമ്മൂമ്മേ" ഞാനവരെ വിളിച്ചു. എങ്ങനെയാണു ഞാനവരെ സമാശ്വസിപ്പിക്കുന്നതു". വാർദ്ധക്യത്തിന്റെ ഊന്നുവടി അവർക്കു നഷ്ടപ്പെട്ടു. ഏകപുത്രിയും, വാത്സല്യഭാജനമായ പൌത്രനും. ആ ദീനരോദനം എങ്ങനെ പരിഹരിക്കും. ഏതൊരു സ്ത്രീയാണതു സഹിപ്പാൻ ശക്തിയുള്ളവൾ.

അമ്മേ! ഞാനൊന്നുകൂടി വിളിച്ചു. ആ വിളി അവരെ അല്പം സമാശ്വസിപ്പിച്ചെന്നു തോന്നി. മോളെ! ആ അമ്മൂമ്മ എന്നെ കെട്ടിപ്പിടിച്ചു. പെട്ടെന്നു എന്നെ വിട്ടുകൊണ്ടു അവർ പറഞ്ഞു. "നേരം വൈകി, സ്കൂളിലേപ്പോ മോളെ" "ഇല്ല," 'അമ്മേ ഞാനിവിടെ ഇരിക്കാം,' ഞാൻ പറഞ്ഞു. "വേണ്ട, മോളെ" അവർ നിർബന്ധിച്ചു.

ഞാൻ പടി കടന്നു. "മോളെ! വല്ലപ്പോഴും മോളിങ്ങോട്ടൊന്നു വരണം." എന്നെ കെട്ടിപ്പിടിച്ചുകൊണ്ടു അവർ പറഞ്ഞു. "വരാം, തീർച്ചയായും വരാം." ഗദ്ഗദത്തോടുകൂടി ഞാൻ പറഞ്ഞു. ഞാൻ നടന്നകന്നു. അവർ അപ്പോഴും എന്നെ നോക്കിക്കൊണ്ടു നിൽക്കയാണു". ആ നിറഞ്ഞ കണ്ണുകളും ദയനീയമായ ആ നില്പും ഇന്നും ഞാനോർക്കുന്നു.

× × × ×

"വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ"

വൈലോപ്പിള്ളിയുടെ ആ വിഷാദമധുരമായ പ്രസിദ്ധ കവിതയിലെ ഈരടികൾ ശോകനിർഭരമായ എന്റെ ഹൃദയം അറിയാതെ ആവർത്തിച്ചുകൊണ്ടിരുന്നു.

## വനമോഹിനി

(എൻ. കെ. പിള്ള, ക്ലാസ്സ് I, ഗ്രൂപ്പ് I)

ആരുമില്ലെൻ ചാരുസംഗീതമാസ്വദി-
ച്ചാനന്ദം കൊള്ളുവാനിപ്പോൾ ;
ഇത്രയും കാലവും സസ്നേഹമിന്നുമെ-
ന്നൊന്നുല്ലസിച്ചവരുണ്ടോ !
പാവമാമെന്നെക്കളിപ്പിച്ചീടാൻ കൌതുക-
മാവനമോഹിനിക്കുണ്ടോ !
വാരുണലക്ഷ്മിയാൾ വാരിളം ചെമ്പനീർ-
സാരിഞൊറിഞ്ഞു ധരിക്കേ;
ഓമനച്ചുണ്ടിലെഴുന്നു ഞാൻ നിർമ്മല-
പ്രേമസംഗീതമുതിർക്കും,
ആ വല്ലിക്കെട്ടുകൾക്കുള്ളിൽ നിന്നെൻ വന-
ദേവത വന്നണഞ്ഞീടും;
ഓമലിൻ ലാവണ്യചന്ദ്രികാവീചിക-
ളോടിവന്നെന്നെത്തലോടും;
ഞാനാലപിക്കുന്ന ഗാനങ്ങളൊക്കെയു-
മാനനലക്ഷ്മിയും പാടും ;
അമ്മോഹനാംഗിതൻ നിർമ്മല സംഗീത-
നിർഗ്ഗളങ്ങളിൽ ഞാനാഴും ;
പേടമാൻകണ്ണിയാൾ പാടിടുമ്പോൾക്കുയിൽ-
പ്പേടകൾക്കന്നോ അഴലും !
ആ മഞ്ജുഗാനലഹരിയിൽക്കാനന-
മാമരച്ചില്ലകളാടും ;



# നൃത്ത കല



പിഞ്ചിളം വല്ലികൾ തെങ്ങൾ തൻ പുറവിലും
കൊഞ്ചിക്കുഴഞ്ഞു നിന്നാലും ;
സംജാത കൌതുകമാറു കളുമനവും—
സംഗീതമാസ്വദിച്ചാലും ;
അമ്മധുരരസമാസ്വദിച്ചീടവേ—
നന്ദ് സമീരനും ക്രുദ്ധം ;
നിർമ്മലമാകമാസ ഡ്യയിലാനന്ദ—
നിർവൃതി തേടുമമക്കാലം !
തപ്പിഴുവേഴുന്നവരു മരണ്യരംഗമൊ—
രസ്വരലോകമായ് മാറും !
എങ്കിലു....മെങ്കിലുമാത്മസ്വപ്നങ്ങൾ
മങ്ങ് മറഞ്ഞുപോം മന്ദം:
അനന്ദ ദായകമാകമവേളയിൽ
ഞാനെന്നെന്നേക്കുമെന്ന മറക്കും ;

അന്നേരമാമനോഹാരിണി മന്ദമാ—
യെന്നെത്തഴുകിയുറക്കും ;
നിത്യവുമെന്നെ വെടിഞ്ഞവളാസുഖ—
നിദ്ര വിട്ടെന്നുമൊളിച്ചും ;
അപ്പസമയം കഴിഞ്ഞെഴുന്നേറ്റെൻെറ
പുല്ലുടിൽ തേടുന്ന പൂകം ;
പരിവിരിഞ്ഞുള്ള പാതിരാപ്പൂക്കളെൻ—
പാതയിൽപ്പൂത്തിരിക്കും ;
ഏതാനും താരകൾ വാനിൽനിന്നാവന—
വീഥിയിൽപ്പൊന്നൊളി വീശും........

............................................................................

അതുമി,ല്ലാതുമി,ല്ലിപ്പൊഴെന്നന്തിക—
ത്താനന്ദഗാനമുതിർക്കാൻ.

1954 ഫെബ്രുവരി 8.

---

## നീതിക്കുവേണ്ടി മരിച്ച ധീരൻ

Dn. P. C. Varghese, *Class ii*

"വലിയോർ ചരിതം" സജീവകാലം വലുതാകം"മിതി നമ്മോടോതിടുന്നു."

മഹാന്മാരുടെ ജീവചരിത്രം പഠിക്കുന്നതു എല്ലാകാലത്തും, മനുഷ്യരാശിക്കു വളരെ പ്രയോജനപ്രദമാണ്. അവരുടെ അനുകരണീയങ്ങളായ പ്രവൃത്തികളും, ഉപദേശങ്ങളും എന്നും ലോകത്തെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കും. മുപ്പത്തിരണ്ടാം വയസ്സിൽ മരിച്ച ശങ്കരാചാര്യർ, മുപ്പത്തിമൂന്നിൽ മരിച്ച ക്രിസ്തു, മുപ്പത്തിഒമ്പതിൽ മരിച്ച വിവേകാനന്ദൻ എന്നിവരുടെ ജീവിതമാതൃകകൾ, ഉദാഹരണങ്ങളാകുന്നു. സോക്രട്ടീസിൻെറ ജീവചരിത്രവും അക്കൂട്ടത്തിൽ പെട്ടതാണ്.

ഉദ്ദേശം 2300 വർഷങ്ങൾക്കു മുമ്പ് ഏതൻസ്, ഗ്രീസിലെ പല നഗരരാജ്യ (City States) ങ്ങളിൽ ഒന്നായിരുന്നു. അഥീനിയൻ ജനത ബഹുദൈവാരാധനയിൽ തല്പരരായിരുന്നു. അവരുടെ പ്രധാന ദേവൻ ആയിരുന്നു 'അപ്പോളോ.' ഏതൻസിലെ നാലു ലക്ഷം വരുന്ന ജനങ്ങളിൽ ഭൂരിഭാഗവും അടിമകളായിരുന്നു. സാമ്പത്തികസ്ഥിതി നന്നായതോടൊപ്പം, ജ്ഞാനവും, സംസ്കാരവും വർദ്ധിപ്പിക്കുവാൻ അവർ ആഗ്രഹിച്ചു. നിലവിലിരുന്ന ഒട്ടേറെ അനാചാരങ്ങളെ ചിലർ ചോദ്യം ചെയ്തു തുടങ്ങി. പൗരാവകാശം അനുവദിച്ചിരുന്നില്ല. സുപ്രീംകോടതിയായിരുന്ന Ecclesia-ൽ നിന്നു നീതി ലഭിക്കുക പ്രയാസമാണെന്ന അഭിപ്രായം പരക്കെ ഉണ്ടായിരുന്നു. ഭൂരിപക്ഷാഭിപ്രായപ്രകാരമായിരുന്ന ഈ കോടതിയിലെ വിധി. വിവാദവിഷയത്തിൽ ഭൂരിപക്ഷം അനുകൂലിച്ചാൽ, ഏതനീതിയും, നീതിയുടെ രൂപത്തിൽ പുറത്തുവന്നിരുന്നു.

നീതിക്കു ജനത കേഴുതിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ്, സോക്രട്ടീസ് തൻെറ തത്വസംഹിതകളുമായി രംഗപ്രവേശം ചെയ്തത്. ഏതു കാര്യവും തുറന്നുപറയുവാൻ ചങ്കൂറ്റമുണ്ടായിരുന്ന അദ്ദേഹത്തിൻെറ നവീനാശയങ്ങൾ ഗ്രഹിക്കുവാൻ അഥീനിയൻ ജനത വളർന്നിരുന്നില്ല.

തെരുവിൻെറ ഒരു ഒഴിഞ്ഞ കോണിൽ ശിഷ്യരുമൊത്തിരുന്ന തർക്കിക്കുന്നതായിട്ടാണ് സോക്രട്ടീസിനെ സാധാരണ കാണുക. വട്ടമുഖവും, കഷണ്ടിത്തലയും, തുറിച്ച കണ്ണും, പരന്ന മൂക്കുമുള്ള ആ വയസ്സനെ കണ്ടാൽ, ലോകോത്തരജ്ഞാനിയായ സോക്രട്ടീസാണതെന്ന് ആരും സംശയിക്കയില്ല. അത്രയ്ക്ക് വിരൂപനായിരുന്നു അദ്ദേഹം. ഭക്ഷണക്കാര്യത്തിൽ അദ്ദേഹം തീരെ ശ്രദ്ധിച്ചിരുന്നില്ല.



സോക്രട്ടീസ് ആസ്തികത്വത്തിൽ അടിയുറച്ച വിശ്വാസിയായിരുന്നു. മനുഷ്യനെ ഏതാപത്തിൽ നിന്നും രക്ഷിക്കുവാൻ കഴിവുള്ള ഒരദൃശ്യശക്തിയുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ആ വിശ്വാസത്തെ അദ്ദേഹം പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ആത്മാവിൻെറ അനശ്വരതയിൽ അദ്ദേഹം വിശ്വസിച്ചിരുന്നുവെന്നതിനു, "The concluding pages of Plato's 'Apology' prove that Socrates had a strong belief in soul's immortality" (Encyclopaedia Britannica) എന്നുള്ള മതിയായ തെളിവാണ്. ക്ഷമാശീലം ശരിക്കഭ്യസിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കോപിതയായ ഭാര്യ ഒരു പാത്രം അഴുക്കുവെള്ളം തലയിൽ ഒഴിച്ചപ്പോഴും, പുഞ്ചിരി തൂകിക്കൊണ്ടദ്ദേഹം പറഞ്ഞത്, "That so much thunder must needs produce a shower" എന്നായിരുന്നു. അസാധാരണമായ വിനയമാണ് സോക്രട്ടീസിൻെറ മറ്റൊരു മഹദ്ഗുണം. ഒരിക്കൽ ലോകോത്തരജ്ഞാനിയായ അദ്ദേഹം പറഞ്ഞു, "ഒരു കാര്യം എനിക്കറിയാം, അതു എനിക്കൊന്നും അറിഞ്ഞുകൂടാ എന്നുള്ളതാണ്."

എഴുപതു വയസ്സായപ്പോഴേയ്ക്കും അനുയായികൾ വർദ്ധിച്ചുതുടങ്ങി. ആ ജ്ഞാനസിന്ധുവിൽനിന്നും വഴിഞ്ഞൊഴുകിയ ഉപദേശശകലങ്ങൾ, പുഷ്പങ്ങൾ വണ്ടുകളെ എന്നപോലെ, ചെറുപ്പക്കാരെ ആകർഷിച്ചിരുന്നു. അൽസിബിയാഡീസ്, ക്രീറ്റോ, പ്ലേറ്റോ, എന്നിവർ സെനഫൻ, ആൻറീസ്തെനീസ് എന്നിവർ സന്തതസഹചാരികളായിരുന്നു. "എന്താണ് സ്വാതന്ത്ര്യം?" "എങ്ങനെയുള്ള രാഷ്ട്രത്തെയാണ് മാതൃകാരാഷ്ട്രമെന്ന് പറയേണ്ടത്?" "ഭൂരിപക്ഷാഭിപ്രായമനുസരിച്ചു ഭരണം നടത്തുന്നതു നീതിയോ?" ഇത്യാദി ചോദ്യങ്ങൾ അനുയായികളെ ഇരുത്തി ചിന്തിപ്പിക്കുവാൻ പോന്നവയായിരുന്നു. ഈ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കുവാൻ ശ്രമിച്ചതിനാണ് സോക്രട്ടീസിനെ മരണശിക്ഷയ്ക്കു വിധിച്ചത്. എന്നാൽ അന്യായമായി വധിക്കപ്പെട്ട അദ്ദേഹം മനുഷ്യൻെറ സ്മരണമണ്ഡലത്തിൽ നിത്യജീവിതം നേടി.

കാര്യമാത്രപ്രസക്തമായി വസ്തുതകൾ തുറന്നുപറയുന്ന സമ്പ്രദായക്കാരനായിരുന്ന സോക്രട്ടീസ്, തന്മൂലം അനേകരുടെ അപ്രീതിക്ക് പാത്രമായി. ഭൂരിപക്ഷം നോക്കി വിധിനടത്തുന്ന ഏതൻസിലെ ഭരണക്രമത്തെ സോക്രട്ടീസ് കഠിനമായി അപലപിച്ചു. അദ്ദേഹത്തിൻെറ നവീനാശയങ്ങൾ, പുരോഗമനോന്മുഖങ്ങളായ ആശയങ്ങളെ ഏതൻസിലെ യുവജനങ്ങൾ സ്വാഗതം ചെയ്യുന്നതു കണ്ടപ്പോൾ പാരമ്പര്യമാണികൾ ക്ഷോഭിച്ചു. നേതാക്കൾ പരിഭ്രാന്തരായി. "യുവാക്കളെ വഴിപിഴപ്പിക്കുന്ന ആ വയസ്സനെ ശിക്ഷിക്കണം. അഥീനിയൻ ദേവന്മാരിൽ വിശ്വസിക്കാത്ത ആ നിരീശ്വരനെ കൊല്ലണം." അവർ ലഹള തുടങ്ങി. വിചാരണയ്ക്കു ഒരുക്കങ്ങളും ചെയ്തു.

വിചാരണദിവസം പ്രഭാതം മണി എട്ടായി. ഏതൻസിലെ പൊതുജനങ്ങൾ കോടതിയിലേക്കു പ്രവഹിച്ചുതുടങ്ങി. ഓരോ സ്ഥാനങ്ങളിൽ അവർ ഇരിപ്പുറപ്പിച്ചു. സോക്രട്ടീസിൻെറ അനുകൂലികളും പ്രതികൂലികളും ആ കൂട്ടത്തിലുണ്ട്. ജഡ്ജിമാർ ഉപവിഷ്ടരായി. അവരുടെ മദ്ധ്യത്തിലായി, സോക്രട്ടീസ് യാതൊരുവിധമായ ഉത്കണ്ഠയും വ്യാകുലതയും ബാധിക്കാതെ ഇരിക്കുന്നു. ആരോപണങ്ങൾ ഒന്നൊന്നായി കോടതി മുമ്പാകെ വായിച്ചു. ഉദ്യോഗസ്ഥൻ കോടതി നടപടികളാരംഭിച്ചു. അതു കഴിഞ്ഞപ്പോൾ സോക്രട്ടീസ് ഇരുന്നിടത്തുനിന്നും എഴുന്നേറ്റു. ചുറ്റും നോക്കി. ജനങ്ങൾ സശ്രദ്ധരായി ചെവിവട്ടം പിടിച്ചിരുന്നു. അദ്ദേഹം മറുപടിപ്രസംഗമാരംഭിച്ചു. "എനിക്കു വയസ്സ് എഴുപതായി. ഇതുവരെ ഞാൻ കോടതി കയറിയിട്ടില്ല. ഇവിടെ പെരുമാറേണ്ട വിധവും എനിക്കറിവില്ല. എങ്കിലും കാറങ്ങളാൽ ഇരുപ്രധമായി ഈ കോടതിയിലേക്കു ഞാൻ ആനയിക്കപ്പെട്ടുവോ, ആയവ ഞാൻ നിങ്ങളുടെ മുമ്പാകെ നിരത്തിവയ്ക്കുവാൻ പോകയാണ്. സത്യം പറയണമെന്ന് ജനതയെ ഞാൻ പഠിപ്പിച്ചു. നന്മ ചെയ്യണമെന്നും, തിന്മ ചെയ്യരുതെന്നും ഞാൻ അഥീനിയൻ ജനതയെ ഉപദേശിച്ചു. ഈ ചരാചരത്തെ മുഴുവൻ ഭരിക്കുന്ന ഒരു മഹാ ശക്തിയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതാണ് എൻെറ അചഞ്ചലവിശ്വാസം. അതിനെ ഞാൻ

ഏതൻസിന്റെ സന്തതികളിലേക്കു പകർത്തി. അഥീനിയൻ ജനതയുടെ ബഹുദൈവാരാധന, മദ്യൽപ്രിയത്തിൽ നിന്നും ഉത്ഭവിച്ചതാണെന്ന് ഞാൻ സമ്മതിച്ചു. ഇവ ശിക്ഷാർഹങ്ങളായ കുറ്റങ്ങളെങ്കിൽ, ഏതൻസിലെ ഈ 'പ്രജാധിപത്യ'കോടതി നല്കുന്ന ശിക്ഷ ഞാൻ ശിരസ്സാ വഹിച്ചുകൊള്ളും. ഞാൻ കുറ്റക്കാരനെങ്കിൽ ഈ കോടതിയുടെ ഔദാര്യാനുകൂല്യവും ഞാൻ ആവശ്യപ്പെടുന്നില്ല. എന്നെ വെറുതെ പറഞ്ഞയയ്ക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നില്ല. ദയയ്ക്കായി ഞാൻ കേഴുന്നില്ല." അദ്ദേഹം പ്രസംഗം ഉപസംഹരിച്ചു. ഏതൻസിലെ 'ഭൂരിപക്ഷം' സോക്രട്ടീസിനു മരണശിക്ഷ വിധിച്ചു. സോക്രട്ടീസ് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു.

കാരാഗൃഹത്തിലെ ഒരു മാസത്തെ താമസം സോക്രട്ടീസിന്റെ ജീവിതത്തിലെ ഒരു സുപ്രധാന ഘട്ടമായിരുന്നു. ധീരതയോടുകൂടി അദ്ദേഹം മരണത്തെ സ്വാഗതം ചെയ്തു. പുഞ്ചിരിയോടുകൂടി അതിനെ മാടിവിളിച്ചു. സഹചാരികൾ പൊട്ടിക്കരഞ്ഞപ്പോൾ, സ്ത്രീകൾ മാറത്തടിച്ചപ്പോൾ, ഓമനസന്താനങ്ങൾപോലും, കാര്യഗൗരവം മനസ്സിലാക്കാതെയെങ്കിലും കണ്ണീർ പൊഴിച്ചപ്പോൾ, സോക്രട്ടീസ് മാത്രം സുസ്മേരവദനനായിരുന്നു. മരണദിവസത്തെ സംഭാഷണങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്.

ക്രീറ്റോ :—"ഞങ്ങൾ അവിടത്തെ എങ്ങനെയാണ് സംസ്കരിക്കേണ്ടത്?"

സോക്രട്ടീസ് :—"നിങ്ങളുടെ ഇഷ്ടാനുസരണം.......................................എന്റെ സ്നേഹിതന്മാരെ, ക്രീറ്റോ വിചാരിക്കുന്നു, അല്പസമയത്തിനുശേഷം ശവമായിത്തീരുന്ന ഒരു ശരീരം മാത്രമാണീ സോക്രട്ടീസെന്ന്. വിഷം കുടിച്ചുകഴിഞ്ഞാൽ നിങ്ങളെന്നെ കാണുകയില്ല. ഞാൻ അനുഗൃഹീതരുടെ സൗഭാഗ്യത്തിലേക്കു പ്രവേശിക്കും. ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞിരുന്നിട്ടുപോലും, ക്രീറ്റോ ചോദിക്കുന്നു, എങ്ങനെയാണ് എന്നെ സംസ്കരിക്കേണ്ടതെന്ന് ............................................ ഒന്നു നിങ്ങൾ മനസ്സിലാക്കണം. വാക്കുകൾ തെറ്റായി ഉപയോഗിക്കുന്നതു പാപമാണ്. അതു ആത്മാവിനെ അശുദ്ധമാക്കുകകൂടി ചെയ്യും."

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ ഒരാൾ പ്രവേശിച്ചു സോക്രട്ടീസിനോടു പറഞ്ഞു. "സർ, മറ്റുള്ളവരെപ്പോലെ നിങ്ങൾ എന്നെ ശപിക്കുകയില്ലെന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ വിഷവുമായി അവരെ സമീപിക്കുമ്പോൾ, അവർ എന്നെ ശപിക്കുകയും, ശകാരിക്കുകയും ചെയ്യും. എന്നാൽ ഇവിടെ വന്നിട്ടുള്ളവരിൽ കുലീനനും, യോഗ്യനും, നല്ലവനും നിങ്ങളാണെന്ന് ഞാൻ വിചാരിക്കുന്നു. അതിനാൽ സ്നേഹിതാ! ഒരുങ്ങിക്കൊൾക." ഇത്രയും പറഞ്ഞു കണ്ണീരൊഴുക്കിക്കൊണ്ട് അയാൾ അപ്രത്യക്ഷനായി.

സോക്രട്ടീസ് :—"എത്ര നല്ല മനുഷ്യൻ. എത്ര മര്യാദയായി അയാൾ സംസാരിക്കുന്നു. അയാൾ എന്നെ ചൊല്ലി കരയുന്നു. ക്രീറ്റോ! വരണം. നമുക്കയാളെ അനുസരിക്കാം. വിഷം ശരിപ്പെടുത്തിട്ടില്ലെങ്കിൽ, നമുക്കു ശരിപ്പെടുത്താം."

ക്രീറ്റോ :—"സന്ധ്യയാകുവാൻ ഇനിയും സമയമുണ്ട്. മറ്റുള്ളവർ വളരെ വൈകിയിട്ടു വിഷം കുടിക്കുക പതിവുള്ളൂ. മാത്രമല്ല, അതിനു മുമ്പായി അവർ തിന്നുകയും, കുടിക്കുകയും, ആനന്ദിക്കുകയും ചെയ്യാറുണ്ട്."

സോക്രട്ടീസ് :—"ശരിയായിരിക്കാം. അവർ വിചാരിക്കുന്നു, അല്പം വൈകി വിഷം കുടിക്കുന്നതുകൊണ്ട് എന്തോ അവർ ലാഭിക്കുന്നെന്ന്. ഞാൻ അങ്ങനെ വിചാരിക്കുന്നില്ല."

ഇത്രയുമായപ്പോൾ വിഷപ്പാത്രവുമായി അയാൾ പ്രവേശിച്ചു. പാത്രം സോക്രട്ടീസിന്റെ കയ്യിൽ കൊടുത്തു.

സോക്രട്ടീസ് :—"സർ, ഞാൻ എന്താണ് പ്രവർത്തിക്കേണ്ടത്?"

അയാൾ :—"നിങ്ങൾ ഇതു കുടിക്കുക. നടക്കുവാൻ പ്രയാസം തോന്നുന്നതുവരെ നടക്കുക. അപ്പോൾ വിഷം സ്വയം പ്രവർത്തിച്ചുകൊള്ളും."

"പരലോകത്തേക്കുള്ള യാത്ര സുഗമമായിരിക്കണമെന്നുള്ളതു മാത്രമാണെന്റെ പ്രാർത്ഥ



ണപൂവിനെ മലയാളത്തിലെ പ്രഥമഖണ്ഡകൃതിയായി എണ്ണാം. കേവലം ഒരു പൂവിനെക്കണ്ടു മനുഷ്യജീവിതത്തെയും അതിന്റെ നശ്വരാവസ്ഥയെയും കുറിച്ചു ചിന്തിക്കപ്പെട്ട ആശാന്റെ കവിത, ആസ്വാദകലോകത്തിനൊരു പുതുമയായിരുന്നു. പ്രകൃതിയിലെ മഹാരഹസ്യങ്ങളെ തിരിച്ചറിഞ്ഞു അവയുടെ വെളിച്ചത്തിൽ മനുഷ്യജീവിതത്തെ വ്യാഖ്യാനിച്ചുകൊണ്ടിരുന്ന ആ ഋഷി ക്രമേണ ജനതതിയെയെല്ലാം "ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങൾപോലെ" ഒരുമിപ്പിക്കുവാനുള്ള ശ്രമത്തിലേക്കു തിരിഞ്ഞു. ജീവിതയാഥാർത്ഥ്യങ്ങളാൽ മുറിവേല്പിക്കപ്പെട്ട ഹൃദയത്തെ സനാതനവും സത്യസുന്ദരവുമായ ഒരന്തരീക്ഷത്തിലേക്കു നയിച്ചു ജീവിതത്തിന്റെ നശ്വരതയെയും നിസ്സാരതയെയും ബോധപ്പെടുത്തി ആത്മീയോൽക്കർഷത്തിനു വഴികാണിച്ചുകൊടുക്കാൻ ആശാന്റെ കവിതകൾ സമർത്ഥങ്ങളാണ്. പരിശുദ്ധപ്രേമത്തിന്റെ സൗന്ദര്യത്തെയും അപദാനത്തെയും പററി പാടുക, ആശാന്റെ കവിതയുടെ മറെറാരു പ്രത്യേകതയായിരുന്നു. "നല്ല പ്രേമത്തിന്റെ മുഖക്കണ്ണാടിയായ 'നളിനി' ആശാന്റെ കൃതികളുടെ നട്ടനായകമാണ്. കാലനാമൃതത്തിന്റെ തിരകളടിച്ചിട്ടും ആ കൃതികൾ ഇന്നും സ്ഥിരപ്രതിഷ്ഠങ്ങളായിരിക്കുന്ന ഉന്നത നിലയിൽത്തന്നെയിരിക്കുന്നു.

വള്ളത്തോളിന്റെ അത്യുന്നതങ്ങളായ വിഗാനതല്ലജങ്ങൾ മലയാള കവിതയ്ക്കൊരു പുതിയാനം വരുത്തി. ശുഭപ്രതീക്ഷകൊണ്ടു സൗന്ദര്യബോധംകൊണ്ടും ഉജ്ജ്വലമായ ആ കവിതയുടെ സൗന്ദര്യബോധവും കലാസൗന്ദര്യവും മറക്കത്തക്കതല്ല. ആർഷഭാരതത്തിന്റെ പരിപാവനസംസ്കാരത്തെപ്പററി കവിക്കുള്ള അഭിമാനം ഒരോ കവിതയെയും പുളകച്ചാർത്തണിയിച്ചിട്ടുണ്ട്. ഭാരതാംബയെ അടിമത്വത്തിന്റെ ഭീകരശൃംഖലയിൽ നിന്നു വിട്ടുവിക്കുവാൻ ഇത്രയും ഉച്ചെപ്പാട്ടുണ്ടാക്കിയ മലയാളകവി വേറെ ഇല്ലതന്നെ. ഭാവനാസുന്ദരവും ഹൃദയഹാരിയും ലളിതകോമളവുമായ ആ കാവ്യതല്ലജങ്ങൾ അനശ്വരങ്ങളത്രേ!

ഉദ്യോഗസംബന്ധമായ തിരക്കുകൾക്കുശേഷം കിട്ടുന്ന ഇടക്കാല സമയം കൊണ്ടു അത്യനർഘങ്ങളായ കവിതകൾ കൈരളിക്കു സംഭാവന ചെയ്ത മഹാകവിയാണ് ഉള്ളൂർ. സുന്ദരസംസ്കൃതപദങ്ങളാൽ മലയാളത്തെ മനോഹരമാക്കിത്തീർക്കാനായിരുന്നു ഉള്ളൂരിന്റെ ശ്രമം. അദ്ദേഹത്തിന്റെ "പ്രേമസംഗീതം" "തുമ്പപ്പൂവ്" തുടങ്ങിയ ഖണ്ഡകൃതികൾ കൈരളിയുടെ കെടാവിളക്കുകളത്രേ.

നാലപ്പാടന്റെ "കണ്ണുനീർത്തുള്ളി"യും കെ. കെ. രാജാവിന്റെ "ബാഷ്പാഞ്ജലി"യും ചിന്താപരങ്ങളായ ഉൽകൃഷ്ടകൃതികളാണ്. അവയിൽ തെളിഞ്ഞു കാണുന്ന കാവ്യപാടവവും നിർമ്മാണവൈശിഷ്ട്യവും ഓർക്കുന്തോറും അത്ഭുതകരംതന്നെ. കവി അതുല്യനായ ഒരാദ്ധ്യാത്മിക ചിന്തകൻ കൂടിയാകുമ്പോഴേ ഇത്തരം കാവ്യങ്ങൾ ഉടലെടുക്കയുള്ളൂ.

ഏതാണ്ടു ഈ സമയത്താണു മലയാളകവിതയിൽ ഒരു വഴിത്തിരിവുണ്ടായതു്. കാല്പനിക ലോകത്തിലെ മധുരസ്വപ്നങ്ങളെല്ലാമുപേക്ഷിച്ചു ജീവിതയാഥാർത്ഥ്യങ്ങളെക്കണ്ടുകൊണ്ടുള്ള പാതയിലൂടെ കവിത പ്രയാണമാരംഭിച്ചു. സംസ്കൃതവൃത്തങ്ങൾ അനന്തതയിൽ പതിച്ചു. ഗാനാത്മകങ്ങളായ ദ്രാവിഡവൃത്തങ്ങൾക്കു ശാശ്വതപ്രതിഷ്ഠ ലഭിച്ചു. നിത്യജീവിതത്തിലെ ഉഗ്രസത്യങ്ങൾ കവിതകളിൽ സ്ഥലം പിടിച്ചു. മണിഹർമ്മ്യങ്ങളിൽ നിന്നും പൊട്ടക്കുടിലുകളിലേക്കു കവിത ഒഴുകി. ഗാനാത്മകതയുള്ള ശിഥിലവൃത്തം, ഗ്രാമീണഭാഷ, ചമയപ്പകിട്ടു കുറഞ്ഞ പ്രതിപാദനം, നൈസർഗ്ഗികഭാവങ്ങളുടെ യഥാർത്ഥമായ ആവിഷ്കരണം—ഇതു, ഇങ്ങനെയൊക്കെയായിത്തീർന്നു നമ്മുടെ മലയാളകവിത.

കവിതകൊണ്ടു ജീവിതത്തെയും ജീവിതംകൊണ്ടു കവിതയെയും നിരന്തരം സുരഭിലമാക്കിക്കൊണ്ടിരിക്കുന്ന ഒരു മഹാകവിയെയാണു നാം ഈ വഴിത്താരയിൽവെച്ചു കണ്ടുമുട്ടുന്നതു്. അതു മററാരുമല്ല; ജി. ശങ്കരക്കുറുപ്പത്രേ. സിംബോളിസവും മിസ്റ്റിസിസവും മലയാളത്തിൽ അവതരിപ്പിച്ചതുകൊണ്ടു മാത്രമല്ല ഇദ്ദേഹം പ്രസിദ്ധനായതു്. ഡോ. എസ്സ്. കെ. നായർ ഒരവസരത്തിൽ പറഞ്ഞതുപോലെ, ഇദ്ദേഹം "ഒരു മഹാഗാനലോലുപനായ കവിയല്ല, ഒരു സ്വപ്നാടകവ്യക്തിയായ കവിയല്ല; ഒരു കരയുന്ന കവിയല്ല;

പിന്നെയോ, മലയാളം ഇന്നോളം കണ്ടിട്ടില്ലാത്ത മഹാത്മ്യങ്ങൾ ഒത്തുചേർന്ന ഒരു മഹാകവി!" അതേ, യുഗങ്ങളിലൂടെ നീണ്ടു മുഴങ്ങി വന്ന ആ നാദം അമർത്ത്യമാണ്, അനശ്വരവൈകവേദ്യമാണ്, നിത്യനൂതനമാണ്. അതിന്മേൽ പിടിച്ചുകൊണ്ടാണ് മനുഷ്യൻ ഉണർന്നെഴുന്നേറ്റത്. അതിനെ പറിച്ചുകളയാൻ ആർക്കും സാദ്ധ്യമല്ല. ആ മധുരഗംഭീരമായ 'ഓടക്കുഴൽ'വിളി അനന്തങ്ങളായ കാലകല്ലോലിനികളിലൂടെ നീന്തിവിടരും, ഭാവിതലമുറകളെ കരയിക്കും, ആശ്വസിപ്പിക്കും, ആഹ്ലാദിപ്പിക്കും, ഉന്മേഷിപ്പിക്കും, ഉജ്ജ്വലിപ്പിക്കും.

മധുരഗീതികൾകൊണ്ടു മലയാളത്തെ പുളകം ചാർത്തിച്ച ചങ്ങമ്പുഴയുടെ നവീന കാവ്യസരണി, പലരിലും ഉറങ്ങിക്കിടന്ന ഭാവനയെ ഉണർത്തി. പുരോഗമനപരവും വിപ്ലവപരവുമായ ആശയങ്ങൾ കലാസുന്ദരമായി പ്രതിപാദിക്കാൻ കഴിഞ്ഞതാണ് ചങ്ങമ്പുഴയുടെ ഏറ്റവും വലിയ നേട്ടം. പ്രതിപാദ്യം കേവലം തുച്ഛമെങ്കിലും, പ്രതിപാദനരീതികൊണ്ടു അത്യന്തം സുന്ദരമായിത്തീർന്ന "വാഴക്കുല"യ്ക്കു കാവ്യലോകത്തിൽ അനശ്വരപ്രതിഷ്ഠ സമ്പാദിക്കാൻ അധികകാലം വേണ്ടിവന്നില്ല. "കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി" അണിയറയിൽനിന്നു രംഗപ്രവേശം ചെയ്യുന്ന "കാവ്യനർത്തകി" ഒരു മായാത്ത ചിത്രംതന്നെ.

വള്ളത്തോളിന്റെ ആദർശങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു കലാസൃഷ്ടി നടത്തുന്ന വെണ്ണിക്കുളവും ഭക്തിയുടെ കൈത്തിരിയുമേന്തി ജനതയെ അവാച്യമായ ഏതോ ഒരു ആനന്ദലോകത്തിലേക്കു ഉയർത്തുന്ന പി. കുഞ്ഞിരാമൻനായരും കാവ്യലോകത്തിന്റെ കാവൽക്കാരായി പരിലസിക്കുന്നു. വിഷാദാത്മകമെങ്കിലും, സൌന്ദര്യബോധം കിടന്നോളം വെട്ടുന്ന കവനങ്ങളാൽ ഭാഷയെ [illegible]രമാക്കിയ പാലാ നാരായണൻനായരുടെ കൃതികളെപ്പറ്റി അധികമൊന്നും പറയേണ്ടതില്ല. "രമണ"നിലൂടെ അനുവാചകരെ കരയിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത വൈലോപ്പിള്ളിയുടെ കലാസൃഷ്ടികൾ, കലാസൌന്ദര്യം കടഞ്ഞെടുത്തവയാണ്. "അമ്മ" എന്ന ഒറ്റ കൃതിയാൽ തന്നെ ബാലാമണിയമ്മ കേരളീയരുടെ ഹൃദയങ്ങളിൽ പതിഞ്ഞു ചേർന്നുകഴിഞ്ഞു. അവരുടെ കവിതകളിൽ കാണുന്ന വിനയവും വാത്സല്യവും സ്നേഹവും ആത്മധൈര്യവും അവരിലും കാണാം. ചിറകടിച്ചുകൊണ്ടു കൈകൊട്ടി വിളിച്ചു ആർഭാടത്തോടെ കീർത്തിപതാക പാറിപ്പിക്കുന്ന സ്വഭാവം അവരിലില്ല. മണ്ണിൽ ഒരൊഴിഞ്ഞ മൂലയിൽ ലൌകികനേട്ടങ്ങളുടെ അരിമണികൾ കൊത്തിക്കൊറിക്കുന്ന ആ സുകുമാര മാടവിനയത്തിൽ അനന്തമായ ആകാശത്തിന്റെ ഇരുട്ടും വെളിച്ചവും സ്വയം അലിഞ്ഞുചേർന്നിരിക്കയാണ്........

ഇങ്ങനെ അനേകം കവികളാൽ പരിലാളിക്കപ്പെട്ടുപോരുന്നതിനിടയ്ക്കു പല പ്രസ്ഥാനങ്ങളും മലയാളകവിതയിൽ ഉടലെടുത്തിട്ടുണ്ട്. ടാഗോർ സാഹിത്യവുമായുള്ള സമ്പർക്കമാണ് മിസ്റ്റിസിസവും സിംബോളിസവും മലയാളത്തിൽ ഉത്ഭവിക്കുവാൻ സഹായിച്ചത്. ഇത്തരം കവിതകൾ "ചിന്തക്കുഴപ്പം സൃഷ്ടിക്കുന്നുണ്ടെങ്കിലും" നമ്മുടെ ഹൃദയത്തെ തട്ടിയുണർത്തുവാൻ അവയ്ക്കു കഴിയും. ഒരു ലയംപിടിപ്പിക്കുന്ന സംഗീതമാധുരി നാമറിയാതെതന്നെ നമ്മുടെ ഉള്ളിൽ എത്തിക്കുവാനും അവയ്ക്കു സാധിക്കും.

ശ്രീ: ശങ്കരൻനമ്പ്യാരാണ് "ഗീതകപ്രസ്ഥാന"ത്തിന്റെ ഉപജ്ഞാതാവ്. ഒരൊറ്റ ആശയവീചിയിലൂടെ അനുവാചകരുടെ മനസ്സിൽ കോളിളക്കങ്ങളുണ്ടാക്കാൻ ഗീതകങ്ങൾക്കു കഴിയും.

വിഷാദാത്മകത്വത്തെ ഒരു പ്രസ്ഥാനമാക്കാൻ അശ്രാന്തപരിശ്രമം നടത്തിയതു ഇടപ്പള്ളികവികളാണ്. രണ്ടുപേരും നീറിപ്പിടയുന്ന നിരാശയുടെ ഇരിപ്പിടങ്ങളായിരുന്നു; പരാജയത്തിന്റെ [illegible]ങ്ങളും!

മലയാളകവിത ഇന്നൊരു സ്തംഭനാവസ്ഥയിലാണെന്നാണ് ചില ആളുകളുടെ അഭിപ്രായം. പക്ഷേ ഇപ്രകാരം വികസിച്ചുവരുന്ന പ്രസ്ഥാനങ്ങളും വ്യക്തിപ്രഭയുള്ള കവികളും ഉള്ളപ്പോൾ കവിതയുടെ ക്രമ്പ് എങ്ങനെയാണ് അടഞ്ഞുപോകുന്നത്? പഴയ രീതികൾ മാറി, പുതിയ രീതികൾ അംഗീകൃതമായെന്നുവെച്ചു സ്തംഭനമാകുമോ? ജി. ശങ്കരക്കുറുപ്പ് ഒരിക്കൽ,

'ജീവിതത്തിൻ പഴന്നൂലുകൾകൊഴിഞ്ഞതലെ-
ന്നീവിധമുള്ള ചിറകടിയാൽ,
ആറുനൂറായിരമല്ല പരിണാമ-
നൂതനാംശങ്ങൾ മൊട്ടിടുന്നു'

എന്നു പാടിയിട്ടുണ്ട്. അതേ, 'പഴയ പൂക്കൾ കൊഴിഞ്ഞു പുതിയ ,, കൾ ഉണ്ടാകുകയെന്നതു ലോകസ്വഭാവമാണ്. അതുകൊണ്ടു നമുക്കു ഉറച്ചുപറയുവാൻ സാധിക്കും, "മലയാളകവിതയുടെ ക്രമ്പടഞ്ഞിട്ടില്ല; അതിന്നും സജീവമാണ്."

---

## സ്നേഹത്തിന്റെ നെടുവീർപ്പ്

അന്നു ഞാൻ കണ്ട മോഹനാനന-
മെന്നെനിക്കിനിക്കണ്ടിടാം !
സ്വപ്നലോകവിലാസലോലനാ-
യെത്രനാൾ ഞാൻ കഴിച്ചിടാം !
ഓമലാളെ ഞാൻ പൊൻകിനാക്കളി-
ലോമനിക്കവേ നിത്യവും
ഉൾമിന്നൽ കൈവിളക്കേന്തി വ-
ന്നെത്തി നോക്കും നിശീഥിനി.
എന്റെ ഹൃത്തടത്താരിനോടുടൻ
നൃത്തം വച്ചു ചന്ദ്രിക.
എന്നെ മേഘലനുഗ്രഹിച്ചുകൊ-
ണ്ടെന്റെ മേൽ, പരിതുഷ്ടയായ്
കൊച്ചു താരകപ്പൂക്കളംബരം
വാരിവാരി വിതറിടും.
അന്നു വിദ്യാലയത്തിലേക്കു ഞാൻ
സഞ്ചിതമോദം പോകവേ,
ഒന്നു പുഞ്ചിരിതൂകിയന്നാവഴി-
ക്കന്നതാംഗിയാൾ വന്നിടും.
നോട്ടു പുസ്തകമെല്ലാം മാറണി-
ച്ചിട്ടു സാരിയിലാഴ്ത്തിയും,
വാമമാം കരം, വാമനേത്രയാൾ
ശ്രോണിയോടതിൽച്ചുറ്റിയും,
ഒട്ടലഞ്ഞുലഞ്ഞതിട്ടും പൊഴ-
ത്തൊട്ടുലച്ചുമെൻ ഹൃത്തടം.
നിത്യമുണ്ടവൾക്കെന്നെ തോല്പിപ്പാൻ
സത്യ സൗന്ദര്യ മഞ്ജരി;
തർക്കമില്ല,തിൽ വ്യക്തമായ് കണ്ടേൻ
നിഷ്കള സ്നേഹപല്ലവി.
"എത്രമേലേറമാ 'ആററംബോംബി'ലു-
മെത്ര 'ഹൈഡ്ര'ജൻ ബോംബി'ലും
ഏതിലും നശിക്കാത്ത വസ്തുവി-
ന്നേതു, ചൊല്ലുകെന്നോമലേ!"
ഓതിനേൻ, "ഞാൻ തരുവേൻ സമ്മാന-
മോതുകിൽ, കളഭാഷിണി!"
'ഏതുസമ്മാന'മോമലിൻ ചില്ലി-
ക്കൊടി ചിഹ്നം കുറിച്ചിതേ.
"എൻ ഹൃദയം നിനക്കു നൽകുവാ-
നാണു, ഏകമാമെൻ ധനം."
അപ്പൊഴവളെപ്പമേതിനാ-
ഉൾപ്പുളകിത ഗന്ധയായ്:
"മന്നിൽ ശാശ്വതം പാവന സ്നേഹ-
മെന്നേ കാണ്മൂ ഞാനെൻ പ്രിയാ !"
ഉതിർ വീണിതക്കൺകളിൽനിന്നു-
മെന്നു രണ്ടു വെൺ മുത്തുകൾ,
നെഞ്ചകത്തിൽ നിഗൂഢമായിട്ടും
പിഞ്ചുരാഗരവിത്തുകൾ.

× × × ×

× × × ×

ജീവിതവഴിത്താരതന്നിൽ ഞാൻ
ക്ഷീണചിത്തനായ് നിൽക്കവേ
ദിവ്യസന്ദേശം പാടിയെത്തുന്നു-
ണ്ടിന്നു മധുമയവേളകൾ.
കാലചക്രത്തിരിപ്പിൽ ഞങ്ങളെ
കാലം പോയ് മറഞ്ഞിടിലും,
രണ്ടു ഹൃത്തിൻ തുടിപ്പതിൻ താള-
സ്നേഹനിശ്വാസവീർപ്പുകൾ
എന്നുമെന്നു മലയടിച്ചിടു-
മുന്നതമീ വിൺമണ്ഡലേ.

By

മരിശേരി 22-11-54. | M. G. KALADHARAN B. Sc.
*Old Student.*

# സ്മരണ

(പി. കെ. ബി. നായർ, ബി. എ.)

(കേക)

ശാന്തസുന്ദരം ഗ്രാമരംഗവും ശിവക്ഷേത്ര
പ്രാന്തവും സമീപത്തു നിന്നിട്ടമശ്വത്ഥവും
അവിടെ ശോണച്ഛവി തിങ്ങിടും നെല്പാടത്തിൻ
കരയിൻ കാവൽക്കാരാം കേരകല്പകങ്ങളും
ഇന്നവ വിദൂരസ്ഥമെങ്കിലും സമാശ്വാസ
ബിന്ദുവാൽ തലോടുന്ന തപ്തമാം ഹൃദന്തത്തെ
ശാന്തിയിൽ തങ്കച്ചാറാലംബരം തുടുക്കുമ്പോൾ
ചിന്തയിൽ പറന്നെത്തുമന്നത്തെ സായന്തനം
അഴകും ശുചിത്വവുമൊഴുകും ഗൃഹത്തിന്റെ
വഴിയിൽ തരും ചൂടി വല്ലികൾ വിളങ്ങുന്ന

*   *   *

തുളസിത്തറയ്ക്കലേയ്ക്കോമലാൾ കയ്യിൽദ്ദീപ
ശിഖയും പേറിക്കൊണ്ടു മന്ദമായടുത്തപ്പോൾ
എരിയും തിരിക്കുള്ള നാളവും മങ്ങിടുമ്പോലെ
വിരവിൽ സന്ധ്യാളത്തിൻ കണ്ണിണയാനാളികണ്ടു
സ്വപ്നവും യാഥാർത്ഥ്യവും തോളുചേർത്തുതുള്ളുന്ന
ശക്തിയിൽ ഭാഗ്യത്തിന്റെ നർത്തനം ദർശിച്ചല്ലോ
ഒഴുകും ലാവണ്യത്തിൻ നീഹാരബിന്ദുക്കളാൽ
തഴുകിന്നാഴത്തിലായ് മുങ്ങിയാ ഗൃഹാങ്കണം
"മകളേയാരാണതു്?" വൃദ്ധയാം മാതാവോതി
"ഒരു നൽ സുഹൃത്തമ്മേ, കവിയാം ദിവാകരൻ"
അവിടെ കോലായിലായാതിഥ്യ സൽക്കാരത്തി-
നഴവും പുല്പായെന്ന സസ്പൃഹം ക്ഷണിക്കയായ്
"പാവമാണെന്നും ശാന്ത വയസ്സായിരിക്കുന്ന
ഭാരമാണെന്നോർത്തോവും മകനേ യോഗം വേണ്ടേ"
ഓതി ഞാൻ "കാലം വരും സാരമില്ലമ്മേ ഖേദ-
മേതുമൊത്തുണ്ടാകല്ലേ പോട്ടെഞാൻ പിന്നെക്കാണാം"
വളതൻ കിലുക്കവും കേട്ടു ഞാൻ തിരിഞ്ഞപ്പോൾ
വിളറും ദീപത്തിലായ് കണ്ണുനീർ പതിക്കുന്ന
ഇതളാണെങ്കിലും പാരിലെങ്കിലെൻ ഹൃത്തട്ടിലെ
തിരിയും പ്രകാശവും വ്യക്തമായ് തിളങ്ങുന്നു.

*   *   *

കാലമേ നിരാലംബനായൊരെൻ ദൗർഭാഗ്യത്തിൽ
നീ സദാ രസിക്കുന്ന നിർദ്ദയം ഗർജ്ജിച്ചെന്നാ
എങ്കിലും വിദൂരത്തിൽ ഗ്രാമലക്ഷ്മിയായ് മിന്നും
പങ്കില വിഹീനയാം തോഴിയെ സ്മരിക്കുമ്പോൾ
അഴലിൻ തീച്ചൂളതൻ നിഴലും കാണുന്നീലാ
അകളങ്കമാമെന്റെ രാഗമേ ജയിക്കാവൂ.



# *ആശാൻ ഒരു നവോത്ഥാനത്തിന്റെ മാർഗ്ഗദർശി

P KUTTAPPAN, Senior B. A.

ഒരു കലാകാരനെ നിരൂപണം ചെയ്യുമ്പോൾ, അദ്ദേഹം ഏതൊരു കാലത്തിന്റെ അഥവാ സാഹചര്യത്തിന്റെ സന്താനമാണെന്നറിയേണ്ടതുണ്ടു്. കാലദേശാന്തരങ്ങളിലെ സാഹചര്യങ്ങളാണു് കലാസൃഷ്ടിയുടെ ഉറവിടം. ഏതൊരു സാഹിത്യകൃതിയിലും അതതു കാലത്തിന്റേതായ പ്രത്യേകതകൾ ഉടനീളം കലർന്നു കിടക്കുന്നതായി നമുക്കനുഭവപ്പെടുക സാധാരണയാണു്. ചിലതിൽ അതു പ്രകടമായിരിക്കയില്ലെന്നു മാത്രം. കാലം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ നിന്നുകൊണ്ടു ലോകത്തെ വീക്ഷിക്കുന്ന ഒരു കവി അഥവാ സാഹിത്യകാരൻ നിലവിലിരിക്കുന്ന സ്ഥിതിഗതികളെ അവഗാഹം പഠിച്ചു സ്വാഭിപ്രായങ്ങൾ പകർത്തുകയാണു ചെയ്യുന്നതു്. ജീവിതത്തിലെ ഏതൊരു തുറയിലുമുള്ള ന്യൂനതകളെ ഉയർത്തിക്കാട്ടുന്നതിനും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതിനുമുള്ള സാഹിത്യകാരന്റെ സ്വാതന്ത്ര്യം പല സാമൂഹ്യപരിവർത്തനങ്ങൾക്കും ഇടവരുത്തിയിട്ടുണ്ടു്. ലോകചരിത്രം ഈ പരമാർത്ഥത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടു്.

കാലം ചെല്ലുംതോറും ജീവിതം കൂടുതൽ കൂടുതൽ സങ്കീർണ്ണമാവുകയാണു്, പരിവർത്തനങ്ങൾ അനുദിനമെന്നോണം ആവശ്യമായി വരികയാണു്. 'നാളെ'യും 'ഇന്നലെ'കളും മദ്ധ്യവർത്തിയായ 'ഇന്നി'ൽ സ്ഥിതിഗതികൾ അങ്ങനെ തങ്ങിനില്ക്കുന്നു എന്നുമാത്രം. പക്ഷേ ഈ പരിവർത്തനങ്ങളെല്ലാമൊന്നും, അറിഞ്ഞോ അറിയാതെയോ, മനുഷ്യപുരോഗതിയെ ബാധകമാക്കിക്കൊണ്ടുള്ളവ മാത്രം ആയിരുന്നിട്ടില്ല. സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ രംഗങ്ങളിലേയും സ്ഥിതി ഇതു തന്നെ. സ്വാർത്ഥമതികളുടെ സ്ഥാപിതതാല്പര്യങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി സമുദായമദ്ധ്യത്തിൽ മുളപ്പിച്ച ദുരാചാരങ്ങൾ, ഏകാധിപത്യരാഷ്ട്രങ്ങളിൽ അധികാരദുർമ്മോഹം വരുത്തിവച്ച കെടുതികൾ, മുതലാളിമാരുടെ സാമ്പത്തിക വാഞ്ഛയുടെ ദുരന്തഫലങ്ങൾ, ഇതൊന്നും നമ്മുടെ പരിചയപരിധിക്കപ്പുറമല്ല. പക്ഷേ ഈ ആശയങ്ങളെല്ലാം അധികനാൾ നിലനിന്നുകാണുന്നില്ല. പുരാണവും ചരിത്രവും സമർത്ഥിക്കുന്ന പരമാർത്ഥമാണതു്. ആശയങ്ങൾ അങ്ങനെ വളർച്ചപ്രാപിക്കുമ്പോഴാണു്, പലപ്പോഴും കലാപങ്ങൾ പൊട്ടിപ്പുറപ്പെടാറുള്ളതു്. ഭാരതയുദ്ധം, ഫ്രഞ്ചുവിപ്ലവം, അമേരിക്കൻ സ്വാതന്ത്ര്യസമരം, കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങൾ, ഇതെല്ലാം മതിയായ തെളിവുകളാണു്. മാനസിക പ്രചോദനത്തിൽക്കൂടി ഏതൊരു വിപ്ലവത്തിനും കളമൊരുക്കുന്നതിൽ സാഹിത്യകാരന്മാർക്കു അനിഷേധ്യമായ ഒരു പങ്കുണ്ടു്. ഫ്രഞ്ചുവിപ്ലവത്തിന്റേയും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റേയും ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റേയും, അങ്ങനെ മറ്റു പലതിന്റേയും പിൻപിൽ ആത്മാർത്ഥമായി പ്രചോദനം നല്കിയ കനത്ത തൂലികകൾ പ്രവർത്തിച്ചിരുന്നു എന്ന പരമാർത്ഥം നമുക്കറിയാം. കവികൾ ലോകത്തിലെ പ്രഖ്യാപിതരല്ലാത്ത നിയമനിർമ്മാതാക്കളാണെന്നു ഷെല്ലിയും, മനുഷ്യാത്മാവിന്റെ എഞ്ചിനീയറന്മാരാണെന്നു സ്റ്റാലിനും നല്കിയ ബഹുമതിപത്രങ്ങൾ ഈ അവസരത്തിൽ സ്മരണീയങ്ങളാണു്. ഇങ്ങനെ, സാമൂഹ്യ പരിവർത്തനത്തിൽക്കൂടി സാംസ്കാരികോന്നമനം കൈവരുത്തുവാൻ കവികൾക്കും സാഹിത്യകാരന്മാർക്കുമുള്ള കഴിവു വലുതാണെന്നു നമുക്കു മനസ്സിലാക്കാം. 'ഭ്രാന്താലയം' എന്ന പേരു കേൾപ്പിച്ച കേരളത്തിലെ സാമുദായിക ദുരാചാരങ്ങളെ ദൂരീകരിക്കുന്നതിലും തൂലിക ചലിപ്പിച്ച ഏതാനും മഹാശയന്മാരെയും ഇക്കൂട്ടത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതുണ്ടു്. അവരിൽ മഹാകവി കുമാരനാശാൻ അഗ്രഗണ്യനാണു്.

കേരളീയ സാഹിത്യാന്തരീക്ഷത്തിൽ പുതുമയുടേയും, പുരോഗതിയുടേയും കൈത്തിരിയുയർത്തി ഒരു നവോത്ഥാനത്തിനു മാർഗ്ഗദർശനം ചെയ്തു അനശ്വര യശസ്സാർജ്ജിച്ച ഒരു മഹാശയനാണു മഹാകവി കുമാരനാശാൻ.

*കോളേജ് യൂണിയൻ [illegible] അവതരിപ്പിച്ചതാണ്.

ഒരു സാമുദായികോദ്ധാരകൻ മാത്രമായിരുന്നില്ല ആശാൻ. പ്രത്യുത ഏററവും പുരോഗമനപരങ്ങളായ ആശയങ്ങളെ, ഭാവനാസമ്പൂർണ്ണവും വാസനാസമ്പന്നവുമായ ഹൃദയവീണയുടെ മൃദുതന്ത്രികളാൽ മീട്ടി ആസ്വാദ്യഹൃദ്യമാക്കിത്തീർത്ത ഒരു അനുഗൃഹീത കവീശ്വരൻകൂടി ആയിരുന്ന അദ്ദേഹം. എന്നാൽ ആശാന്റെ ആശയങ്ങൾ അഥവാ അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ള 'തത്വപ്രതിപാദനങ്ങൾ പരിശോധിപ്പാനാണ്' എന്ന വാദമുഖം ഉന്നയിച്ചവരെ ഒന്നു രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകകൂടിയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ആശാന്റെ കവിതകളിൽ ബാഹ്യവും ആന്തരികവുമായ പുത്തനും പുരോഗതിയും ഒത്തിണങ്ങുന്നുണ്ട്. ഒരു നൂതന പ്രസ്ഥാനത്തെ അവലംബിച്ചു, പുരോഗമനപരങ്ങളായ ആശയങ്ങളെ സ്വാതന്ത്ര്യവും ഹൃദ്യവുമായ ഭാഷയിൽ അവതരിപ്പിച്ചതിലാണ് അദ്ദേഹത്തിന്റെ കൃതികൾക്കുള്ള മേന്മ സ്ഥിതിചെയ്യുന്നതു്. അതെ, കൈരളീക്ഷേത്രത്തിലേക്ക് ഒരു പുതിയ സാഹിത്യസരണി വെട്ടിത്തുറന്ന പുരോഗതിയുടെയും സ്വാതന്ത്ര്യത്തിന്റെയും കാഹളമൂതിക്കൊണ്ടു ഒരു ധീരയോദ്ധാവിന്റെ ചങ്ക്രമത്തോടെ ഒട്ടേറെ ദൂരം യാത്രചെയ്തതായിരുന്നു ആശാന്റെ നേട്ടം. സദുപദേശപ്രധാനങ്ങളായ കവിതകൾ രചിച്ചു ഒരു ആദർശവാദിയായി സാഹിത്യാന്തരീക്ഷത്തിൽ രംഗപ്രവേശം ചെയ്ത ആശാൻ കാലാന്തരത്തിൽ തന്റെ ശ്രദ്ധയെ, അവശതയും അസമത്വവും അനുഭവിക്കുന്ന അധഃകൃതവർഗ്ഗത്തിലേക്കു തിരിച്ചുവിട്ടു; സമുദായോദ്ധാരണത്തിന്റെ കാഹളമൂതിക്കൊണ്ടു അദ്ദേഹം മുന്നേറി. തന്റെ ലക്ഷ്യത്തിലെത്തിച്ചേരുവാനുള്ള വ്യഗ്രതയിൽ പുരോഗതിക്കു വിഘാതമായി നിന്നിരുന്ന എല്ലാ പ്രതിലോമ ശക്തികളെയും നിശിതമായി എതിർത്തുകൊണ്ടുള്ള ഒരു മുന്നേററമായിരുന്നു ആശാന്റേതു്.

മനുഷ്യന്റെ അന്തഃകരണങ്ങളിൽ ഒരു വലിയ പരിവർത്തനം വരുത്തുവാൻ ആശാന്റെ കൃതികൾ തികച്ചും പര്യാപ്തങ്ങളായിരുന്നു. മനുഷ്യനും മനുഷ്യനുമായുള്ള അന്തരം ജാതിയിലും മതത്തിലുമല്ല ഒതുങ്ങി നില്ക്കുന്നതെന്നും, പ്രത്യുത, വിവേകശാലിയായ മനുഷ്യന്റെ അന്ധവിശ്വാസജടിലമായ ഹൃദയാന്തരാളത്തെ വിമലവും വിശാലവുമാക്കി, ഓരോരുത്തനും അങ്ങനെ മനുഷ്യനായി മാറുന്നതിലും അല്ലാത്തതിലും തന്നെയാണുള്ള ഉദ്ബോധനം, ജാതിഭ്രാന്ത് അങ്ങേയററം കൊടുമ്പിരിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ, നല്കുകയായിരുന്ന ആശാൻ ചെയ്തതു്. ജാത്യാചാരമലീമസമായ കേരളീയാന്തരീക്ഷത്തിൽ ഒരു നവോത്ഥാനത്തിന്റെ മാർഗ്ഗദർശിയായി, പുരോഗമനത്തിന്റെ കൈപ്പന്തമേന്തി, പ്രത്യക്ഷപ്പെട്ട ആശാൻ ആവിഷ്കരിച്ചിട്ടുള്ള തത്വചിന്തകൾ എല്ലാംതന്നെ പുഷ്ടമായും പുരോഗമനപരങ്ങൾ തന്നെ ആയിരുന്നു എന്നു അദ്ദേഹത്തിന്റെ ഓരോ കൃതിയും ഉൽഘോഷിക്കുന്നുണ്ട്.

വേദനത്തിൽ ഉയർന്നിന്ന കവിത പുരപ്പാട്ടിൽവരെ എത്തിച്ചേർന്ന കാലത്താണ് ഹൃദയത്തിന്റെ അഗാധഗർത്തങ്ങളിലേക്കു ആണ്ടുചെല്ലുന്ന ഒരു രോദനം സാഹിത്യാന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ടതു്. "ഹാ പുഷ്പമേ........................................" എന്നു്. ഭാഷാസാഹിത്യലോകത്തിൽ 'വീണപൂവ്' ഒരു പുതിയ പ്രസ്ഥാനത്തിന്റെ അരുണോദയമായിരുന്നു. ഹൃദയഭേദകമാംവണ്ണമാണ് ആശാൻ ആ വീണപൂവിൽ മാനവജീവിതത്തെ പരിശോധനം ചെയ്തിരിക്കുന്നതു്. ഇതളുകൾ വാടി, കായശോഭ നശിച്ചു, വീണു കിടക്കുന്ന ഒരു മലരിന്റെ ദർശനത്തിൽ കവിഹൃദയത്തിൽ ഒരു കോളിളക്കം തന്നെ ഉണ്ടാവുകയാണ്. 'വീണപൂവ്' അങ്ങനെ സചേതനമായി. വ്യംഗ്യഭംഗിയും, സ്വാതന്ത്ര്യശൈലിയും, ആശയാവിഷ്കരണത്തിന്റെ നവീനതയുമാണ് ഈ കൃതിയുടെ മേന്മയ്ക്കു നിദാനം. അഴകിനു കേദാരമായ ആ വീണപൂവിന്റെ അസ്ഥിരതയിൽ കവി ദീനദീനം വിലപിക്കുന്നുണ്ട്. പക്ഷേ, അതോടൊപ്പംതന്നെ ജീവിതത്തിന്റെ അവസ്ഥാഭേദങ്ങളെപ്പററി മനുഷ്യനെ ചിന്തിപ്പിക്കുന്നതിനും, സൽവൃത്തിയുടെ ആന്തരികമായ സൌകുമാര്യത്തിനു വാട്ടമോ കോട്ടമോ തട്ടുകയില്ലെന്ന തത്വം മനസ്സിലാക്കി അവനെ സദാചാരനിരതനാക്കുന്നതിനുംകൂടി ഈ കൃതിയിൽ ആശാൻ ശ്രമിച്ചിട്ടുണ്ട്. അധഃസ്ഥിതമായ ഒന്നിന്റെ ശോചനീയമായ അ



# THE SENIOR DAYSCHOLARS' ASSOCIATION HOCKEY TEAM

## WINNERS OF THE PANIKAR MEMORIAL CUP



*Bottom row*: G. Samuel; Abraham Varughese
*Middle row*: Y. Cherian; Abdul Rahiman (Ath. Representative); Varughese Mathew (Captain); K. Gangadharan Nair (Secretary); I.C. Philipose.
*Top row*: C. Mathew; P. T. Joseph; Ashok Kumar; Ramachandran; Alex Thomas; T. P. Joseph; Karunakaran Nair; P. J. Mathew.

# THE COLLEGE TENNIS TEAM




*Sitting*: Sonny Varughese (Captain); T. B. Ninan (Principal); A. K. Baby (President.)
*Standing*: Stephen Thomas; Philipose Panicker; C. P. Andrews (Physical Director); Koshy Stephanos.

## THE NEW HOSTEL DRAMATIC CLUB



*Sitting:* Venu: A. Bhaskaran Pillai; K. G. Mathai (Warden); V. K. Mathew; Mony.
*Standing:* O. C. Abraham; Radhakrishnan Nair (Secretary); P. G. Koshy; M. S. Thomas (Director); Pathrose Mathai (Convener); C. A Ipora; Abraham Thomas; Jose Karottu.

## THE TAGORE HOSTEL DRAMATIC CLUB



*Bottom row:* A. M. Chacko; C. K. Joseph; K. P. Mathew (Warden); Rajagopalachari; P. T. John.
*Middle row:* Mathew Kurien; Thomas Chandy; Abraham E. Jacob; N. K. Mathai; M. G. Mathew.
*Top row:* K. E. Eapen (Secretary); John Philip; K. T. Mathew; Abraham Varughese (Convener).

വസ്ഥയെ വളർത്തിക്കൊണ്ടു തന്റെ കാവ്യം ആരംഭിക്കുന്ന ആശാൻ, സകലരേയും സ്വകൃതിയിലേക്കാകർഷിപ്പിക്കുന്നതിനും തദാരം അധഃസ്ഥിതരെപ്പററി ചിന്തിപ്പിക്കുന്നതിനുംകൂടി മനഃപൂർവ്വം ശ്രമിക്കുകയായിരുന്നിരിക്കണം. എല്ലാററിനും ഉപരിയായി ആശാൻ ഒരു തികഞ്ഞ ശ്രീബുദ്ധവിശ്വാസികൂടി ആയിരുന്നു എന്നും മനസ്സിലാക്കുന്നതിനു പ്രയാസമില്ല.

'സല്ലംബമേയിവിടെമാന്തു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടുന്നീ'

ഇതു് അതിനുദാഹരണമാണ്. ആശാൻ ശ്രേണികളെയും, ശ്രേയസ്കരമായ ജീവിതത്തെയും അത്രയേറെ പാടി പുകഴ്ത്തുന്നുണ്ട്. ഇതും പുരോഗതിയിലുള്ള അഭിലാഷംകൊണ്ടു തന്നെയാണ്. 'വീണപൂവി'ൽ കരുണാർദ്രവും ശോകപൂർണ്ണവുമായ ചിന്താഗതിയിലാണ് പുരോഗമനം നിഴലിക്കുന്നതെന്ന് സൂക്ഷിച്ചുനോക്കിയാൽ കാണാൻ കഴിയും.

കരുണാദ്രയിഷ്ടമായ "ശൃംഗാരത്തിൽനിന്നും കരുണാനാപിതമായ വീരത്തിലേക്കുള്ള ആശാന്റെ ഒരെത്തിനോട്ടമാണ്" "ഒരു സിംഹപ്രസവം". ഘോരസിംഹത്തിന്റെപോലുള്ള സ്വാതന്ത്ര്യത്തിൽ കവി അനുതപിക്കുകയാണ് ചെയ്യുന്നതു്. അധഃസ്ഥിതിയിൽ ആത്മോത്കർഷവും ബന്ധനസ്ഥരിൽ ആത്മഗൗരവും പ്രദർശിപ്പിക്കുന്ന ഒരു കവിയുടെ ത്രപ ചിന്തകൾ എങ്ങനെ 'പിന്തിരിപ്പൻ' ആകും?

'നളിനി'യിലും 'ലീല'യിലുംകൂടി വിശേഷാന്തരമായ ഒരു ലക്ഷ്യത്തെ അഭിമുഖീകരിക്കുകയായിരുന്നു ആശാൻ. 'നളിനി'യിൽ യഥാർത്ഥസ്നേഹത്തിന്റെ ക്രമാനുഗതമായ വളർച്ച് സ്ത്രീപുരുഷന്മാരിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നു ചിത്രീകരിക്കുകയാണ്. ഇതിലെ അംഗിയായ ശൃംഗാരരസം വളരെ സൂക്ഷ്മമാണെങ്കിലും 'കറയില്ലാത്ത' ആ ശൃംഗാരത്തിനു വിഷയവിഭാവമായ ഒരു സന്യാസിയുടെ ശുഷ്കഹൃദയത്തിൽപോലും പ്രണയപ്രദീപം കൊളുത്തുവാൻ ശക്തിയുണ്ടെന്നു നളിനി വ്യക്തമാക്കുന്നു. നളിനി, ദിവാകരനിൽ സ്വജീവിതത്തെ സമർപ്പിച്ചു. അവരുടെ ഹൃദയത്തിൽ രൂഢമൂലമായികിടന്ന അനുരാഗം വളർന്നുവളർന്ന് അതിന്റെ പരമകോടിയിൽ എത്തിച്ചേർന്ന് എന്നതിനും ഇവിടെ ശുദ്ധഹൃദയയായ നളിനിയെ ദിവാകരൻ യഥായോഗ്യം പ്രണയിക്കാതിരുന്നതിലും നളിനിയുടെ അകാലചരമത്തിൽ കഥ അവസാനിപ്പിച്ചിട്ടുള്ളതിലുമാണ് പിന്തിരിപ്പൻ സ്വഭാവം പ്രകടിപ്പിക്കുന്നതു്. എന്നാൽ നളിനിയോ അവളിൽ ഉൾക്കൊണ്ടിരുന്ന അനുരാഗമോ നശിച്ചിട്ടില്ല; അതു നശിക്കയുമില്ല. 'നളിനി'യിലെ സർവ്വാതിശായിയായ ശൃംഗാരത്തിന്റെ മാററുരച്ചുനോക്കുന്ന നികഷം മാത്രമാണ് ആ മരണം. ആശാൻ കൈകാര്യം ചെയ്ത ശൃംഗാരരസം സർവ്വാതിശായിയാണ്. ജീവിതംകൊണ്ടോ മരണംകൊണ്ടോ അവസാനിക്കുന്നതല്ല അതു്. അങ്ങനെ ഒരു ശൃംഗാരത്തെ ഭാവനചെയ്ത് അതിന്റെ അനുക്രമമായ വളർച്ചയെ വളർത്തിച്ചശേഷം നളിനിയുടെ മരണത്തോടുകൂടെ അതിന്റെ മഹാത്മ്യത്തെ നന്നെ ബോദ്ധ്യപ്പെടുത്തുകയാണ് ആശാൻ ചെയ്യുന്നതു്. നളിനിയുടെ മരണമാണ് നിസ്തുല്യമായ ആ ശൃംഗാരരസത്തെ സുരന്മാരുടെ മായാത്ത മണിക്കോവിലിൽ സ്ഥിരപ്രതിഷ്ഠമാക്കിയിരിക്കുന്നതു്.

"വിലയെഴുമനുരാഗമതാലാൽ
ഇലയുവതല്ല മറിച്ചുമേറ്റുമേൽ
വിലസിടുമടിയാറാ വെള്ളിപോ-
ലുലയതിലുതിയ പൊന്നുപോലെയും"

ഈ അഭിപ്രായമാണ് 'നളിനി'യിലെ ഉള്ളടക്കത്തിന്റെ ആകെത്തുക. ഇതിലൊന്നു പിന്തിരിപ്പൻ ചിന്താഗതിയാണ് കാണാൻ കഴിയുക.

'ലീല'യിലാണെങ്കിൽ നായികാനായകന്മാർ ഇരുവരും മരണമടയുകയാണന്ത്യത്തിൽ. യഥാർത്ഥ പ്രേമത്തെ പുലർത്തുന്നതിൽ ലീലയും മദനനും വിപരീത സാഹചര്യങ്ങൾ വന്നുകൂടുകയാണ്. എന്നാൽ ഇവിടെയും യഥാർത്ഥ പ്രണയത്തിന്റെ പവിത്രതയ്ക്കു ഏതൊരു വിപരീത സാഹചര്യത്തിലും യാതൊരുതരവും ചലവും പററുകയില്ലെന്ന തത്വം ഉദ്ഘോഷണം ചെയ്യുകയാണ് ആശാൻ. യഥാർത്ഥ പ്രണയം ലൗകികമോ നശ്വരമോ അല്ല. മരണത്തെ അതിക്രമിച്ചു നില്പ്പുന്നതിനുള്ള മഹത്വം അതിനുണ്ട്. ആശാൻ ഇന്നത്തെ

'നളിനി' പ്രേമത്തെയോ പ്രണയത്തെയോ അല്ല ചിത്രീകരിക്കുന്നതെന്നോർക്കണം. യഥാർത്ഥ പ്രണയം ദുഃഖപര്യവസായി ആയിരിക്കുമെന്നല്ല 'നളിനി'യും 'ലീല'യും ഉദ്ബോധിപ്പിക്കുന്നത്. എന്നാൽ മരണത്തെയും അതിക്രമിച്ചുനില്പാനുള്ള മഹത്വം അതിനുണ്ടെന്നു സമർത്ഥിക്കുകയാണു ചെയ്യുന്നത്. അതെങ്ങനെ പിന്തിരിപ്പൻ ചിന്താഗതിയാണെന്ന് ആർക്കു പറയാൻ സാധിക്കും?

'പ്രരോദനം' വലിയ വിമർശനങ്ങൾക്കൊന്നും ഇടവരാത്ത ഒരു വിലാപ കാവ്യമാണ്. സ്വഗുരുവിന്റെ നിര്യാണത്തിലുള്ള നിസ്സഹായമായ ഒരു പ്രരോദനമാണ് ഇതിൽ ഉടനീളം വ്യഞ്ജിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ വിലാപകാവ്യങ്ങളിൽനിന്നും ഭിന്നമാണിത്; അതിൽ കേരളീയതയുടേതായ സ്വഭാവമുദ്ര പതിഞ്ഞു കിടക്കുന്നുണ്ട്. ഇതിലെ ഏതാനും കഥാപാത്രങ്ങൾ സങ്കല്പസൃഷ്ടികളാണ്; പ്രകൃതിയിലെ വിവിധഭാവഭേദങ്ങൾ മാത്രമാണവ. കാവ്യത്തിലെ വസ്തുതയ്ക്കനുസരണമായ ഗഹനത, ആശയാവിഷ്കരണങ്ങളുടെ നവീനത, ഭൗതികവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങളെ വീക്ഷിക്കുന്നതിലുള്ള അഗാധത, അങ്ങനെ പലതും പ്രരോദനത്തിന്റേതായ പ്രത്യേകതകളാണ്. ആശാന്റെ തത്വസംഹിതകളും ആശയഗതികളും ശോകാത്മകമായ ഒരന്തരീക്ഷത്തിൽ കൂടി പുരോഗമിക്കുകയാണ് ഇതിലും.

പുരാണകഥയെ അധികരിച്ചെഴുതിയ ഒരു ഖണ്ഡകൃതിയാണ് 'ചിന്താവിഷ്ടയായ സീത'. 'സുതർമാമുനിയോടയോദ്ധ്യയിൽ' പോയിരിക്കുന്നു. സമയം സന്ധ്യയാണ്. ഏകാകിയായി ഉടജാന്തവാടിയിൽ ഉപവിഷ്ടയായ സീത ചിന്താവിഷ്ടയായിരിക്കുന്ന രംഗം. ഇങ്ങനെ ചിന്തയുടെ അങ്ങേയറ്റം ഉളവാക്കത്തക്ക ഒരന്തരീക്ഷത്തെ സൃഷ്ടിച്ചുകൊണ്ടാണ് സീതയുടെ ചിന്താഗതിയെ ചിത്രീകരിക്കുവാൻ ആശാൻ ശ്രമിക്കുന്നത്. ഒന്നാം തരം ഒരു മനശ്ശാസ്ത്രവിദഗ്ദ്ധന്റെ പാടവത്തോടെ സീതയുടെ മനസ്സിനെ ഒരു ശസ്ത്രക്രിയയ്ക്കു വിധേയമാക്കുകയാണ് ആശാൻ. വാത്മീകിയുടെ സീതയെ അപേക്ഷിച്ച് കൂടുതൽ ഓജസ്സും, തേജസ്സും, അധുനാതനത്വവും, താത്വികബോധവും, മഹാമനസ്കതയും ഉൾക്കൊള്ളുന്ന ഒരു പുതിയ സീതയെത്തന്നെയാണ് വാസ്തവത്തിൽ ആശാൻ അവതരിപ്പിക്കുന്നത്. 'സീതയെ അപകർഷപ്പെടുത്തിക്കളഞ്ഞു' എന്ന മുറവിളി മുഴങ്ങുന്നതിനു തന്നെയും ആശാന്റെ പുരോഗമനപരമായ ചിന്താഗതിയാണ് ഉത്തരവാദി എന്നു പറയേണ്ടിയിരിക്കുന്നു. ഭർത്തൃപരിത്യക്തയായ ആ ചാരിത്രവതിയുടെ പൂർവ്വകാലസ്മരണകൾ, മനസ്സിലെ വിവിധഭാവഭേദങ്ങൾ, അവസാനമായുള്ള സ്വയം സമാധാനപ്പെടൽ, പശ്ചാത്താപം, ഇതെല്ലാം ഇത്ര നവീനവും, ആദർശയോഗ്യവും, യഥാതഥവുമായ രീതിയിൽ വർണ്ണിക്കുവാൻ ആശാനെപ്പോലെയുള്ള അനുഗൃഹീതന്മാർക്കുമാത്രമേ സാധിക്കൂ എന്നു തീർത്തുപറയാം. ചിന്താവിഷ്ടയായ സീതയുടെ അന്തർമണ്ഡലത്തിലെ ചിന്താതരംഗങ്ങളുടെ വൈവിധ്യങ്ങളും, അവയുടെ നിറവും നിത്യതയും നല്കുന്ന പശ്ചാത്തലസൃഷ്ടിയുമാണ് ആശാന്റെ പുരോഗമനോന്മുഖമായ ആശയവിസ്ഫുരണങ്ങളുടെ അത്യുത്കൃഷ്ടമായ നിലനില്പിനു നിദാനം.

'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും ആശാന്റെ പുരോഗമനപരമായ ചിന്താഗതിയെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയാണ് ചെയ്യുന്നത്. എതിരഭിപ്രായങ്ങൾക്ക് അതിൽ പഴുതില്ല. ഇതിവൃത്തത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ പ്രസ്ഥാനത്തിന്റെ പുറപ്പാടാണ് 'ദുരവസ്ഥ' കുറിക്കുന്നത്. ആശാന്റെ ഒരു പ്രത്യേക ഉദ്ദേശത്തെ പ്രകടമാക്കുകകൂടി ചെയ്യുന്നുണ്ട് ഈ കൃതി. അവശസമുദായത്തിന്റെ ഒന്നടങ്കമുള്ള ഉദ്ധാരണമാണ് ആശാൻ ലക്ഷ്യമാക്കിയത്. ജാതിയും ജാതിയിൽ ജാതിയുമായി കിടന്നു ദുഷിച്ച സാമുദായികാന്തരീക്ഷത്തിലെ കെടുതികൾക്ക് അറുതി വരുത്തേണ്ടതു അത്യന്താപേക്ഷിതമാണെന്ന് ആശാൻ ദീർഘദർശനം ചെയ്തു. ജാതിയുടെ നിരർത്ഥകത്വത്തെയും മേലാളന്മാരുടെ മുഴുത്തുനരച്ച മാമൂൽപ്രിയത്വത്തിന്റെ കഴമ്പില്ലായ്മയേയും തുറന്നുകാട്ടി, പുലയനിലും ഭൂസുരനിലുമുള്ള വ്യക്തിത്വത്തിനു വിലകല്പിച്ച് ഉച്ചനീചത്വത്തിനു വിലയിടിവു വരുത്തുകയായിരുന്നു ആശാൻ ചെയ്തത്. യാഥാസ്ഥിതികന്മാരെ അങ്ങേയറ്റം അരിശം കൊള്ളിക്കത്തക്കവണ്ണം അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിച്ച് സാവിത്രി അന്തർജ്ജനത്തെയും ചാത്തൻപുലയനെയും തമ്മിൽ ദാമ്പത്യശൃംഖലയാൽ ബന്ധിപ്പിക്കുക എന്ന ധീരകൃത്യം ഈ കൃതിയിൽകൂടി നിർവ്വഹിക്കുകയാണാശാൻ. വ്യത്യസ്തങ്ങളായ രണ്ടു സമുദായങ്ങളെ പ്രതിനിധീകരിക്കുന്നവരാണവർ; അവശസമുദായത്തെയും മേൽക്കിട സമുദായത്തെയും. പ്രത്യാഘാതങ്ങളെ അവഗണിച്ചുകൊണ്ടുള്ള ഒരു മഹാകൃത്യംതന്നെ ആയിരുന്നു അത്. ആശാന്റെ തത്വചിന്തകൾ പുരോഗമനപരങ്ങളല്ലെന്ന് ആർക്ക് സ്ഥാപിക്കുവാൻ സാധിക്കും?

'ചണ്ഡാലഭിക്ഷുകി'യിലും 'കരുണ'യിലും, ബുദ്ധമതാനുബന്ധിയായ ഇതിവൃത്തത്തെ അവലംബിച്ചുകൊണ്ടുള്ള സാമുദായികോദ്ധാരണ ശ്രമം നടത്തുകയായിരുന്നു ആശാൻ. മാതംഗിയും വാസവദത്തയും മേൽ പറഞ്ഞതുപോലെ തന്നെ ജീവനുള്ള ഓരോ പ്രശ്നത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവരാണ്. ബുദ്ധശിഷ്യനായ ആനന്ദനിൽ മാതംഗിക്കുണ്ടാകുന്ന അഭിനിവേശത്തെ, ശ്രീബുദ്ധഭഗവാന്റെ സാന്നിദ്ധ്യത്തിൽ വച്ച്, ലോകത്തെ ഏകമനം സ്നേഹിക്കുക എന്ന പരമോന്നത പദവിയിലേക്കുയർത്തുന്നതോടെ അതു പരിപൂർണ്ണമാവുകയാണ്. സങ്കുചിതമായിരുന്ന അവളുടെ ഹൃദയം വികസിച്ചു. ലോകത്തെ കണ്ണു തുറന്നു കാണുവാൻ അവൾ പഠിച്ചു. മാതംഗി ഒരു മനുഷ്യസ്ത്രീയായി മാറി. അതുപോലെ തന്നെ വാസവദത്തയുടെ അന്ത്യനിമിഷത്തിൽ ഉപഗുപ്തന്റെ സാന്നിദ്ധ്യവും, കരുണ നിറഞ്ഞ കടാക്ഷവും, പരിചരണവും ഉപദേശങ്ങളും അത് ശമം ശനൈ ദ്രവിപ്പിച്ചും നിർമ്മലമാക്കി നിവൃത്തി ചിന്തിപ്പിക്കുന്നതിനു പര്യാപ്തങ്ങളായിരുന്നു. വാസവദത്ത അറിയേണ്ടതറിഞ്ഞു മനുഷ്യത്വത്തോട്ടുകൂടി മരിച്ചു. മനുഷ്യനെ സദാചാരനിരതനാക്കി, ജീവിതത്തിന്റെ ഉയർന്ന മണ്ഡലങ്ങളിലേക്ക് അവനെ ഉയർത്തുന്നതിലുള്ള ആശാന്റെ പരിശ്രമം യഥാസ്ഥിതികത്വത്തിലോ സങ്കുചിതത്വത്തിലോ ഒതുങ്ങി നില്ക്കുന്നവ ആയിരുന്നില്ല. സാർവ്വലൗകികമായ ഒരു വീക്ഷണഗതിയിൽകൂടി സാർവ്വജനീനങ്ങളായ ആശയങ്ങളെ ശക്തിയുക്തം ഉൽബോധിപ്പിക്കുകയായിരുന്നു ആശാൻ ചെയ്തത്. ഈ കൃതികളിൽകൂടി ആശാൻ ബുദ്ധമത പ്രചാരണം നടത്തുക മാത്രമായിരുന്നു എന്ന വാദം തികച്ചും ശരിയാണെന്നു തോന്നുന്നില്ല. തന്റെ ആശയങ്ങളെ അവ അർഹിക്കുന്ന ഗൗരവത്തോടുകൂടി പ്രസ്താവിക്കുന്നതിനു ബുദ്ധമതാനുബന്ധിയായ ഇതിവൃത്തം പര്യാപ്തമാകുമെന്നുള്ള വിശ്വാസം ആശാനു പൂർണ്ണമായും ഉണ്ടായിരുന്നിരിക്കണം. 'ചണ്ഡാലഭിക്ഷുകി'യുടേയും 'കരുണ'യുടേയും ഉദ്ദേശം തികച്ചും സാമൂഹ്യോന്നമനമായിരുന്നു എന്നുമാത്രം പറഞ്ഞവസാനിപ്പിക്കുകയാണ്, അതിൽ പക്ഷാന്തരത്തിനു അവകാശമില്ലാത്തതുകൊണ്ട്. ഈ ഒരൊറ്റ ഉദ്ദേശം മാത്രം മതിയാകും ആശാനെ 'ജനകീയകവി'പദത്തിലേക്ക് ഉയർത്തുന്നതിനും.

ഇങ്ങനെ, ആശാൻ തന്റെ മുഖ്യകൃതികളിൽ ആവിഷ്കരിച്ചിരിക്കുന്ന തത്വപ്രതിപാദനങ്ങളെല്ലാം തന്നെ പുരോഗമനോന്മുഖങ്ങളാണെന്നു പറഞ്ഞാൽ അതൊരു പരമാർത്ഥം മാത്രമായിരിക്കും. കൂടാതെ സ്വജീവിതത്തിൽകൂടിത്തന്നെ അദ്ദേഹം പ്രായോഗികമാക്കിയിട്ടുള്ള കാര്യങ്ങളുടെ ഗൗരവം അതിനു സഹായിയായ ഒരു തെളിവും കൂടിയാണ്. ആശാന്റെ ജീവിതം തന്നെ യാഥാസ്ഥിതികന്മാർക്ക് ഒരു ഏടാകൂടമായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. പ്രജാസഭയിലും മറ്റും അദ്ദേഹം ചെയ്ത പ്രസംഗങ്ങളും, ശ്രീനാരായണഗുരുവിന്റെ അന്തേവാസിത്വത്തോടു ബന്ധിച്ചുള്ള അദ്ദേഹത്തിന്റെ സാമുദായികോദ്ധാരണശ്രമങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നതു വെറും സർവ്വസംഗപരിത്യാഗിയായ ഒരു സന്യാസിശിഷ്യനെയല്ല; പ്രത്യുത ഒരു തികഞ്ഞ അവശസമുദായോദ്ധാരകനെയാണ്. ജാതിയുടെയും മറ്റു അന്ധവിശ്വാസങ്ങളുടെയും കെടുതികൾ കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് ഒരു മികച്ച വിപ്ലവകാരിയായി അദ്ദേഹം വിപ്ലവധ്വനി മുഴക്കി; പരിവർത്തനങ്ങൾ ഉണ്ടു വരുത്തുന്നതിനു അങ്ങനെ വിത്തു പാകുകയും ചെയ്തു. ആശാൻ ഒരു മികച്ച ആസ്തികൻകൂടി ആയിരുന്നു. എന്നാൽ ഒരു അമ്പലത്തിലോ പള്ളിയിലോ ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല ആശാന്റെ 'ദൈവം'

'കാണപ്പെടില്ല കാണും തരമൊടെതിനെ
കണ്ണില്ല കയ്യില്ല കാലി–
ല്ലൊണ്ണല്ലല്ലാതെ മറ്റല്ലൊന്നുമല്ലുമീ–
ല്ലാതിയില്ലന്തമില്ല.
സ്ഥൂണല്പ്രായം ജഡത്വം ചെറുതുപറയുവാ–
നില്ല മറ്റൊന്നുമല്ലി–
ക്കാണും ബ്രഹ്മാണ്ഡകോടിപ്പെടനടനകലാ–
ശാലിയാണെന്റെ ദൈവം"
(നിജാനന്ദവിലാസം)

അതേ, അതാണ് ആശാന്റെ ആരാധ്യനായ ഈശ്വരൻ. നിരീശ്വരവാദിയെപ്പോലും അസ്വദിപ്പിക്കുന്ന—അനുസരിപ്പിക്കുന്ന—"ദൈവ"മാണത്. കൈക്കൂലിയും കള്ളക്കച്ചവടവും ആ 'ദൈവ'ത്തിന്റെ പേരിൽ നടപ്പില്ല. അതിനെല്ലാം ഉപരിയാണ് ആ ദൈവത്തിന്റെ നില. ആശാൻ ആവിഷ്കരിച്ചിട്ടുള്ള തത്വചിന്തകൾ 'പിന്തിരിപ്പൻ' എന്നു പറയുന്നവർ, നിരീശ്വരവാദികൾതന്നെ ആയിക്കൊള്ളട്ടെ അവർ, ഇതിലെന്തു പറയുന്നു!

ആശാന്റെ ഓരോ കൃതിയും, ഓരോ ആശയവും, ഓരോ പ്രവൃത്തിയും സ്വാതന്ത്ര്യമനോഭാവത്തെ ഉണർത്തുന്നതിനും, അന്ധവിശ്വാസങ്ങളെ ഉച്ചാടനം ചെയ്യുന്നതിനും, സമത്വത്തെ വളർത്തുന്നതിനും ഉതകുന്ന സാമുദായികോന്നമനം സുസാധ്യമാക്കുന്നതിനും ഉതകുന്നവയായിരുന്നു. അദ്ദേഹം സ്വീകരിച്ച സാഹിത്യപ്രസ്ഥാനവും, ഉൽബോധിപ്പിക്കുന്ന ആശയങ്ങളും അനുഭവയോഗ്യങ്ങളാണ്; ആദർശനിഷ്ഠങ്ങളാണ്; ആരാധനീയങ്ങളാണ്. ഒരു നവീനസാമൂഹ്യവ്യവസ്ഥിതിയുടെ പിറവിക്കുവേണ്ടി ധീരോദാത്തമായി, സമരവീര്യമുള്ള തന്റെ തൂലിക ചലിപ്പിച്ച്, സമരവീര്യമുള്ള രചനാരീതിയും വിപ്ലവപ്രവർത്തനങ്ങൾ കൈവരുത്തുവാനുതകുന്ന പരിവർത്തനങ്ങൾ കൈവരുത്തുവാൻ ആശാന് കഴിഞ്ഞു. ആശാൻ ആവിഷ്കരിച്ചിട്ടുള്ള ആശയങ്ങളെല്ലാം തന്നെ പുരോഗമനപരങ്ങളായിരുന്നു— മനുഷ്യപുരോഗതിയെമാത്രം ലാക്കാക്കിക്കൊണ്ടുള്ളവയായിരുന്നു. അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ള ഒരൊറ്റ തത്വപ്രതിപാദനവും പിന്തിരിപ്പൻ മനോഭാവത്തിൽനിന്നും ഉടലെടുത്തവയല്ല. ആശാന്റെ കൃതികളിൽ ഏതാനുംഭാഗങ്ങൾ വായിച്ചുവച്ചുകൊണ്ട്, പൊതുവിൽ ആശാന്റെ കൃതികളിൽക്കൂടി ആവിഷ്കരിച്ചിരിക്കുന്ന തത്വപ്രതിപാദനങ്ങളെ അധിക്ഷേപിക്കുവാൻ ഉദ്യമിക്കുന്നതു ഒരു സാഹസമാണ്—മൗഢ്യമാണ്. അദ്ദേഹത്തിന്റെ ഓരോ കൃതിയും സസൂക്ഷ്മം പഠിച്ച് അവയ്ക്കു വില കല്പിക്കുവാൻ ഉദ്യമിക്കുന്നതാണുത്തമം.

---

വിമലാ മേനോൻ

## എനിക്കു മതിയായി

(കഥ)

മഹാശക്തനെ ദുർബ്ബലനാക്കുന്നതിനും, ബലഹീനനെ ബലവാനാക്കുന്നതിനും, കാരുണ്യമനസ്കനെ നിർദ്ദയനാക്കുന്നതിനും, ക്രൂരനെ കൃപാലുവാക്കുന്നതിനും ധീരനെ ഭീരുവാക്കുന്നതിനും അഹിംസകനെ ഹിംസകനാക്കുന്നതിനും, ഭരണകൂടത്തെപ്പാടെ മറിയ്ക്കുന്നതിനും പോന്ന ശക്തി അബലയെന്നു പറയപ്പെടുന്ന സ്ത്രീയുടെ കടക്കൺകോണിലാണിതിൽ അന്തർലീനമായിരിക്കുന്നു.

സ്ത്രീയോട്ടെ അവൾ സുന്ദരിയാകട്ടെ വിരൂപിണിയാകട്ടെ വിദുഷിയാകട്ടെ നിരക്ഷരകുക്ഷിയാകട്ടെ പട്ടുസാരി ധരിക്കുന്നവരാകട്ടെ നാടൻ വേഷമണിയുന്നവരാകട്ടെ, മധുരപ്പതിനേഴുകാരിയാകട്ടെ, പടുവൃദ്ധയാകട്ടെ—എനിക്കു വളരെ സ്വാതന്ത്ര്യവും ബഹുമാനവുമാണുള്ളത്. ചെരിപ്പും സിൽക്കു സാരിയും കണ്ണടയും ധരിച്ച് നാമമാത്രമായ തലമുടി ഉഴുന്നുവടയ്ക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ച് ഹാൻഡ്ബാഗ് സഹായം വഹിച്ചും ലേഡീസ് അമ്പ്രലാ ഭർത്താവിനെക്കൊണ്ട് ചുമപ്പിച്ചുംകൊണ്ടു പോകുന്ന ചലന്റെ ചുമപ്പിച്ചുംകൊണ്ടു പോകുന്ന പല നാരീമണികളോടും എനിക്കു യാതൊരു വിരോധവുമില്ല.

പക്ഷേ ഒരുകാര്യം. അവരെ അബലകളെന്നു വിളിക്കാൻ ഇയ്യുള്ളവൻ സമ്മതിക്കയില്ല.

ലോകത്തെ കിടുകിടാ വിറപ്പിച്ച നെപ്പോളിയൻ, ഹിറ്റ്ലർ മുതലായവർ തങ്ങളുടെ സാമ്രാജ്യങ്ങൾപോലും ഉപേക്ഷിക്കാൻ തയ്യാറായിരുന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ കിരീടംപോലും വലിച്ചെറിഞ്ഞവർ ഈ ലോകത്തിൽ ഉണ്ടായിട്ടുണ്ട്. എന്തിനുവേണ്ടി? വെറും ഒരബലയുടെ കടക്കൺകടാക്ഷത്തിന്നു. ഇനിയും സ്ത്രീയെ അബലയെന്നു വിളിക്കുന്നവരുണ്ടെങ്കിൽ അവരെ ദൈവം തന്നെ ശിക്ഷിക്കട്ടെ.

അവിവാഹിതരായ യുവാക്കൾ വിവാഹം സ്വർഗ്ഗമാണെന്നു കരുതുന്നു. ഒരു കാലത്തു ഇയ്യുള്ളവനും അങ്ങനെ തോന്നിയിട്ടുണ്ട്. ആ തോന്നൽ പരമാബദ്ധമായിരുന്നുവെന്നു മനസ്സിലായി. അതുകൊണ്ടു മാത്രമാണ് യുവാക്കളായ നിങ്ങളെ ഉപദേശിക്കാൻ പഴക്കവും തഴക്കവുമുള്ള ഈ തൂലിക ഒന്നു ചലിപ്പിക്കാമെന്നു കരുതിയത്.

വിവാഹം നിശ്ചയിക്കുന്ന നിമിഷം മുതൽ താലി കഴുത്തിൽ വീഴുന്നതുവരെ വധൂവരന്മാരുടെ ഹൃദയങ്ങളുടെ തുടിപ്പും കൂടിക്കൂടി വരുന്നു—റെക്കാർഡിലെത്തുന്നു—വീണ്ടും താഴോട്ടു പോകുന്നു—അകൽച്ച വർദ്ധിക്കുന്നു.

വലിയ മുഖവുരയൊന്നും കൂടാതെ ഞാനൊന്നു ചതുർഭുജനായെന്നു പറഞ്ഞാൽ കഴിഞ്ഞെല്ലാം. എന്റെ പെമ്പറന്നോരു സുന്ദരിയെന്നു വിളിച്ചുകൂടാ. കാരണം സൗന്ദര്യമത്സരത്തിൽ സോക്രട്ടീസിനെപോലും അവളെ തോല്പിക്കുവാൻ സാധിക്കുമായിരുന്നു.

"നാരീരൂപവതീ ശത്രു" എന്നാണല്ലോ പ്രമാണം. എന്നെ തൃപ്തിപ്പെടുത്താൻ അവളുടെ ധനം ധാരാളം മതിയായിരുന്നു. പണം കിട്ടിയാൽ പല്ലില്ലാത്ത പെൺമണിയെ പാണിഗ്രഹണം ചെയ്യാൻപോലും ഇന്നത്തെ അഭ്യസ്തവിദ്യരായ യുവാക്കൾ തയ്യാറാണെന്നറിയുമ്പോൾ ശേഷംപേരുടെ തലയിലെന്തിനു കതിർ കയറുന്നു?

അവളുടെ ഭർത്താവായി ചാർജ്ജെടുത്തിട്ട് ഒരു ഒരു മാസമേ ആയുള്ളൂ. ഞാൻ വേണ്ടതും രണ്ടിലധികവും അനുഭവിച്ചു. അവളുടെ നിത്യോപകരണസാധനങ്ങൾ വാങ്ങാൻപോലും ഒരാൾ പ്രത്യേകം വേണ്ടിയിരുന്നു. അതിനു വേറെയാരും പോരാ. ഈ പാവപ്പെട്ട ഞാൻ തന്നെ വേണം. മുടികെട്ടി സൂക്ഷിച്ചു വയ്ക്കുന്ന വല, പൗഡർ, ഹെയർ ഓയിൽ....മുതലായവയുടെ കാര്യം പോകട്ടെ. അവളുടെ ഡ്രസ്സിന്റെ കാര്യമാണ് എന്നെ വളരെയധികം ബോറാക്കുകയും ചിന്താകുലനാക്കുകയും ചെയ്യുന്നത്. ഓരോ ഫാഷൻ ബ്ലൗസു, ജമ്പർ, ചോളി... ശിവ!! ശിവ!! കഴുത്തിനു സമാന്തരമായി നാലിഞ്ചുവീതിയിൽ വലതുന്നിപ്പിടിപ്പിച്ചിട്ടുള്ള വേറൊരു തരം ബ്ലൗസു (പേരെനിക്കറിഞ്ഞുകൂടാ) അങ്ങനെപോകുന്നു അതിന്റെ പട്ടിക. ഒരു മൃത്യനെപ്പോലെ ഞാനെല്ലാമനുസരിക്കുന്നു. പണമവളുടേതാണ്. വേറൊരു ഭാഷയിൽ പറഞ്ഞാൽ അവളെന്നെ വിലയ്ക്കു വാങ്ങിയിരിക്കയാണ്.

Shopping-നു ബില്ല് വരുമ്പോൾ പണം കൊടുക്കുന്നതുമവളാണ്. ബസ്സിലും ടിക്കറ്റിനവൾ പണം കൊടുക്കും. ഭർത്താവെന്നു പറഞ്ഞു നടക്കുന്നവനു ഇതല്ലെങ്കിലും സഹിക്കാനൊക്കുമോ?

ഡാർവിൻ ഇന്നു ജീവിച്ചിരുന്നെങ്കിൽ ഈ ലലനാമണിയെ കണ്ടിട്ടാണു

അത്ഭുതം തന്റെ തിയറിയെഴുതിയതെന്നു പൊതുജനം പറയുമായിരുന്നെന്ന് എന്റെ ഭാര്യയെ നോക്കി ഒരു യുവാവു തന്റെ കൂട്ടുകാരനോടു പറഞ്ഞപ്പോൾ ഞാനവരുടെ മുഖത്തു യാതൊരു ഭാവഭേദവും കണ്ടില്ലെങ്കിലും എന്റെ തൊലിക്കട്ടി അല്പവുംകൂടി വർദ്ധിച്ചെന്നു പിന്നീടു ഞാൻ മനസ്സിലാക്കി.

പാവം! ഞാൻ!!

അവളുടെ കീഴിൽ ഞാനനുഭവിച്ച ദുഃഖം!

കോളേജിലെ ഒരു ഗ്രൂപ്പ് ഫോട്ടോയിൽ ഭാഗ്യവശാലോ, നിർഭാഗ്യവശാലോ, ഞാനവളുടെ വർഗ്ഗത്തിൽപ്പെട്ട ഒരു ജീവിയുടെ പിറകിലാണു നിന്നിരുന്നത്. എന്റെ പെൺപിറന്നോൾക്കു ചന്ദ്രഹാസമിളക്കാൻ വേറെ വല്ലതും വേണോ? വൈകിട്ടു ഞാൻ നടക്കാനിറങ്ങിയാൽ അവൾക്കു സംശയം! സിനിമാ കാണാൻ പോയാൽ അവൾക്കു സംശയം. ഞാൻ അനങ്ങിപ്പോയാൽ സംശയമാണ്! എന്റെ കൊടുങ്ങല്ലൂർ ഭഗവതി! ഇങ്ങനെയുമുണ്ടോ ഒരു സൃഷ്ടി? എന്തിനു പറയുന്നു. അവളുടെ വർഗ്ഗത്തെ മുഴുവൻ സംശയം കൊണ്ടാണു സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ അവൾ മാത്രമെന്തിനു "കരിങ്കാലി"യാകുന്നു.

അങ്ങനെ ഭർത്താവുജോലിയിൽ ഞാൻ മുഴുകി. ഇരുപത്തിനാലു മണിക്കൂറും ജോലി ചെയ്യുന്ന ഒരു 'ഫുൾടൈം' ഭർത്താവിനെയാണവൾക്കു വേണ്ടതെന്നു ഞാൻ മനസ്സിലാക്കി. അങ്ങനെ ആ ഉദ്യോഗം രാജിവച്ച ശേഷം ജീവിതം ഇതുപോലെ യാതന അനുഭവിക്കുന്ന യുവാക്കളുടെയും വൃദ്ധയുവാക്കളുടെയും ഉന്നമനത്തിനുവേണ്ടി ചെലവഴിക്കാൻ തീരുമാനിച്ചു.

ഭർത്താവിനെ തന്റെ അടിമയാക്കിവച്ചുകൊണ്ടിരിക്കാനായിരിക്കും ഓരോ സ്ത്രീയും ആഗ്രഹിക്കുന്നതു. യാതൊരു പുരുഷന്റെയും മുമ്പിൽ തലകുനിക്കാത്ത ഞാൻ എന്റെ ഭാര്യയുടെ മുമ്പിൽ മുട്ടുകുത്തി. ഇതെല്ലാം ചിന്തിച്ചതിനുശേഷമായിരിക്കാം, ബുദ്ധിമാന്മാരായ പലരും വിവാഹം ഉപേക്ഷിക്കുന്നത്. ബുദ്ധിയുണ്ടായിരുന്നിട്ടും ഞാനതിൽപെട്ടു അനുഭവിച്ചു. അനുഭവം എന്നെ പഠിപ്പിച്ചു.

മേൽപറഞ്ഞ അനീതികളും അന്യായങ്ങളും അക്രമങ്ങളും, നിശ്ശേഷം ഇല്ലാതാക്കി ഒരു നല്ല 'നാളെ' കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഒരു അഖിലലോകവ്യാപകമായ സംഘടന രൂപീകരിച്ചിട്ടുള്ളതും അതിന്റെ പ്രാരംഭ നടപടികൾ അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു ഇയ്യുള്ളവനെത്തന്നെ കമ്മിററി ചുമതലപ്പെടുത്തിയിട്ടുള്ള വിവരവും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. യുവവൃദ്ധന്മാരായ പ്രസിദ്ധ പ്രൊഫസന്മാർ, അഭിഭാഷകന്മാർ, ഡോക്ടറന്മാർ രാഷ്ട്രീയ നേതാക്കൾ മുതലായവരെല്ലാം ഈ സംഘടനയിൽ അംഗങ്ങളായിരിക്കുന്നതാണ്.

അഖിലലോക വിവാഹ വിരുദ്ധയുവജനസംഘടന സിന്ദാബാദ്!

ഭാര്യാമേധാവിത്വം അവസാനിപ്പിക്കും!!

അവകാശങ്ങൾ പിടിച്ചു പററും!!!!





## പടയാളി

(C. J. Roy, Class II, Group II)

കരയുകില്ലിനി, കരൾ വഴുതില്ലിനി
ഉയരുകില്ലെന്നിൽ നിന്നിനി വീർപ്പുകൾ.

അരുമയാമെന്നെയമ്മ [illegible]യേകവെ,
അരികിലെന്നനുജനൊത്തു കളിക്കവെ,
അറയിലങ്ങിങ്ങായോടി നടക്കവെ,
ഉരവിലമ്മൂമ്മ പാടിയുറക്കവെ,
അറിയാതെൻ ഹൃത്തു [illegible]പ്പോയ്
വരുതിയില്ലെന്നീ ജീവിത വീഥിയിൽ.

പുലരിയിൽ പൂക്കൾ പുഞ്ചിരിക്കൊള്ളവെ,
പുതുസമീരണനാടിയുലക്കവെ,
കിളികളാനന്ദഗാനമുതിർക്കവെ,
കുതുകമോടെന്നി ചിത്രമെഴുതവെ,
വളരെയേറെക്കിനാവുകൾ കണ്ടു ഞാൻ.
വളരുവാൻവേണ്ടിയേറ്റം കൊതിച്ചു ഞാൻ.

ഒരു കിനാവുപോൽ ജീവിതാരാമമെ
ന്നിരയിലേക്കു തെൻ മുന്നിട്ടിറങ്ങവെ,
കടുകടുത്തുള്ള ജീവിത പ്രശ്നങ്ങൾ
കരിപുരട്ടിയെൻ മാർഗ്ഗം തടയവെ
വളരെനാൾ കണ്ട സ്വപ്നങ്ങളാകവെ
തകരവെ ഹാ! തരിച്ചു ഞാൻ നിന്നുപോയ്.
കരയുവാനല്ലാതൊന്നിനും വയ്യാതെൻ
കരളു നൈരാശ്യ വഹ്നിയിൽ വേകയായ്

കദനഭാരവും പേറിപ്പുകഞ്ഞെന്റെ
പ്രണിത ജീവിതം മുന്നോട്ടു നീളവെ,
ഹൃദയ ഗർത്തത്തിലശ്രുവായിരം—
മിടറുഴക്കങ്ങൾ പൊട്ടിത്തെറിക്കയായ്.

കനകധാന്യമെമ്പാടെയും കൂടവെ
ജനത കൂട്ടത്തിൽ പിടഞ്ഞുമരിക്കയോ?
പരസഹസ്രങ്ങൾ പാഴ്പെട്ടിടവെ
ഒരു ചിലർ സുഖിച്ചുമദിക്കയോ?
വയർ പുലർത്തുവാൻ വാതിലുതോറുമീ
തെരുവിൽ മക്കളലഞ്ഞുനടക്കയോ?
അരുതരുതനാക്രമമാ, തൊഴ—
ളുരുതിയേകുവാൻ മുന്നോട്ടു പോകുവിൻ.

വരികയാണെന്റെ [illegible]വഴിത്താരയിൽ
പറയുവാനിനി വാതില്ലിലെങ്കിലും
ഭരണനീതിയെൻ മുന്നിലൊരായിരം
കഠിനനിയമങ്ങൾ കൈവാളിട്ടാലും
അഴിമതികളടിച്ചുടച്ചിടുവാൻ
അടിമജീവിതം പ്രത്യുതമാക്കുവാൻ
അടിപതറാതെ, പിൻതിരിഞ്ഞോടാതെ
അടരിനെന്നും പടയാളി ഞാനിനി.

കരയുകില്ലിനി, കരൾവഴുതില്ലിനി
ഉയരുകില്ലെന്നിൽനിന്നിനി വീർപ്പുകൾ.

## *വ്യക്തിസ്വാതന്ത്ര്യം ബ്രിട്ടനിൽ

Ramankutty Nair V. R., *Class I, Group I.*

ബ്രിട്ടനിലെ ജഡ്ജിമാർ എപ്പോഴും മുൻഗണന കൊടുക്കുന്ന ഒരിനം ഹർജിയുണ്ട്. വളരെക്കാലത്തെ പാരമ്പര്യമുള്ള ഒന്നാണത്. 'പ്രഭോ, പൌരസ്വാതന്ത്ര്യത്തെ സംബന്ധിച്ച ഒരു ഹർജിയിതാ,' ഹർജിഭാഗം വക്കീൽ അത്രയും പറയുകയേ വേണ്ടു. ഉടനെ മററു കാര്യങ്ങളെല്ലാം മാററിവച്ച് ജഡ്ജി അതു വിചാരണക്കെടുക്കുകയായി. ഇതു് നിശ്ചയമായും നടപടിക്രമം സംബന്ധിച്ച കാര്യമാണ്. പക്ഷെ വ്യക്തിസ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടുള്ള ആംഗ്ലേയനിയമം കെട്ടിപ്പടുത്തിട്ടുള്ളതുതന്നെ കോടതികളുടെ നടപടിച്ചട്ടത്തിൽ നിന്നത്രെ. വ്യക്തിസ്വാതന്ത്ര്യവും മററു അവകാശങ്ങളോ താല്പര്യങ്ങളോ ഏതെങ്കിലുമൊന്നും തമ്മിൽ മത്സരം വരുമ്പോൾ, മററു കാര്യങ്ങൾ എത്ര വലുതായാലും, വിനയാന്വിതനായ പൌരന്റെ സ്വാതന്ത്ര്യമാണ് വിജയിക്കുക.

*From 'The Speeches of Sir Alfred Denning'



ഇംഗ്ലണ്ടിൽ ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വം പൂർണ്ണമായി വളർത്താൻ സ്വാതന്ത്ര്യമുണ്ട്. മററുള്ളവർക്കും അങ്ങനെ ചെയ്യുന്നതിനു ക്രിയയാകരുതു് എന്നുള്ള ചില കടമകൾ മാത്രമാണ് ആ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതു്. ഈ താല്പര്യങ്ങളെ ഭംഗിയായി തുലനം ചെയ്യുമ്പോഴൊക്കെ തട്ടു ഒട്ടെങ്കിലും താഴുക വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗത്തേക്കാണ്. വ്യക്തിസ്വാതന്ത്ര്യത്തെയും സാമൂഹ്യകടമയെയും ആംഗ്ലേയ നിയമം ഇതിനു മുമ്പ് എങ്ങനെ സമതുലനം ചെയ്തു നിർത്തിയിട്ടുണ്ട്, ഇന്നത്തെ സാമൂഹ്യവിപ്ലവത്തിൽ എങ്ങനെ നിൽക്കുന്നു എന്നൊക്കെ മററു യൂറോപ്യൻ നാടുകളിലെ അനുഭവങ്ങളെയും നിയമങ്ങളെയും മുൻനിർത്തിപ്പഠിക്കാനുമാറ് വെളിപ്പെടുത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

വ്യക്തിസ്വാതന്ത്ര്യം എന്നതുകൊണ്ടുദ്ദേശിക്കുന്നതു നിയമമനുസരിക്കുന്ന ഏതൊരു പൌരനും മററാരുടെയും തടസ്സമില്ലാതെ അവനിഷ്ടപ്പെടുന്നതു ചിന്തിക്കാനും, പറയാനും ഇഷ്ടമുള്ളിടത്തുപോകാനും ഉള്ള സ്വാതന്ത്ര്യമാണ്. എന്നാൽ ഒരു ഭാഗത്തെ വ്യക്തിസ്വാതന്ത്ര്യവും മറുഭാഗത്തെ സാമൂഹ്യഭദ്രതയും തമ്മിൽ യഥാർത്ഥത്തിലുള്ള തുലനം ആവശ്യമാണ്. ഇംഗ്ലണ്ടിൽ ഈ തുലനം ഇതുവരെ സാധിച്ചുപോന്നിട്ടുണ്ട്. ഇപ്പോഴും സാധിച്ചുപോരുന്നുണ്ട്. പക്ഷെ, എങ്ങിനെ?

ഒന്നാമതായി നിയമം പറയുന്നു, കോടതിവിധികൂടാതെയോ അവയുടെ വിചാരണക്ക് വിധേയമാക്കാതെയോ ഒരാളെയും തടവിലാക്കാൻ പാടില്ലെന്ന്. ഇംഗ്ലണ്ടിലെ സുപ്രസിദ്ധമായ റിററ്, ഹേബിയസ് കോർപ്പസ് റിററ്, ഈ സ്വാതന്ത്ര്യത്തിനു



രക്ഷനൽകുന്നു. ഇംഗ്ലണ്ടിലാരെയെങ്കിലും കോടതിവിധിപ്രകാരമല്ലാതെ തടവിൽ പാർപ്പിക്കുകയാണെങ്കിൽ അയാൾക്കോ, അയാൾക്കുവേണ്ടി മററാർക്കെങ്കിലുമോ ആ തടങ്കൽ നിയമം സമ്മതമുള്ളതോ അല്ലയോ എന്നു നിശ്ചയിക്കാനായി ഹൈക്കോടതിയിലേതെങ്കിലും ജഡ്ജിക്ക് ഹർജിബോധിപ്പിക്കാം. കോടതി അപ്പോൾ കോടതിമുമ്പാകെ അയാളെ ഹാജരാക്കാൻ കല്പിക്കും. തടങ്കൽ നിയമാനുസൃതമെന്നു തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ വിമുക്തനാക്കപ്പെടും.

എന്നാൽ എന്നും അങ്ങിനെയായിരുന്നില്ല. 1627-ൽ ഗവൺമെൻറ് സർ തോമസ് ഡാർണലിനേയും വേറെ നാലുപേരുകളേയും രാജാവിനുള്ള കരം കൊടുത്തില്ലെന്ന കാരണത്തിനു് തടവിൽ പാർപ്പിച്ചപ്പോൾ അന്നത്തെ കോടതി, രാജകീയാജ്ഞപ്രകാരം തടവിൽവെച്ച ഒരാളെ ഹേബ്യസ് കോർപ്പസ് കൊണ്ട് വിമുക്തനാക്കാൻ പാടില്ല, എന്നാണ് വിധിച്ചതു. പക്ഷെ ഇംഗ്ലീഷുകാർ തങ്ങളുടെ സ്വാതന്ത്ര്യത്തെ ചവിട്ടിമെതിച്ച ഗവൺമെൻറിനെ തട്ടിത്തെറിപ്പിക്കയും റിററിനു ഇപ്പോഴത്തെ അധികാരം നല്കികൊണ്ട് നിയമമുണ്ടാക്കുകയും ചെയ്തു. അതിൽ പിന്നെ ഒരിക്കലും ജഡ്ജിമാർ അതിൽനിന്നും കല്പന സ്വീകരിക്കയുണ്ടായിട്ടില്ല.

1771-ൽ ജെയിംസ് സോമർസെററ് എന്നൊരടിമയെ തേംസ് നദിയിലെ ഒരു കപ്പലിൽ ജമേയ്ക്കക്കു കൊണ്ടുപോകാൻ ചങ്ങലയിട്ടു നിർത്തിയപ്പോൾ മാൻസ്ഫീൽഡ് പ്രഭു പ്രഖ്യാപിക്കയുണ്ടായി, ആ തടങ്കൽ നിയമവിരുദ്ധമാണെന്ന്. "ഇംഗ്ലണ്ടിലെ വായു അടിമയ്ക്കു ശ്വസിക്കാനാവാത്തവിധം ശുദ്ധമാണ്". അദ്ദേഹം പറഞ്ഞു 'ആ കറുത്ത വർഗ്ഗക്കാരനെ സ്വതന്ത്രനാക്കുക'. അതോടെ അയാൾ സ്വതന്ത്രനായി.

1949-ൽ അമേരിക്കയിൽ നിന്ന് ഓടിപ്പോന്ന ഗെർഗാർട്ട് ഐസ്ലറെന്ന കമ്യൂണിസ്റ്റുകാരനെ കേവെസ്റ്റ് റെഡ്സിലെ ഒരു പോളീഷ് കപ്പലിൽ നിന്ന് ബലം പ്രയോഗിച്ച് അധീനപ്പെടുത്തിയതിനെപ്പററി വിധി പ്രസ്താവിച്ചതു്, അയാളെ അമേരിക്കയ്ക്കേല്പിച്ചു കൊടുക്കാൻ നിയമസമ്മതമല്ലെന്നും ആ 'ചുവപ്പുകാരൻ' സ്വതന്ത്രനായി പോകട്ടെ എന്നുമാണ്. ഇംഗ്ലണ്ടിലെ നിയമത്തിന് വർണ്ണം നോക്കിയുള്ള ഭേദബുദ്ധിയൊന്നുമില്ല. വർണ്ണവ്യത്യാസം മററു ഘട്ടത്തിനായാലും 'പോളിററിക്സി'നായാലും.

പോലീസുകാർക്ക് ഒരു തടവുകാരനെ ഒരു ദിവസത്തിലേറെ അധികാരത്തിൽ വച്ചുകൊണ്ടിരിക്കാൻ പാടില്ല. 24 മണിക്കൂറിനുള്ളിൽ അയാളെ മജിസ്ട്രേട്ടു മുമ്പാകെ ഹാജരാക്കണം. മജിസ്ട്രേട്ട് ജാമ്യം നിഷേധിക്കുന്നപക്ഷം അയാൾക്ക് ജാമ്യത്തിൽ വിടണമെന്നപേക്ഷിച്ചു കൊണ്ട് ഹൈക്കോടതിയിൽ അപേക്ഷബോധിപ്പിക്കാം.

പടിഞ്ഞാറൻ യൂറോപ്പിലെ സ്വാതന്ത്ര്യപ്രേമികളായ രാഷ്ട്രങ്ങൾക്കും ഇംഗ്ലണ്ടിലെ തത്വങ്ങൾ നിലവിലുണ്ട്. എന്നാൽ ഇംഗ്ലണ്ടിലെ ഹേബ്യസ്കോർപ്പസിനു തുല്യമായൊന്ന് അവിടങ്ങളിലില്ല. നിയമപ്രകാരമല്ലാതെ തടങ്കലിൽ പാർപ്പിച്ച ഒരാളെ പെട്ടെന്നു വിട്ടയക്കാനൊരുമാർഗ്ഗം അവിടെ ഇല്ലതന്നെ. അവിടെയൊരാൾക്കു ചെയ്യാൻ കഴിവുള്ളതു് ഒരു പോലീസാപ്പീസർക്ക് ആവലാതിബോധിപ്പിക്കലാണ്. അല്ലാതെ ഉദ്യോഗസ്ഥന്മാരെ കൂട്ടാക്കാതെ നേരിട്ടു ജഡ്ജിയെ സമീപിക്കാൻ സാദ്ധ്യമല്ലെന്നു ചുരുക്കം.

റഷ്യൻകോഡിലെ ഏഴാം ഖണ്ഡികക്ക് 18-B എന്ന ബ്രിട്ടന്റെ യുദ്ധകാലച്ചട്ടത്തോട് അത്ഭുതാവഹമായ സാമ്യമുണ്ട്. 'അപല്ക്കരമായ കൃത്യങ്ങൾകൊണ്ടോ പഴയകാലത്തെ പ്രവർത്തനങ്ങൾകൊണ്ടോ ആപല്ക്കാരിക' ളെന്നുതോന്നുന്നവരെ തടവിലാക്കാൻ ആ 7ാം ഖണ്ഡിക അധികാരം കൊടുക്കുന്നു. ബ്രിട്ടന്റെ 18 ബി. ചട്ടത്തിൽ അധികാരപ്പെടുത്തിയിരുന്നതു് ശത്രുക്കളുമായി ബന്ധം പുലർത്തുകയോ പൊതുരക്ഷാവിരുദ്ധമായ പ്രവൃത്തികളിലേർപ്പെടുകയോ ചെയ്യുന്നതായി കരുതപ്പെടുന്നവരെ തടങ്കലിൽ വയ്ക്കുവാനാണ്. എന്നാൽ അങ്ങിനെ തടങ്കലിൽ വച്ചവർക്ക് ബ്രിട്ടൻ, സൈനികരഹസ്യങ്ങളിലേക്ക് എത്തിനോക്കാനാവില്ലെന്നു വരുത്തിയതല്ലാതെ സ്വാതന്ത്ര്യം നിഷേധിച്ചില്ല.

അപ്പോൾ ഇതിൽനിന്നു വരുന്നതു് ബ്രിട്ടൻ യുദ്ധകാലത്തു നടപ്പാക്കിയ നിയമങ്ങൾ അഥവാ നിയമത്തിന്റെ അപവാദങ്ങൾ റ

ഷ്യയിൽ സമാധാനകാലത്തെ തത്വമാണെന്നത്രെ. ആംഗ്ലോ ജീവിത രീതിയിൽ അററ കൈകെല്ലാതെ വ്യക്തിസ്വാതന്ത്ര്യത്തെ തൊട്ടുകളിക്കരുത്. ഏകാധിപത്യജീവിത രീതിയിലാണെങ്കിൽ വ്യക്തിസ്വാതന്ത്ര്യം എളുപ്പം സ്റ്റേയ്റ്റു താല്പര്യത്തിനു വഴിമാറിക്കൊള്ളണം. അപ്പോൾ വ്യക്തിയുടെ സ്വാതന്ത്ര്യം അധികാരത്തിലുള്ളവരുടെ സ്വാതന്ത്ര്യത്തിനു് വഴങ്ങേണ്ടി വരുന്നു.

ബ്രിട്ടനിൽ 1689 മുതൽ ജഡ്ജിമാർ നിയമസഭകളിൽ നിന്നും എക്സിക്യൂട്ടീവിൽ നിന്നും സ്വതന്ത്രരാണ്. ഇപ്പോൾ ഉന്നതപടികൾക്കല്ലാതെ ഒരു ജഡ്ജിയെ നീക്കം ചെയ്തുകൂടാ. അതിനു പാർലമെൻറിൻെറ രണ്ടു മണ്ഡലങ്ങളിൽ നിന്നും അയാളെ നീക്കിക്കിട്ടണമെന്നു പറഞ്ഞ് അപേക്ഷവരണം. ഒരു ജഡ്ജിയെ നീക്കുക കേവലം അസാദ്ധ്യമാണെന്നാണിതിൻെറ അർത്ഥം. പൌരനും പൌരനും തമ്മിൽ മാത്രമല്ല, പൌരനും ഭരണകൂടവും തമ്മിലും സമതുലനം പാലിച്ച് യാതൊരു സ്ഥാനഭ്രംശ ഭീഷണിയും കൂടാതെയാണ് ഇംഗ്ലണ്ടിലെ ജഡ്ജിമാർ തങ്ങളുടെ ചുമതല നിർഭയം നിർവ്വഹിച്ചുപോരുന്നത്.

ഓരോ ജഡ്ജിയും തൻെറ നിയമനത്തോടൊപ്പം ഒരു പ്രതിജ്ഞയെടുക്കാറുണ്ട്. 'ഇംഗ്ലണ്ടിലെ നിയമങ്ങൾക്കും ആചാരങ്ങൾക്കും അനുസൃതമായി ഭയമോ സേവയോ കൂടാതെയും സ്നേഹമോ വിദ്വേഷമോ കൂടാതെയും എല്ലാത്തരത്തിലുമുള്ള ആളുകളോടും ഞാൻ ന്യായം പ്രവർത്തിക്കും' എന്നാണ് ആ പ്രതിജ്ഞ. ഇംഗ്ലണ്ടിലെ ജഡ്ജിമാർ അതു് അക്ഷരംപ്രതി പാലിക്കുന്നു. അവരിലുള്ള വിശ്വാസം അവരൊരിക്കലും വിഫലമാക്കില്ല.

---

ചെറുകഥ

## ജമീലാ മിസ്റ്ററസ്സ്

By ഹംസ (തട്ടാമ്പടി)

കണ്ണാടിപോലെ തെളിഞ്ഞൊഴുകുന്ന ഒരു പുഴവക്കിനിന്നു തെളിച്ചുകാണുന്ന വള്ളിപ്പടർപ്പുകളിലുള്ള ഒരു പൂമ്പാററയുണ്ടാകുന്നതുവരെ പറഞ്ഞാൽ വിശ്വസിക്കാൻ അല്പം പ്രയാസം തോന്നും. പക്ഷേ വിശ്വസിക്കാതെ നിവൃത്തിയില്ല.

ജമീലാ മിസ്റ്ററസ്സിൻെറ കാര്യവും ഏതാണ്ടിതുപോലെതന്നെയായിരുന്നു. അവൾക്കു നല്ല അഴകുണ്ട്. പ്രത്യേകമായിപ്പറഞ്ഞാൽ വിടർന്ന പൂപോലെയുള്ള കവിളിണകളും മധുരിക്കുന്ന അധരങ്ങളും മാദകമായ മിഴിയും അവൾക്കുണ്ട്. മിസ്റ്ററസ്സ് സാരിയുടുക്കുന്നതിലും ബ്ലൌസിടുന്നതിലും ഒരു പ്രത്യേകതയുണ്ട്. സൌന്ദര്യം കണ്ണുള്ളവർക്ക് സൂക്ഷിക്കേണ്ടതാണെന്നു ജമീലാ മിസ്റ്ററസ്സ് വിശ്വസിക്കുന്നു.

പതിനെട്ടുവയസ്സാകുന്നേയുള്ളു. സ്കൂളിൽ പോകുന്ന ജമീലാ മിസ്റ്ററസ്സിനെ വേലിക്കപ്പുറത്തുനിന്നു നോക്കിക്കൊണ്ടു ഒരു വലിയ വീട്ടിലെ അമ്മൂമ്മ പറഞ്ഞു. "ഹോ! മേത്തച്ചിടെ കിണ്ണാരം കിഴുപ്പം! നാടകക്കാരികളു് പോണപോലല്ലേ നടപ്പ്?"

ആ അമ്മൂമ്മ നാടകം കണ്ടിട്ടില്ല. പിന്നെ നാടകക്കാരികളെപ്പററി ഏതോ ചില ദുഷിച്ച അഭിപ്രായങ്ങളും അറിവുകളും അമ്മൂമ്മയ്ക്കുണ്ട്. ജമീലാ മിസ്റ്ററസ്സിനു ഒരു നാടകച്ഛായയുണ്ടെന്നു അമ്മൂമ്മ കണ്ടുപിടിച്ചു പറഞ്ഞിരിക്കുന്നു.

അവിവാഹിതരായ ചെറുപ്പക്കാർ വഴിയരികുകളിൽ നിന്നുകൊണ്ടു ജമീലാ മിസ്റ്ററസ്സിൻെറ സൌന്ദര്യം ആസ്വദിക്കാറുണ്ട്. വിവാഹിതരും! പക്ഷേ അവർ ജമീലബീവിയെക്കണ്ടാൽ ഇടകണ്ണിട്ടേ നോക്കുകയുള്ളു. നേരെ നോക്കുന്നതു മററുള്ളവർ കണ്ടാൽ കുഴപ്പമുണ്ട്.

താനിങ്ങനെയൊരു 'നോട്ടപ്പുള്ളി'യാണെന്നു ജമീലാ മിസ്റ്ററസ്സിനും ജമീലാ മിസ്റ്ററസ്സിൻെറ ഭാഗധേയത്തെപ്പററി പാവുക്കുട്ടിയമ്മസ്സാറിനും അറിയാം. വഴിയരികിൽ ആരെക്കണ്ടാലും ജമീലബീവി നോക്കുകയില്ല. പാവുക്കുട്ടിയമ്മസാറു വിവാഹിതയാണ്. അതുകൊണ്ടു നോക്കുന്നതിൽ തെററില്ല എന്ന ഭാവത്തോടെ അവർ കണ്ണു വട്ടമടിച്ചു നോക്കും. മാത്രമല്ല ആ കടാക്ഷങ്ങളുടെ ഒരു പങ്കു പററാൻ അവർ ജമീലാ മിസ്റ്ററസ്സിനോട്ടു ചേർന്നു നടക്കുകയും ചെയ്യും.

ഏതായാലും ആ വലിയ വീട്ടിലെ അമ്മൂമ്മ പറഞ്ഞ വിവരം മുണ്ടേങ്ങിലെ ഇക്കാവമ്മ മുഖാന്തരം ജമീല മിസ്റ്ററസ്സിൻെറ ഉമ്മായുടെ ചെവിയിലും എത്തി.

അന്നത്താഴം കഴിഞ്ഞശേഷം ആ ഉമ്മയും മകളുമായി ഒരു ചെറിയ വഴക്കുണ്ടായി. വായിൽ കിടക്കുന്ന വെററിലപ്പാക്ക മുഴുവൻ ഇടത്തേക്കവിളിലൊതുക്കി അരിച്ചെന്നു നീട്ടിത്തുപ്പിയ ശേഷം ഉമ്മാ പറഞ്ഞു—

'എന്തിനാണെ പെണ്ണേ നാട്ടാരെക്കൊണ്ടു പറയിക്കണ്. അവരിക്ക പിടിക്കുംപോലെ നടന്നൂടേ?'

'ചുമ്മാതിരി ഉമ്മാ' കൈവിരലുകൾക്കിടയിലൂടെ ഒരു പേൻ ചീന്തിയെടുത്തു ഉമ്മറപ്പടിയിൽ വച്ചു ഞെരിച്ചുകൊണ്ടു ജമീലാ മിസ്റ്ററസ്സു പറഞ്ഞു. 'ഉമ്മാക്കെന്താ, അവരതും പറയും അതിനപ്പുറോം പറയും.'

ഉമ്മയും വിട്ടില്ല. 'പറഞ്ഞാ അവരിക്ക വായീക്കെടക്കണ നാക്ക തേയൂല്ല. നിനക്കു പെണ്ണേ അതിൻെറ ചേതം. ഒരുത്തൻ വരുമ്പളാ........'

ഉമ്മാ മുഴപ്പിച്ചില്ല. ജ്വലിച്ചുകൊണ്ടിരുന്ന മീപനാളത്തിലൊരു ഈയാംപാററ ചാടി വീണു ചിറകു കരിയുന്നതും സൂക്ഷിച്ചുകൊണ്ടു അവർ ശ്വാസമുതിർത്തു.

തെല്ലിട നിശ്ശബ്ദത തങ്ങിനിന്നു. അപ്പോൾ മിസ്റ്ററസ്സ് പറഞ്ഞു. 'എൻെറ ബാപ്പ അവർ പറഞ്ഞതു കേട്ടില്ല. എന്നിട്ടെന്തായി? ബാപ്പ തോററില്ല.'

"ബാപ്പ! അതങ്ങരാണായിരുന്നു. നിന്നെ ഈ നിലയിലെത്തിയ്ക്കാൻ എന്തു പാടു പെട്ടെന്നോ? മുത്തുനബീടേം ബദ്‌രീങ്ങടേം ഒക്കെ കറ്ററുകൊണ്ടു മനുഷേനെപ്പോലെ ജീവിച്ചു. 'ഈ മാൻറ്'ളവിൽ മരിച്ചു. എത്ര പേരുടെ 'ബദ്കാണം കേട്ടെന്നാ! അതുപോലെ തൊണ്ടേച്ചു' മൊഴയിപ്പാത്ത സ്ഥിതികൊണ്ടു സാതിച്ചതു?" അതു ചിന്തിക്കേണ്ട കാര്യമാണ്. ജമീലാ മിസ്റ്ററസ്സിൻെറ ബാപ്പയേപ്പോലെ നാട്ടുകാരെ എതിർക്കാൻ സാധിക്കുമോ? ഒരുതുള്ളീക്കിപ്പായാമ്മുതന്നെ ബാപ്പ പൂമ്പാററയാക്കി.

ശരിയാണതു്. ജമീലാ മിസ്റ്ററസ്സ് വെറും ഒരു പുഴുവായിരുന്നു. 'പിത്തക്കാടി ജമീല' എന്നായിരുന്നു അവളുടെ കളിപ്പേരു്. ഇന്നത്തെ സൌന്ദര്യവതിയായ ജമീല അന്നത്തെ പിത്തക്കാടിയായിരുന്നുവെന്നു പറഞ്ഞാൽ വിശ്വസിക്കാൻ തോന്നുകയില്ല. പക്ഷേ അതു പൂർണ്ണമായും വിശ്വസിക്കുന്ന ഒരാളുണ്ടായിരുന്നു. രാമചന്ദ്രൻ.

രാമചന്ദ്രനു ജമീലയേക്കാൾ അഞ്ചു വയസ്സു പ്രായം കൂടും. അവൻ കറുത്തിട്ട ഒരു ഗൌരവക്കാരനായിരുന്നു. പക്ഷേ വളർന്നുവന്നപ്പോൾ അതു കുറേശ്ശെ അങ്ങു മാറിപ്പോയി.

ചപ്പിയ മൂക്കും ഉണ്ടക്കണ്ണുകളും ചടപിടിച്ച് കിന്നംകിരിച്ച തലമുടിയും വിളറിയ മുഖവും ഉന്തിയ വയറുമായിരുന്നു ജമീലയുടെ അന്നത്തെ സൌന്ദര്യം. അവൾക്കന്നു അഞ്ചു വയസ്സായിരുന്നു പ്രായം. രാമചന്ദ്രൻ അവളുടെ കളിക്കൂട്ടുകാരനായിരുന്നു. താഴ്ന്നുകിടക്കുന്ന പറങ്കിമാവിൻെറ കൊമ്പിലിരുന്നു ദൂരെനിന്നു വരുന്ന സൂര്യനെ അങ്ങുകിലുള്ള മൊട്ടക്കുന്നുകൾക്കിടയിലൂടെ നോക്കിക്കൊണ്ടിരിക്കയായിരിക്കും അവൻ. അപ്പോൾ കേൾക്കാം പറങ്കിൽ ഒരു ഞരക്കം. അവൻ തെട്ടിത്തിരിഞ്ഞുനോക്കും.

'പിത്തക്കാടി.......

തോളിലൂടെ ഒരു കവുങ്ങോറിയ തോർത്തുമാത്രം വലിച്ചിട്ടുകൊണ്ടു വന്നിരിക്കുന്നു. രാമചന്ദ്രനു ഗൌരവമുണ്ട്. അവൻ വെറുപ്പോടെ ചോദിക്കും. "എന്തെടീ പിത്തക്കാടിപ്പെണ്ണേ?"

അതിനുത്തരമായി ജമീലയുടെ മുഖം കത്തോററ തവളയെപ്പോലെ വീർക്കും. ആ ഉണ്ടക്കണ്ണുകൾ അവൾ ഉരിച്ചു കാണിക്കും. രാമചന്ദ്രൻ പിന്നെയും പറയും. "മുഴവങ്ങളേ." "ചെറുക്കനാണ്" അതിനവൾക്കുത്തരമുണ്ട്.

ആ മുഖം കുറേക്കൂടെ വികസിക്കും. എന്നിട്ട് രാമചന്ദ്രൻ അന്നത്തെ സ്വന്തം ദേഹത്തേക്കു നോക്കും. ഷർട്ടുണ്ട്. നിക്കറുണ്ട്.

കുറേക്കൂടി പറഞ്ഞാൽ ആ 'നല്ലപെണ്ണു' കരയുമെന്നവനറിയാം. അതവനിഷ്ടമല്ല. അവളെ ഒന്നു സന്തോഷിപ്പിക്കണം. ആ മുഖത്തൊരു പുഞ്ചിരി വരുത്തണം. അതിനൊരു വിദ്യയുണ്ട്.

'പെണ്ണേ ഒരു പറങ്കിമാങ്ങ പറിച്ചുതരട്ടേ?'

മതി, ജമീലയുടെ മുഖത്തു വെളിച്ചം വീശുകയായി. അവൻ പറഞ്ഞതെല്ലാം അവൾ പാടെ മറന്നിരിക്കുന്നു. ചുമന്നു കൊഴുത്തൊരു പറങ്കിമാങ്ങ. ആ മാങ്ങയ്ക്കു ജമീലയെ എന്തുമാക്കാനും കഴിയും.

അതു പറിച്ചുകൊടുത്തിട്ട് രാമചന്ദ്രൻ ആ വൃത്തികെട്ട തോർത്ത് വാങ്ങി കൈകൾ തോർത്തും. അതിലവൾക്കു തെല്ലും പരാതിയില്ല. അതു നേരത്തെ കണക്കാക്കിത്തന്നെയാണ് അവൾ കൊണ്ടുവന്നിരിക്കുന്നത്. ആ തോർത്ത് അവളുടെ തോളിലേക്കു എറിഞ്ഞുകൊടുത്തിട്ട് രാമചന്ദ്രൻ പറയും.

'ഹോ! ഈ പെണ്ണിന്റെ നാറ്റം'.

അവൾക്കുത്തരമുണ്ട്: 'അതു മേനം.'

''അതാ നിന്റെ ബാപ്പ വരുന്നു.''

അതൊരു ഉൾക്കിടിലമുണ്ടാക്കുന്ന കാഴ്ചയാണ്. ജമീല തിരിഞ്ഞു നോക്കും. ശരിയാണ്. അങ്ങു മുകളിലൂടെ ഒരു ചാക്കുകെട്ടും അതിനു മുകളിൽ അടുക്കി വച്ചിരിക്കുന്ന ഒരു കെട്ടു മണ്ണെണ്ണപ്പാട്ടയും വരുന്നുണ്ട്. അതു ചുമക്കുന്നതു അവളുടെ വാപ്പയാണ്. വേഗത്തിലിഴയുന്ന ഒരു പുഴുവിനെപ്പോലെ അവൾ വീട്ടിലേക്കു തിരിക്കും. 'ബഡായിബീരാവ്' വരികയാണ്—ജമീലയുടെ ബാപ്പ. ഒരുകെട്ടു ചാക്കും അതിനു മുകളിൽ ബഹളം കൂട്ടുന്ന പാട്ടകളും. തലയിൽ ഇല്ലെന്നു തോന്നും ആ ഭാവം കണ്ടാൽ. ആ പാട്ടു കൊട്ടിനനുസരണമായി ഒരു ചെറിയ 'കൊട്ടും' ഉണ്ടാകും.

കെട്ടുകൾ താഴെയിറക്കി അയാൾ ആ ഉമ്മറത്തിരിക്കും. 'ഔവ്വ്......! തലയിൽ കെട്ടിയിരിക്കുന്ന തോർത്തെടുത്തു ഒന്നു കുടഞ്ഞു വീശും. ആ ശബ്ദം കേൾക്കുമ്പോൾ അടുക്കളയിൽ നിൽക്കുന്ന 'വീടര്'ക്കറിയാം. ഭർത്താവ് വന്നിട്ടുണ്ടെന്ന്.

'മോളേ ജമീലോ....'' അയാൾ നീട്ടി വിളിക്കും. ജമീല ഉമ്മറത്തേക്കെത്തുന്നതോടുകൂടി. കണ്ണുപാടെ നീക്കിനിർത്തി ആ കവിളത്തൊരു മുത്തംകൊടുത്തു്, തോളിൽനിന്നു ആ തോർത്തു വലിച്ചെടുത്തു അവളെ ഉടുപ്പിക്കും.

ആ തുണിക്കഷണം അരയിൽ ചുറ്റിവച്ചു നിൽക്കുന്നതു ജമീലയ്ക്കിഷ്ടമല്ല. തോളിലിടുന്നതാണ് എന്തു സുഖമാണ്. പക്ഷേ ഉടുപ്പിക്കുന്നതു ബാപ്പയാണ്. അഴിച്ചുകളഞ്ഞാൽ കഴപ്പമുണ്ട്. ബാപ്പ ചോദിക്കുകയായി.

'ആ പുസ്തകം എടുത്തു വായിച്ചോടീ?'

അന്ത്യാവസാനമില്ലാത്ത ആ ഒന്നാംപാഠത്തിന്റെ കഥ അപ്പോളാണവൾ ഓർക്കുന്നത്. എങ്കിലും ബാപ്പയെ ദേഷ്യംപിടിപ്പിക്കാൻ പാടില്ല.

'വായിച്ചു.'

'ഔവ്വ്'. ബീരാവു വീണ്ടും വിയപ്പ് ഇടുകയായി. അങ്ങനെ 'ബഡായിബീരാവു'വിന്റെ വിയർപ്പാണ് 'പിത്തക്കാടിജമീല'യെ ജമീലമൊന്തൂസാക്കി മാറ്റിയത്.

ആ വാത്സല്യനിധിയായ പിതാവിന്റെ ജീവിതോദ്ദേശം തന്നെ അതായിരുന്നു. എന്തെല്ലാമായിട്ടും അയാൾ ജമീലയെ പഠിപ്പിച്ചു. അയാൾ പറയാറുണ്ട്;

'ന്റെ മോള് പഠിച്ചു വന്നൊരു സാറാകും. അപ്പോ മോക്കും പഠിപ്പിയ്ക്കാം.'

ജമീലയുടെ ഉമ്മ പറയും. 'എന്തിനാണീ പെണ്ണിനെ ഇങ്ങനെ പാട്ടപെടുത്തുന്നത്—ആ ഇബ്‌ലീസിന്റെ കതിര പടിക്കൂല. 'പോടീ—നീയാ പഠിപ്പിക്കണത്?'

അതവിടെ അവസാനിക്കും.

അങ്ങനെ ജമീല വളരുകയാണ്.

ബീരാവുവിന്റെ മകളെ പള്ളിക്കൂടത്തിലയച്ചു പഠിപ്പിക്കുന്നതിൽ 'ബീരാൻ മല്ല്' ചന്ദ്രഹാസമിളക്കി. വേണ്ടപ്പെട്ടവരും ബന്ധുക്കളും ബീരാവുവിനോടു പറഞ്ഞു

''എടാ—നീ പടിപ്പിച്ചുദ്യോഗം ഒണ്ടാക്കി കൊടുക്കാൻ പോവാണോ? നൊനക്ക കാഫിച്ചിക്കെടാങ്ങൾ നടക്കണ കണ്ടിട്ട് കൊ



തിയെണ്ടോ?—പടച്ചോനെ പേടിയില്ലേനീ—എന്റെ സുബ്ഹാനല്ലാ അങ്ങടെയൊക്കെ കാലത്തു 'മുല്ലക്കാ'യപെണ്ടങ്ങളൊന്നും തലേത്തുണിയില്ലാതെ പൊറത്തെറങ്ങി—പോയിപ്പോയി ഇങ്ങനെയായി!!......'

'ആ പെണ്ണിനെ കെട്ടിച്ച നീ നിന്റെ ഭാരം ഒഴിക്കടേ?' ഇങ്ങനെ പലരും അഭിപ്രായപ്പെട്ടു. താക്കീതു ചെയ്തു. ഭീഷണിപ്പെടുത്തി. 'പടച്ചവൻ' തന്നെ വന്നു പറഞ്ഞാലും അയാളുടെ ഉറപ്പിനു കോട്ടം തട്ടുകയില്ല. അയാൾ പറഞ്ഞു: ''ബെമ്പടിപ്പിയ്ക്കും. വരുന്നതു വരട്ടെ. അവളെ കെട്ടിച്ചില്ലെങ്കിൽ വേണ്ട. ഈ 'ഉന്നം ഹസാള്' പറയുന്ന പന്നിസുവറുകളുടെ എടയിൽ ഒന്നും നടക്കൂല്ല.'' അയാൾ പിറുപിറുത്തുകൊണ്ട് വീട്ടിലേക്കു പോകുകയായിരുന്നു. രാമചന്ദ്രൻ വഴിയരികിൽ നില്പുണ്ട്. ബീരാവു അവനെ സൂക്ഷിച്ചുനോക്കി. അവനും പഠിക്കുന്നവനാണ്. അവൻറച്ഛനവനെ പഠിപ്പിക്കാം. എത്രവേണമെങ്കിലും. ആരും തടുക്കാനില്ല. തന്റെ മകൾക്കു പാടില്ലത്രേ! ആ ഇടുങ്ങിയ കണ്ണുകളിൽ കോപം ചുവന്നു. ആരോടെന്നില്ലാതെ അയാൾ പിറുപിറുത്തു.

'നരകത്തിപ്പോണ ജാഹിലിയാക്കൾ'

ബഡായിബീരാവുവിന്റെ കുടുംബം നാടുവിട്ട വർത്തമാനമാണു പിന്നീടു നാട്ടുകാർ അറിഞ്ഞതു്.

പിത്തക്കാടി ജമീല നാടുവിട്ടത്രേ! അതു രാമചന്ദ്രനു ഓർക്കാപ്പുറത്തു കിട്ടിയ ഒരടിയായിരുന്നു. ആ പെണ്ണു ഇങ്ങനെ ചെയ്യുമെന്നവൻ വിചാരിച്ചിരുന്നില്ല. അവൻ പരാജിതനാക്കപ്പെട്ടിരിക്കുന്നു.

അന്നു വൈകുന്നേരവും രാമചന്ദ്രൻ ആ മറിഞ്ഞു കിടക്കുന്ന മരക്കൊമ്പിൽ കയറിയിരുന്നു സൂര്യാസ്തമനം കണ്ടു. കാക്കക്കൂട്ടം ചിലച്ചുകൊണ്ടു ചേക്കേറുന്നു. കാറ്റിലൂടെ പാലപ്പൂക്കളുടെ മണം വിരിഞ്ഞു വരുന്നു. ജമീലയെവിടെയായിരിക്കുമിപ്പോൾ? ഉണ്ടായിരുന്നെങ്കിൽ ഈ കമ്പിന്റെ അറ്റത്തു വന്നിരിക്കുമായിരുന്നു. പെട്ടെന്നു പിറകിലൊരു ശബ്ദം. ജമീലയാകും. രാമചന്ദ്രൻ തിരിഞ്ഞുനോക്കി. ആരുമില്ല. ഒന്നുമില്ല.

കരിയിലകൾ മിന്നിമറയുന്ന ശബ്ദം മാത്രം.

അങ്ങനെ നാളുകൾ പലതായി. ബീരാവുവിന്റെ കുടുംബം സ്മരണകളിൽ നിന്നുപോലും മാഞ്ഞുപോയി. വീണ്ടും കിളികൾ ചിലച്ചു പറന്നു. പാല പൂത്തു. പറങ്കിമാങ്ങ പിടിച്ചു. പറങ്കിമാവിൻ ശാഖകളിൽ നിലാവുള്ള രാവുകളിൽ വാതായനത്തിലൂടെ രാമചന്ദ്രൻ നോക്കാറുണ്ട്. ഊഞ്ഞാലിനു പകരം അവൻ ആ കൊമ്പുകളിൽ ഇരിയാറുണ്ട്. അതോർത്തപ്പോൾ അവനു കിക്കിളിതോന്നി.

ബാല്യചാപല്യങ്ങൾ.

അതിനുമപ്പുറത്ത് പുതുതായി കെട്ടിയ പുരയിടത്തിന്റെ സ്ഥാനത്തായിരുന്നു ജമീലയുടെ വീട്. പിത്തക്കാടി! അവളെ അങ്ങനെ വിളിക്കുന്നതെന്താണെന്നവൻ ആലോചിച്ചുനോക്കി. അറിഞ്ഞുകൂടാ. അങ്ങനെ രാവു മുഴുവൻ നിലാവുള്ള ദിവസങ്ങളും പലതും കടന്നുപോയി.

ഒരു ദിവസം രാമചന്ദ്രൻ പിത്തക്കാടി ജമീലയെക്കണ്ടു. അവനാദ്യം മനസ്സിലായില്ല. അവളറിഞ്ഞു. അവൾ പഴയ പിത്തക്കാടിയല്ല.

ജമീല ബീവി!

കാലം അവളെ ഒരു സുന്ദരിയാക്കിയിരുന്നു. മിനുമിനുപ്പുള്ള മുഖവും കൊഴുത്തു തടിച്ച അവയവങ്ങളുമുള്ള ഒരു സുന്ദരി. രാമചന്ദ്രൻ ആ മുഖത്തു നോക്കിയപ്പോൾ അവൾക്കു നാണം വന്നു. അവനു അത്ഭുതം തോന്നി.

അവളുടെ ബാപ്പ മരണമടഞ്ഞിരുന്നു. പക്ഷേ, അയാൾ പ്രതീക്ഷിച്ചതു സാധിച്ചു. ജമീല ഉദ്യോഗസ്ഥയാണ്. സ്ഥലത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപിക. ജമീലാ മിസ്ട്രസ്സിനെ നാട്ടുകാർ കണ്ടു. പക്ഷേ ആ പഴയ പിത്തക്കാടി ജമീലയെ കണ്ടില്ല. ആ പഴയ പിത്തക്കാടി വിസ്മൃതമായിരുന്നു. അവൾ രാമചന്ദ്രന്റെ അരികിലൂടെ പോകുന്നതു അവൻ പലവുരു കണ്ടു. തലയിൽ തട്ടവും വലിച്ചിട്ട് ഇപ്പോഴും ... കൂടെ അവൾ പാറക്കടവിലെ സ്കൂളിലേക്കു പോകും. അവൾ രാമചന്ദ്രനെ ഇപ്പോൾ കാണാറുണ്ട്. അവനും ഇപ്പോൾ ഒരു ചെറുക്കനല്ല. അംഗങ്ങൾക്കു ബലവും ദൃഢതയും വന്ന ഒരു പുരുഷൻ. അഴകാർന്ന ഒരു മേൽമീശയും. അവളെ കാണാനായി അവൻ വഴിയരികിൽ നിൽക്കാറുണ്ട്. അവ

ളുടെ കണ്ണുകൾ തമ്മിലിടയുമ്പോൾ പഴയ പരിതകൊടി അവളുടെ മുഖത്തെവിടെയോ മങ്ങിമാറുന്നതായി രാമചന്ദ്രനു തോന്നാറുണ്ട്. പാറുക്കുട്ടിയമ്മസ്സാറിനെ അവൻ നൂറു കണക്കിനു ശപിക്കാറുണ്ട്. ഒരു ദിവസം പാറുക്കുട്ടിയമ്മസ്സാറിനെ കണ്ടില്ല. ജമീല തനിച്ചു പോകുമ്പോൾ വഴിയരികിൽ നിന്ന ചന്ദ്രൻ ചോദിച്ചു. "ഒരു പറങ്കിമാങ്ങ പറിച്ചു തരട്ടേ?

പുറകെ വന്ന ചില വിദ്യാർത്ഥികൾ ഇതു കേട്ടു. മിസ്"റാ"റസ്" ക്ലാസ്സിൽ വന്നപ്പോൾ ഒരു കുസൃതിച്ചെറുക്കൻ പതുക്കെ പറഞ്ഞു.

'പറങ്കിമാങ്ങ.'

'പറങ്കിമാങ്ങ വേണോടാ?— വെറുതെ തരാം....'

മിസ്"റാ"റസ്" അതു കേട്ടതായി നടിച്ചില്ല.

ജമീല മിസ്"റാ"റസ്" എല്ലാവരുടെയും ഒരു സംഭാഷണവിഷയമായി. മാത്രമല്ല രാമചന്ദ്രൻ ജമീലയുടെ കാമുകനാണത്രേ! ഈ പ്രണയ വർത്തമാനം ഒരു കോളിളക്കമുണ്ടാക്കി.

'നാടകക്കാരിടെ ആട്ടം' ആ വലിയ വീട്ടിലെ അമ്മൂമ്മ പറഞ്ഞു. ജമീലാ മിസ്"റാ"റസ്സിന്റെ ഉമ്മ വിവരം അറിഞ്ഞു. അവർ പറഞ്ഞു: പെണ്ണേ, നീയെന്നെ കെടത്തിപ്പൊറുപ്പിക്കൂല്ലേ? ഈ കാഫ്രിച്ചികളെക്കൊണ്ട് എന്നെ ഇങ്ങനെ പറേപ്പിക്കണ?'

'ചുമ്മതിരി ഉമ്മാ' അവൾക്കതേ പറയാനുണ്ടായിരുന്നുള്ളൂ.

രാമചന്ദ്രൻ മതം മാറാൻ പോകുന്നെന്ന ഒരു വാർത്ത പ്രചരിച്ചു. ഒരു കരപ്രമാണി അമ്പലത്തിൽ വച്ചു പരസ്യമായി പറയുകയും ചെയ്തു. മുണ്ടോളിലെ ഇക്കാവമ്മ പറഞ്ഞതു ജമീല മതം മാറാൻ പോകുന്നുവെന്നാണ്. അവൾ ഹിന്ദുവായി അംബുജം എന്ന പേർ സ്വീകരിച്ചുവെന്നുകൂടി അവർ ഒരു കല്യാണവീട്ടിൽ പറഞ്ഞു.

അവിടെ കറിസ്സുരിഞ്ഞുകൊണ്ടിരുന്ന വലിയ വീട്ടിലെ അമ്മൂമ്മ പറഞ്ഞു 'ശവങ്ങൾ'. അവരേയും ആ മുളകിനേയും ചുടണം. എന്റെ ഗുരുവായൂരപ്പാ, ഇതൊക്കെ കാണാനും കേൾക്കാനും ഇടവന്നല്ലോ? മേത്തച്ചിപ്പെണ്ണു കേറിക്കേറി അതുസ്സുരയേ?........'

ഇക്കാവമ്മ പറഞ്ഞു. 'അവനെന്തിനാ ആതിന്റെ ആവശ്യം.' അവനാ മേത്തച്ചീടെ മോളേ കിട്ട്വോ? ...വളടെ ഒരു തന്റേടം. സാരീം, ബ്ലൗസും, കണ്ണടേം, കമ്മലും, ലിപ്സ്റ്റിക്കും, പൗഡറും, ചെരുപ്പും ഒന്നുമില്ലാതെ പറ്റൂല്ലാന്നേ.

ഇതറിഞ്ഞ 'പുത്തിപ്പാത്തുമ്മ' അത്താഴവും അവരുടെ പ്രതിഷേധം പ്രകടിപ്പിക്കാതിരുന്നില്ല. "നോക്കണേ കാലത്തിന്റെ പോക്ക്. ബീട്ടിലിരിക്കേണ്ട ബുദ്ധിക്കായ പെണ്ണ്ങ്ങള് ശുദ്ധചികള്ടെക്കൂട്ട സാരീം, ബ്ലൗസും ഒക്കെ ഇട്ട് എന്നിട്ടൊപ്പാ ശുദ്ധനെ കെട്ടാൻ പോണന്നേ!"

മേപ്പൽ ജമീലാമിസ്"റാ"റസ്സിന്റെ കൂടി നടക്കരുതെന്ന പാറുക്കുട്ടിയമ്മയെ അവരുടെ ഭർത്താവു താക്കീതു ചെയ്തു. ജമീല ഭയപ്പെട്ടില്ല. നാട്ടുകാർ പലതും പറയും, അവളുടെ ബാപ്പയും അതുതന്നെ പറഞ്ഞിരുന്നു.

ഇതൊന്നും അറിയാതെയാണ് അവൾക്കൊരു വിവാഹാലോചന വന്നത്. വലിയ സ്ത്രീധനമൊന്നും വേണ്ട. മിക്കവാറും നിശ്ചയിച്ചതായിരുന്നു. അപ്പോഴാണ് വരന്റെ ആളുകളറിയുന്നതു അവൾ പള്ളിക്കൂടത്തിൽ പഠിപ്പിക്കാൻ പോകുന്ന ഒരു തന്റേടിയാണത്രേ! സാരിയും ബ്ലൗസുമാണ് ധരിക്കുന്നത്. കാതുകുത്തി അലിക്കത്തിട്ടിട്ടില്ല. ആ വിവാഹാലോചന അങ്ങനെ അലസിപ്പിരിഞ്ഞു. ജമീലമിസ്"റാ"റസ്സിനു അപ്പോഴാണ് കാതുകളുടെ ഗൗരവം മനസ്സിലായത്. നാട്ടുകാർ കുഴപ്പമുണ്ടാക്കിയിരിക്കുന്നു. പൊതുജനം!

പുഴയിലെ കലക്കവെള്ളത്തിൽ കുളിച്ചു കയറി മുടിയുണക്കി വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ ജമീല ചിന്തിച്ചു. താൻ തന്റേടിയാണോ? ആയിരിക്കാം. ഉമ്മ അതിൽ സങ്കടപ്പെടുന്നു. പാവം!

ഒരുതുള്ളി കണ്ണുനീരുൺ പെരുവിരലിന്റെ മുകളിൽ വീണു. ആ കണ്ണീർത്തുള്ളി അങ്ങനെ തളംകെട്ടി നിൽക്കുന്നു. താൻ ആകെക്കൂടി ആ കണ്ണുനീർത്തുള്ളിക്കകത്ത് ഉരുണ്ടുകൂടി നിൽക്കയാണെന്നു അവൾക്കുതോന്നി. അവൾ കരഞ്ഞു നിന്നു.

താൻ യൗവനമുറ്റി നിൽക്കുന്ന ഒരു മുസ്"ലിംപെണ്ണാണ്. ഒരു മുസ്"ലിംപെൺ



കുട്ടിക്ക് ഇനിയും നിക്കാഹ് കഴിയേണ്ടതാണ്. ഒരാലോചന വന്നതും അലസിപ്പിരിഞ്ഞിരിക്കുന്നു.

നിറഞ്ഞ കണ്ണുകളോടെ അവൾ തലയുയർത്തി. രാമചന്ദ്രൻ മുമ്പിൽ നിൽക്കുന്നു. എന്തോ പറയുവാനവൾ കഴിഞ്ഞില്ല. ചില ശബ്ദങ്ങൾ മാത്രമേ പുറത്തു വന്നുള്ളു. രാമചന്ദ്രൻ പതുക്കെ ചോദിച്ചു. 'ജമീല എന്താ കരയുകയാണോ'?

"ഇല്ല."

"ഞാൻ കണ്ടല്ലോ."

"മനഃപൂർവ്വം കരഞ്ഞതല്ല."

"പിന്നെ?"

'കരഞ്ഞുപോയി.'

'കാരണം?'

"അതിനുത്തരം നിങ്ങൾ തന്നെ" എന്നവൾ പറഞ്ഞു. അതു പറയണമെന്നു തോന്നിയതല്ല. കണ്ണുംവരെ മറ്റെന്തോ വന്നപ്പോഴേയ്ക്കും നാവു വഴങ്ങിയതങ്ങിനെയാണ്.

'ഞാനോ?....എങ്ങനെ? നീ ചിന്തിക്കാൻ ശക്തിയുള്ളവളല്ലേ, ജമീലേ?'

'തന്നെ. പക്ഷേ എല്ലാവർക്കുമതില്ല. ഞാൻമാത്രം ചിന്തിച്ചിട്ടെന്തു ഫലം? ചന്ദ്രൻ— ഞാൻ പോകുന്നു........'

"ഞാൻ..........."

'ഇവിടെ നിൽക്കൂ..............'

ചന്ദ്രൻ തിരിഞ്ഞുനോക്കി. ഇപ്പോൾ പുഴ ഇഴയുന്നപോലെയല്ല. ഒരു പൂമ്പാറ്റ തത്തിപ്പറക്കുന്നതുപോലെയാണ്. ആ നനഞ്ഞ നനുത്ത വസ്ത്രങ്ങൾ അവൾ നടക്കുമ്പോൾ ബഹളം സൃഷ്ടിക്കുന്നു.

ജമീലയ്ക്കു വീണ്ടും ഒരു വിവാഹാലോചന വന്നു. ഒരു വലിയ കച്ചവടക്കാരൻ. നാല്പതിലേറെ വയസ്സ് പ്രായമുണ്ട്. പക്ഷേ അത്രയും തോന്നുകയില്ല.

വിവാഹം തീർച്ചപ്പെടുത്തി. എന്നാൽ അതിനു തലേദിവസം മറ്റൊരു സംഭവം നടന്നു. ജമീല ഉദ്യോഗം രാജിവച്ചു.

കല്യാണവീട്ടിലെ ആഘോഷങ്ങൾ ശ്രവിച്ചുകൊണ്ടു രാമചന്ദ്രൻ ആ ചാഞ്ഞുവീണ പറങ്കിമാവിൻകൊമ്പിലിരുന്നു. ഒരു ചുമന്നു കൊഴുത്ത പറങ്കിമാങ്ങ അതാ കൈയെത്താത്തദൂരത്തിൽ കിടക്കുന്നു—അതു അകലുന്നതു പോലെ രാമചന്ദ്രനു തോന്നി.

---

യാത്രാസ്മരണകൾ

## "പുഴ കമ്പിക്കാലുകളിലേക്കു പിടിച്ചുകയറുന്നു"

ആർ. രാധാകൃഷ്ണൻ നായർ, സീനിയർ ബി. എസ്സ് സി.

അങ്ങനെയുമുണ്ടോ എന്ന്? ഉണ്ട്. അതാണ് പെരിങ്ങൽക്കുത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ചാലക്കുടിയിൽ നിന്നും ഇരുപത്തിയേഴു മൈൽ കിഴക്കുള്ള പെരിങ്ങൽക്കുത്തിൽ തികച്ചും പ്രകൃതിശക്തിയെ മാത്രം ഉപയോഗിച്ചു ഒരു ഹൈഡ്രോ ഇലക്ട്രിക് പദ്ധതി രൂപം കൊള്ളുകയാണ്. കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ നമ്മുടെ സംസ്ഥാനഗവണ്മെന്റ ആ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നു. പള്ളിവാസലിൽ നമുക്കൊരു വൈദ്യുതോല്പാദന കേന്ദ്രം ഉണ്ടല്ലോ. അവിടെ പെരിയാറിലെ വെള്ളം കൃത്രിമമായികൊണ്ടുപോയി ഒരു ലെവൽ വ്യത്യാസം ഉണ്ടാക്കിയാണ് വൈദ്യുതി ജനിപ്പിക്കുന്നത്. അതേ സമയം ഇവിടെ പ്രകൃതി തന്നെ കനിഞ്ഞനുഗ്രഹിച്ചു ചാലക്കുടിയാറിനു ഒരു താഴ്ച ഉണ്ടായിട്ടുള്ളതിനെയാണ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ ഉപയോഗിക്കുന്നത്. പെരിങ്ങൽക്കുത്തിലേക്കൊരു യാത്ര ഉല്ലാസവും പ്രകൃതിയുടെ ഗാംഭീര്യത്തെ

# EINSTEIN




By Matthew K. Ninan
Class III Physics

